2026 JULY 14

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 3[illegible]4 4907; [illegible]7 662 1122




# വിശ്വാസദീപ്തി നിറവിൽ രൂപത ജൂബിലി

## ഷിക്കാഗോയിൽ കേരളം പുനർജനിച്ചു




MALABAR
GOLD & DIAMONDS
NOW OPEN
IN
SANTA
CLARA
Town Centre
2046 El Camino Real,
Santa Clara, CA, 95050

# സീറോ മലബാർ ജൂബിലി കൺവൻഷൻ ആത്മീയ സംഗമമായി;

## ആത്മീയ ചൈതന്യവും യുവസംരംഭകത്വവും ഒത്തുചേർന്ന മൂന്നാം ദിനം



മാർട്ടിൻ വിലങ്ങോലിൽ

ഷിക്കാഗോ: പ്രവാസി മലയാളി ക്രൈസ്തവ സമൂഹത്തിന്റെ ആത്മീയ കൂട്ടായ്മയും സഭാത്മക ഐക്യവും വിളിച്ചോതി സിറോ മലബാർ സഭയുടെ ദേശീയ കൺവെൻഷൻ മക്കോർമിക് പ്ലേസിൽ മൂന്നാം ദിവസവും പ്രൗഢഗംഭീരമായി. നാല് ദിവസം നീണ്ടുനിന്ന കൺവെൻഷൻ ഞായറാഴ്ച നടന്ന ഭക്തിസാന്ദ്രമായ സമാപന വിശുദ്ധ കുർബാനയോടെയാണ് ഔദ്യോഗികമായി അവസാനിച്ചത്.

കൺവെൻഷന്റെ പ്രധാന ആകർഷണമായിരുന്ന ബാങ്ക്വറ്റ് ഡിന്നറും ജൂബിലി സമാപന പൊതുസമ്മേളനവും മൂന്നാം ദിനം ശനിയാഴ്ച രാത്രിയിൽ പ്രൗഢിയോടെ നടന്നു. പ്രായഭേദമന്യേ ആയിരക്കണക്കിന് വിശ്വാസികളാണ് കൺവെൻഷന്റെ വിവിധ സെഷനുകളിൽ പങ്കെടുത്തത്.

### വിശുദ്ധ കുർബാനയും ആത്മീയ ശുശ്രൂഷകളും:

ശനിയാഴ്ച്ച നടന്ന വിശുദ്ധ കുർബാനയ്ക്ക് കർദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട് മുഖ്യകാർമ്മികത്വം വഹിച്ചു. പ്രവാസി സമൂഹത്തിന്റെ ആത്മീയ വളർച്ചയെയും സഭയോടുള്ള വിശ്വസ്തതയെയും കുറിച്ച് അദ്ദേഹം വചനസന്ദേശം നൽകി.






വചനപ്രഘോഷകൻ റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ നയിച്ച 'വിശ്വാസത്തോടെ മുന്നോട്ട്' – Walk By Faith, Not By Sight എന്ന പ്രത്യേക പ്രഭാഷണം വിശ്വാസികൾക്ക് വലിയ ആത്മീയ ഉണർവാണ് സമ്മാനിച്ചത്. ദിവസത്തിലുടനീളം വചന ആരാധനയ്ക്കായി പ്രത്യേക ക്രമീകരണങ്ങളും ഒരുക്കിയിരുന്നു.

'വിവാഹജീവിതവും കുടുംബഭദ്രതയും': ഫാ. ജോസഫ് പുത്തൻപുരയ്ക്കലിന്റെ പ്രഭാഷണം

കൺവെൻഷനിലെ ഏറ്റവും ജനശ്രദ്ധയാകർഷിച്ച സെഷനുകളിൽ ഒന്നായിരുന്നു. പ്രശസ്ത വചനപ്രഘോഷകൻ റവ. ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ നയിച്ച 'More Than Vows: Building a Marriage That Truly Thrives' എന്ന പ്രത്യേക ക്ലാസ്സ് അദ്ദേഹത്തിന്റെ തനതായ ഹാസ്യശൈലിയിലൂടെ വേറിട്ടതായി. അനുഭവസാക്ഷ്യങ്ങളിലൂടെയും കുടുംബജീവിതത്തിന്റെ പവിത്രതയെക്കുറിച്ചും, മാറിയ കാലഘട്ടത്തിൽ ദാമ്പത്യബന്ധങ്ങൾ എങ്ങനെ ഊഷ്മളമായി നിലനിർത്താമെന്നും അദ്ദേഹം വിശദീകരിച്ചു. പ്രായഭേദമന്യേ വൻ ജനപങ്കാളിത്തമാണ് ഈ സെഷനിൽ ഉണ്ടായത്.

**'ഏജിങ് വിത്ത് ഗ്രേസ്': മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ പ്രഭാഷണം**

മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ നയിച്ച 'ഏജിങ് വിത്ത് ഗ്രേസ്' എന്ന പ്രത്യേക സമ്മേളനവും ഏറെ ശ്രദ്ധേയമായി.

വാർദ്ധക്യ സഹജമായ വെല്ലുവിളികളെ വിശ്വാസത്തിലും പ്രത്യാശയിലും എങ്ങനെ നേരിടാമെന്നും കുടുംബങ്ങളിൽ മുതിർന്ന തലമുറയുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിലൂടെ ഓർമ്മിപ്പിച്ചു. തനതായ ശൈലിയിലുള്ള അദ്ദേഹത്തിന്റെ വാക്കുകൾ പ്രായമായവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഒരുപോലെ വഴികാട്ടിയായി മാറി.

**കമ്മ്യൂണിറ്റി എംപവർമെന്റ്; എസ് എം.സി.സി സെമിനാർ:**

പ്രവാസി സമൂഹത്തിന്റെ സാമാജികവും സഭാപരവുമായ വളർച്ച ലക്ഷ്യമാക്കി നടന്ന എസ്.എം.സി.സി (SMCC) പ്രത്യേക സെമിനാറിന് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യപ്രഭാഷണം നൽകി. പാലാ രൂപതാ പ്രോട്ടോസിൻസെല്ലൂസ് റവ. മോൺ. ഡോ. ജോസഫ് തടത്തിലും സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു. പ്രവാസി മലയാളികൾ പുതിയ നാടുകളിൽ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും യുവതലമുറയെ സഭയോട് ചേർത്തു നിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ച ചെയ്ത സമ്മേളനത്തിൽ ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ടും സജീവ സാന്നിധ്യമായിരുന്നു.

**കാരുണ്യത്തിന്റെ പാതയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി**

സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തുപകരാൻ ലക്ഷ്യമിട്ട് നടന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സമ്മേളനത്തിന് മിസ്സിസാഗാ ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ നേതൃത്വം നൽകി. ലളിത ജീവിതത്തിലൂടെയും സൽപ്രവൃത്തി











കളിലൂടെയും സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെ സഹായിക്കാൻ വിശ്വാസികൾ മുന്നോട്ടുവരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. പ്രവാസ ലോകത്തും കാരുണ്യ പ്രവർത്തനങ്ങൾ എങ്ങനെ കൂടുതൽ കാര്യക്ഷമമാക്കാം എന്നതിനെക്കുറിച്ചുള്ള ചർച്ചകൾക്ക് അദ്ദേഹം നേതൃത്വം നൽകി.

**യുവതലമുറയ്ക്കായി ഡി.വൈ.എ സമ്മേളനം**

യുവജനങ്ങൾക്കായി രൂപീകരിച്ച ഡയോസിഷൻ യൂത്ത് അസോസിയേഷന്റെ (DYA) പ്രത്യേക സമ്മേളനത്തിലും മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ മുഖ്യ പ്രഭാഷകനായി എത്തി. യുവതലമുറയ്ക്ക് സഭയിലും സമൂഹത്തിലുമുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവരുടെ വ്യക്തിത്വ വികസനത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. തുടർന്ന് ഹൈസ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ഡോഡ്ജ്ബോൾ ടൂർണമെന്റും കരിയർ-മാനസികാരോഗ്യ സെമിനാറുകളും കൺവെൻഷന്റെ ഭാഗമായി നടന്നു.

**സീറോ ബിസിനസ് കണക്റ്റും ഷാർക്ക് ടാങ്കും**

കൺവെൻഷനിൽ വലിയ ജനശ്രദ്ധയാകർഷിച്ച മറ്റൊരു പ്രധാന വേദി 'സീറോ ബിസിനസ് കണക്റ്റ്' സമ്മേളനമായിരുന്നു. ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ച

ചടങ്ങിൽ വ്യവസായ പ്രമുഖരായ റോബിൻ അലക്സ്, ചെറിയാൻ തോമസ്, ജോസി ആഞ്ഞിലിവേലിൽ എന്നിവർ പങ്കെടുത്ത ടോക്ക് ഷോ നടന്നു.

**പ്രൗഢഗംഭീരമായ ജൂബിലി സമാപനവും ഗാലാ ബാങ്കറ്റും**

സമാപനത്തോടനുബന്ധിച്ച് നടന്ന പ്രൗഢഗംഭീരമായ ഗാലാ ബാങ്കറ്റിൽ കൺവെൻഷൻ ചെയർമാൻ ബിജി സി. മണിയുടെ സ്വാഗതം ആശംസിച്ചു. ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് അധ്യക്ഷത വഹിച്ചു.



മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ബെൽവുഡ് മേയർ ആൻഡ്രേ ഹാർവി ഉൾപ്പെടെയുള്ള പ്രമുഖർ ആശംസകൾ നേർന്നു.

വോളന്റിയർമാർക്കും സ്പോൺസർമാർക്കുമുള്ള ആദരവും ഇതോടൊപ്പം നടന്നു. തുടർന്ന് അരങ്ങേറിയ 'എത്നിക് എലഗൻസ്' കലാസന്ധ്യയും മലബാർ നൈറ്റ് സെലിബ്രിറ്റി പെർഫോമൻസും ചടങ്ങുകൾക്ക് മാറ്റ് കൂട്ടി.

കൺവെൻഷൻ സുവനീർ കവർ പേജ് പ്രകാശനം മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിലും ബിഷപ്പ് മാർ ജോയ് ആലപ്പാട്ടും ചേർന്ന് നിർവഹിച്ചു.




കൺവെൻഷൻ ഫിനാൻസ് ചെയർമാൻ ആൻഡ്രൂ തോമസ് നന്ദി രേഖപ്പെടുത്തി. ഞായറാഴ്ച രാവിലെ നടന്ന ഭക്തിനിർഭരമായ സമാപന ദിവ്യബലിയോടെ പ്രവാസി മലയാളികളുടെ ചരിത്രത്തിലെ ഈ വലിയ ആത്മീയ സംഗമത്തിന് മംഗളകരമായ തിരശ്ശീല വീണു.


BAR JUBILEE
TION 2026


ABAR JUBILEE
TION 2026
HICAGO


ABAR JUBILEE
TION 2026
ICAGO











SYRO MALABAR JUBILEE CONVENTION




TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# യുവകുടുംബങ്ങൾക്കും വിശ്വാസപരിശീലനത്തിനും യുവജന ശുശ്രൂഷയ്ക്കും മുൻഗണന;

## രജതജൂബിലി സമ്മേളനത്തിൽ ഭാവി ദർശനം അവതരിപ്പിച്ച് ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്



ഷിക്കാഗോ: അമേരിക്കയിലെ സീറോ-മലബാർ സഭയുടെ 25 വർഷത്തെ വളർച്ചയ്ക്ക് ദൈവത്തോട് നന്ദി പറയുന്നതിനൊപ്പം, അടുത്ത കാലഘട്ടത്തിലെ ശുശ്രൂഷാ ദൗത്യങ്ങൾക്ക് സഭ പുതുക്കിയ പ്രതിജ്ഞയെടുക്കണമെന്നും ഷിക്കാഗോ സീറോ-മലബാർ രൂപതാധ്യക്ഷൻ ബിഷപ്പ് ജോയ് ആലപ്പാട്ട് ആഹ്വാനം ചെയ്തു. രൂപത രജതജൂബിലി കൺവൻഷന്റെ സമാപന സമ്മേളനത്തിൽ ആമുഖ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

2001-ൽ ഇന്ത്യയ്ക്ക് പുറത്തുള്ള ആദ്യ സീറോ-മലബാർ രൂപതയായി ഷിക്കാഗോ രൂപത സ്ഥാപിതമായപ്പോൾ ഏതാനും കുടുംബങ്ങളും മിഷനുകളുമായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് അമേരിക്കയിലുടനീളം 54 ഇടവകകളും 33 മിഷനുകളും ഉൾപ്പെടുന്ന ശക്തമായ ശൃംഖലയായി അത് വളർന്നുവെന്നും, വിശ്വാസികളുടെ എണ്ണം 85,000-ത്തിലധികമായി ഉയർന്നിട്ടുണ്ടെന്നും ബിഷപ്പ് ചൂണ്ടിക്കാട്ടി. രൂപതയ്ക്ക് സുതാര്യവും ഉത്തരവാദിത്തപരവുമായ ഭരണസംവിധാനവും വിവിധ കമ്മീഷനുകളും ശുശ്രൂഷാ വിഭാഗങ്ങളും ശക്തമായ ഭരണഘടനയും രൂപപ്പെടുത്താൻ കഴിഞ്ഞത് കഴിഞ്ഞ 25 വർഷത്തെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണെന്നും അദ്ദേഹം പറഞ്ഞു.

രൂപതയിലെ 25,000 സീറോ-മലബാർ കുടുംബങ്ങളിൽ 70 ശതമാനത്തിലേറെയും യുവകുടുംബങ്ങളാണെന്നത് സഭയുടെ ഭാവി ശുശ്രൂഷയുടെ പ്രധാന ശ്രദ്ധാകേന്ദ്രമാകണമെന്ന് അദ്ദേഹം വ്യക്തമാക്കി.







കുടുംബപ്രാർഥനയും വിശുദ്ധ ബൈബിൾ വായനയും ദിവ്യബലിയിലും ആരാധനയിലും കുമ്പസാരത്തിലും സജീവ പങ്കാളിത്തവും കൂടുതൽ ശക്തിപ്പെടുത്തണം.

പുതിയ ദമ്പതികൾക്കായി വിവാഹാനന്തര പരിശീലനവും കുടുംബസംഗമങ്ങളും ധ്യാനങ്ങളും വിശ്വാസപരിശീലന പരിപാടികളും വ്യാപിപ്പിക്കണമെന്നും, മാതാപിതാക്കൾ കുട്ടികളുടെ ആദ്യ വിശ്വാസാധ്യാപകരാണെന്ന ബോധ്യം ശക്തിപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. കുടുംബങ്ങളിൽ പരസ്പര ബഹുമാനവും ഐക്യവും വളർത്തുന്നതിനൊപ്പം പ്രതിസന്ധി നേരിടുന്ന കുടുംബങ്ങൾക്ക് കൗൺസിലിംഗും ആത്മീയ പിന്തുണയും ഉറപ്പാക്കണം.

2001-ൽ ഏകദേശം 1,000 കുട്ടികളുണ്ടായിരുന്ന സൺഡേ സ്കൂൾ ഇന്ന് 10,600 വിദ്യാർഥികളിലേക്കും 2,500-ലധികം സന്നദ്ധ അധ്യാപകരിലേക്കും വളർന്നതായി ബിഷപ്പ് ചൂണ്ടിക്കാട്ടി. പ്രീ-കിൻഡർഗാർട്ടൻ മുതൽ പ്ലസ് ടു വരെയുള്ള സമഗ്രമായ മതബോധന പരിപാടികളും അമേരിക്കയ്ക്കായി പ്രത്യേകം തയ്യാറാക്കിയ സീറോ-മലബാർ കാറ്റക്കിസം പാഠപുസ്തകവും രൂപതയുടെ ശ്രദ്ധേയമായ നേട്ടങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

യുവജന ശുശ്രൂഷയ്ക്ക് എല്ലാ ഇടവകകളും ഏറ്റവും ഉയർന്ന പ്രാധാന്യം നൽകണം. യുവാക്കളെ സൺഡേ സ്കൂൾ അധ്യാപകരായും ഗായകസംഘാംഗങ്ങളായും അൾത്താര ശുശ്രൂഷകരായും

ഇടവക കൗൺസിൽ അംഗങ്ങളായും വിവിധ നേതൃത്വ ചുമതലകളിലേക്കും കൂടുതൽ ഉൾപ്പെടുത്തേണ്ടതുണ്ട്

വൈദിക-സന്യാസ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതും സഭയുടെ അടിയന്തര ദൗത്യമാണെന്ന് ബിഷപ്പ് പറഞ്ഞു. നിലവിൽ രൂപതയിൽ നിന്നുള്ള 10 വൈദികരും ഏഴ് സെമിനാരിക്കാരും ശുശ്രൂഷയിലോ പരിശീലനത്തിലോ ഉണ്ടെന്നും, ഭാവിയിൽ കൂടുതൽ ദൈവവിളികൾ ഉണ്ടാകാൻ കുടുംബങ്ങൾ ആത്മീയ അന്തരീക്ഷം സൃഷ്ടിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

രണ്ടാം-മൂന്നാം തലമുറ വിശ്വാസികളെ സഭയോട് കൂടുതൽ അടുപ്പിക്കുന്നതിനായി, സാധ്യമായിടത്തെല്ലാം യുവജനങ്ങൾക്കായി ഇംഗ്ലീഷിൽ കുറഞ്ഞത് ഒരു ദിവ്യബലിയെങ്കിലും എല്ലാ ഇടവകകളിലും ക്രമീകരിക്കണമെന്നും, അതേസമയം സീറോ-മലബാർ ആരാധനാപാരമ്പര്യം സംരക്ഷിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ഓരോ ഇടവകയും സ്വന്തം പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങാതെ പുതിയ മിഷനുകൾക്ക് സാമ്പത്തികമായും ആത്മീയമായും പിന്തുണ നൽകണമെന്നും, കൺവൻഷനിൽ ആരംഭിച്ച 'ജീവജ്യോതി' മിഷനറി പ്രസ്ഥാനത്തിന് എല്ലാവരും പിന്തുണ നൽകണമെന്നും ബിഷപ്പ് അഭ്യർഥിച്ചു.

ഭാവി പദ്ധതികൾ വിശദീകരിച്ച ബിഷപ്പ്, രൂപതയുടെ വിവിധ ശുശ്രൂഷകളെ ഏകോപിപ്പിക്കുന്ന പാസ്റ്ററൽ സെന്റർ സ്ഥാപിക്കുക, വൈദിക പരിശീലനത്തിനായി സെമിനാരി ആരംഭിക്കുക, വൈദികർക്കായി കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പാക്കുക, ഇടവകകളോട് ചേർന്ന് വിരമിച്ച വൈദികർക്കും മുതിർന്നവർക്കുമായി റിട്ടയർമെന്റ് ഹോമുകൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികളും പ്രഖ്യാപിച്ചു.

'യുവജനങ്ങളും യുവകുടുംബങ്ങളുമാണ് നമ്മുടെ ഏറ്റവും വലിയ പ്രതീക്ഷ. രണ്ടാം, മൂന്നാം തലമുറയെ വിശ്വാസത്തിൽ ഉറപ്പിക്കുകയും സീറോ-മലബാർ പാരമ്പര്യം ഇംഗ്ലീഷിലൂടെയും മലയാളത്തിലൂടെയും കൈമാറുകയും ചെയ്യേണ്ടത് അടുത്ത 25 വർഷത്തെ പ്രധാന ദൗത്യമാണ്. എല്ലാ കുടുംബങ്ങളും വിശ്വാസവും കൂട്ടായ്മയും മിഷൻ ബോധവും അനുഭവിക്കുന്ന സജീവ ഇടവക സമൂഹങ്ങൾ കെട്ടിപ്പടുക്കണം,' എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് ബിഷപ്പ് ജോയ് ആലപ്പാട്ട് തന്റെ സമാപന സന്ദേശം അവസാനിപ്പിച്ചത്.

നേരത്തെ സീറോ മൾബറി കത്തോലിക്കാ കോൺഗ്രസ് സമ്മേളനത്തിൽ അദ്ദേഹം കേരളത്തിലെ സഭയും അമേരിക്കയിലെ സഭയും തമ്മിലുള്ള വ്യത്യാസവും ചൂണ്ടിക്കാട്ടി. കേരളത്തിൽ വൈദികരെ കേന്ദ്രീകരിച്ചു സഭ മുന്നോട്ടു പോകുമ്പോൾ ഇവിടെ അത് അത്മായരെ കേന്ദ്രീകരിച്ചാണ്. ഒരു മില്യൺ വരവുള്ള കത്തീഡ്രലിൽ രണ്ടു വൈദികർക്കും മറ്റൊരാൾക്കും മാത്രമാണ് ശമ്പളം. ബാക്കി എല്ലാവരും സന്നദ്ധ സേവനം നടത്തുന്നു. എന്നാൽ അമേരിക്കയിലെ ചെറിയ പള്ളിയിൽ പോലും 15 ശമ്പളക്കാരെങ്കിലും കാണും.

നമുക്ക് സ്വന്തമായി സ്കൂളോ ആശുപതിയോ ഇല്ല. അതൊരു കുറവായി തോന്നിയിട്ടില്ല. ഈ രാജ്യത്ത് എൽ സംവിധാനങ്ങളും ഉണ്ട്-അദ്ദേഹം ചൂണ്ടിക്കാട്ടി.




ST. THOMAS SYRO-MALABAR CATHOLIC EPARCHY OF CHICAGO


MALABAR
SILVER
JUBILEE








ST. THOMAS SYRO-MALABAR CATHOLIC EPARCHY OF CHICAGO
SYRO-MALABAR SILVER
Jubilee Convention 2026








MEN
JOHN PAUL 2





MEN
SYRO-MALABAR JUBILEE CONVENTION - 2026
CHICAGO
"Walk by Faith, Not by Sight"
ST JOSEPH'S SYRO-MALABAR CATHOLIC CHURCH
TAMPA, FLORIDA


SYRO MALABAR SILVER JUBILEE CONVENTION - 2026
CHICAGO
Walk by Faith, Not by Sight
MAR THOMA SLEEHA
SYRO-MALABAR
CATHEDRAL CHURCH
CHICAGO




FIRE HOSE
ST. THOMAS SYRO MALABAR
CATHOLIC FORANE CHURCH
810 E, 221 ST. BRONX, NY




ST. THOMAS
SYRO-MALABAR
CATHOLIC CHURCH BOSTON
My Lord, and My God!
41 BROOK ST, FRAMINGHAM, MA - 01701
WEB: WWW.SMCBOSTON.ORG
EMAIL: PARISHOFFICE@SMCBOSTON.ORG
St. Thomas Church,
Framingham,
Boston




ST. THOMAS SYRO MALABAR
CATHOLIC FORANE CHURCH
810 E, 221 ST. BRONX, NY


PSR GROUP
SYRO MALABAR SILVER JUBILEE CONVENTION - 2026
CHICAGO
ST. ALPHONSA CHURCH




Walk by Faith, Not by Sight


ST. THOMAS SYRO-MALABAR CATHOLIC EPARCHY OF CHICAGO
SYRO-MALABAR SILVER
Jubilee Convention 2026








GROUP
GIDY PARACKAL
FOUNDER & CEO
THOMAS SYRO MALABAR
FORANE CHURCH




emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# നിലപാടുകളില്ലാത്ത ക്രിസ്ത്യാനി, ക്രിസ്തുവിന്റെ ദുരന്തമാകും: ഫാ. ജോസഫ് തടത്തിൽ




ഷിക്കാഗോ: ഏത് ഇടവകയുടെയും സംഘടനയുടെയും വിജയത്തിന്റെ അടിസ്ഥാനം കൂട്ടായ പ്രവർത്തനവും പരസ്പര ത്യാഗമനോഭാവവുമാണെന്ന് പാലാ രൂപത വികാരി ജനറൽ ഫാ. ജോസഫ് തടത്തിൽ അഭിപ്രായപ്പെട്ടു. സീറോ മലബാർ കൺവെൻഷനിൽ എസ്.എം.സി.സി.യുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിജയത്തിന് അനേകം പേർ അവകാശവാദം ഉന്നയിക്കുമ്പോൾ പരാജയത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ ആരും മുന്നോട്ട് വരാറില്ലെന്ന ഇംഗ്ലീഷ് പഴമൊഴി ഉദ്ധരിച്ച അദ്ദേഹം, യഥാർത്ഥ സേവകർ പലപ്പോഴും അംഗീകാരം ലഭിക്കാതെ നിശ്ശബ്ദമായി മാറിനിൽക്കുന്ന അവസ്ഥ ഉണ്ടാകുന്നുവെന്ന് ചൂണ്ടിക്കാട്ടി. വ്യക്തിപരമായ അംഗീകാരത്തേക്കാൾ കൂട്ടായ്മയുടെ വിജയമാണ് പ്രധാനമെന്ന് അദ്ദേഹം പറഞ്ഞു.

വലിയ കുടുംബത്തിൽ വളർന്ന അനുഭവം പങ്കുവെച്ച ഫാ. തടത്തിൽ, കുടുംബങ്ങൾ ഒരുമിച്ച് കൂടുന്ന സന്തോഷവും പരസ്പര പിന്തുണയും സമൂഹത്തിന്റെ ഏറ്റവും വലിയ സമ്പത്താണെന്ന് അഭിപ്രായപ്പെട്ടു. ‘നമ്മൾ ഒന്നാണ്‘ എന്ന ബോധമാണ് സംഘടനകളെ ശക്തിപ്പെടുത്തുന്നതെന്നും എസ്.എം.സി.സി. പോലുള്ള സംഘടനകൾ ആ ആത്മാവ് വളർത്തേണ്ടതുണ്ട്.

കുടുംബജീവിതത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ അദ്ദേഹം, കുട്ടികളെ ഉത്തരവാദിത്തത്തോടെയും അഭിമാനത്തോടെയും വളർത്തുക മാതാപിതാക്കളുടെ പ്രധാന കടമയാണ്. കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾ സമൂഹത്തിന്റെ ഭാവിക്ക് കരുത്താകുമെന്നും, കുടുംബത്തെയും സമൂഹത്തെയും സഭയെയും ഒരുപോലെ സംരക്ഷിക്കുന്ന തലമുറ വളർന്നുവരേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വലിയ തോതിലുള്ള കുടിയേറ്റം ലോകമെമ്പാടുമുള്ള ക്രൈസ്തവ സമൂഹങ്ങളുടെ ജനസംഖ്യാപരമായ മാറ്റങ്ങൾക്ക് കാരണമായിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വിദേശത്ത് താമസിക്കുന്നവർ സ്വന്തം വേരുകളുമായും കുടുംബങ്ങളുമായും ബന്ധം നിലനിർത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഓർമ്മിപ്പിച്ചു. സഭയ്ക്കും സമർപ്പിത ജീവിതത്തിനും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് ഓരോ കുടുംബത്തിന്റെയും ഉത്തരവാദിത്തമാണ്.

പ്രസംഗത്തിന്റെ സമാപനത്തിൽ, നിലപാടുകളുള്ള ക്രൈസ്തവജീവിതത്തിന്റെ പ്രാധാന്യം അദ്ദേഹം എടുത്തുപറഞ്ഞു. ആവശ്യമായപ്പോൾ പിന്നോട്ടു നിൽക്കാനും, ആവശ്യമനുസരിച്ചു ധൈര്യത്തോടെ മുന്നോട്ടിറങ്ങാനും കഴിയുന്ന നേതൃത്വമാണ് സഭയ്ക്കും സമൂഹത്തിനും വേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തെ അഭിനന്ദിച്ച അദ്ദേഹം, ഐക്യവും സേവനവുമാണ് സഭയുടെ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതെന്ന് വ്യക്തമാക്കി.

എനിക്ക് ആർക്കും ഒന്നും ചെയ്യാനുമില്ല. ഞങ്ങളുടെ ഇടവക പള്ളികളൊക്കെ പഴയൊരു സ്റ്റൈലാണ്. എനിക്ക് ആരുടേയും സഹായം വേണ്ട ഞാൻ ആർക്കും ഒന്നും ചെയ്യാൻ ഉദ്ദേശിക്കുന്നുമില്ല എന്ന് പറയുന്നവർ ചിന്തിക്കേണ്ടതുണ്ട്. എത്ര പേരുടെ സഹായത്തോടെയാണ് നാം എല്ലാ ദിവസവും ജീവിക്കുന്നത്.

ഒരുമിച്ച് നിൽക്കണമെങ്കിൽ ആരെങ്കിലുമൊക്കെ സ്റ്റെപ്പ് ഡൗൺ ചെയ്യണം. ചില ബുദ്ധിമുട്ടുള്ള പണികളിൽ ആരെങ്കിലും സ്റ്റെപ്പ് ഇൻ ചെയ്യണം. ചിലപ്പോൾ അതിനുവേണ്ടി കഠിനാധ്വാനം ചെയ്ത ചേട്ടനേയോ ചേച്ചിയേയോ ആരും തിരിഞ്ഞുനോക്കില്ലായിരിക്കും. ബൈബിളിൽ പറയുന്നതുപോലെ, പിന്നീടുള്ള ഫറവോ ജോസഫിനെ മറന്നുപോയെന്ന് പറയുന്നതുപോലെ പിന്നീട് ഞങ്ങൾ ചിലരൊക്കെ വരുമ്പോൾ നിങ്ങളാരാണെന്ന് ചിലപ്പോൾ അറിയത്തില്ല എന്ന് വരും. അപ്പോൾ ചിലർക്ക് റെക്കഗ്നിഷൻ കിട്ടിയില്ലെങ്കിൽ ചിലർക്ക് വൂണ്ടഡ് ആകും. ചിലർ സൈലന്റ് ആയി മാറിയിരിക്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്.

ഞാനൊക്കെ ഒരു 11 പിള്ളേരുള്ള വീട്ടിൽ നിന്നാണ്. അതിന്റെ സന്തോഷം വ്യത്യസ്തമാണ്. എസ് എം.സി സിയുടെ പ്രവർത്തനങ്ങൾ ഇത്തരം ഐക്യം വളർത്തുന്നതിൽ മുന്നോട്ടു വരണം.

മക്കളെ വളർത്തുന്നതിൽ നാണക്കേട് ഉണ്ടാകുന്നവരുടെ പേര് അപ്പനും അമ്മയും എന്നല്ല. അഭിമാനപൂർവ്വം മക്കളെ വളർത്താൻ തന്റേടമുള്ള അപ്പന്റെയും അമ്മയുടെയും ചെക്കന്റെയും പെണ്ണിന്റെയും പേരാണ് അപ്പനും അമ്മയും എന്ന്.

നമ്മൾക്കൊക്കെ ഒരു മൂന്ന് നാല് പിള്ളേരെങ്കിലും വേണം. രണ്ട് പേര് അമേരിക്കയ്ക്കോ കാനഡയ്ക്കോ ഒക്കെ പോട്ടെ. ഒരാൾ ഇവിടെ സാമാന്യ ഒരു ജോലി ചെയ്തിട്ട് നമ്മുടെ വീട്ടിൽ വേണം മാതാപിതാക്കന്മാരെ നോക്കി, വിദേശത്തുള്ള സഹോദരങ്ങളുടെ ഒക്കെ ക്ഷേമം അന്വേഷിക്കാൻ. അവരെപ്പോയി സഹായിക്കുകയും ചെയ്യണം. നാലാമത് ഒരാൾ കൂടി വേണമെന്ന് ഞാൻ പറഞ്ഞത് എന്തിനാണെന്നറിയാമോ? ഞങ്ങളുടെ ഈ സിസ്റ്റേഴ്സിന്റെയൊ അച്ചന്മാരുടെയോ വേഷം കെട്ടി വരും തലമുറയിൽ തെണ്ടി നടക്കാൻ ആളു വേണം.

ആൻഡ്രൂസ് പിതാവ് സഹിക്കുന്നതോളം വേറെ ആരും സഹിക്കുന്നുണ്ടോ എന്ന് എനിക്ക് തോന്നുന്നുമില്ല. പക്ഷെ പിതാവിന്റെ ഒരു വലിയ കാര്യം ഞാൻ കണ്ടു, നിലപാടുകളുണ്ട്. നിലപാടുകളില്ലാത്ത ശിഷ്യൻ ഗുരുവിന്റെ ദുരന്തമാണ്. നിലപാടുകളില്ലാത്ത അച്ചനും ക്രിസ്ത്യാനിയും ഈശോ മിശിഹായുടെ ദുരന്തമാണ്.

നിലപാടുകൾ മുറുകെപ്പിടിച്ചുകൊണ്ട് ഈശോ മിശിഹായോടൊപ്പം ചിലപ്പോൾ ഒന്ന് സ്റ്റെപ്പ് ഡൗൺ ചെയ്യാനും എന്നാൽ അത്യാവശ്യമുള്ളപ്പോൾ സ്റ്റെപ്പ് ഇൻ ചെയ്യാനും നിങ്ങൾക്ക് സാധിക്കട്ടെ എന്നുള്ള ആശംസയോടെ ഞാൻ നിർത്തുന്നു.

# ഇങ്ങനെ പോയാൽ നമുക്ക് വംശനാശം സംഭവിക്കും: മാർ ആൻഡ്രൂസ് താഴത്ത്

ഷിക്കാഗോ: സീറോ മലബാർ സമുദായം ജനസംഖ്യാപരമായും സാമൂഹികമായും നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ശക്തമായ സമുദായബോധവും ആഗോള ഐക്യവും അനിവാര്യമാണെന്ന് സീറോ മലബാർ സഭയുടെ തൃശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്. സീറോ മലബാർ കാത്തലിക് കോൺഗ്രസ് (എസ്.എം.സി.സി) സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സഭയും സമുദായവും തമ്മിലുള്ള വ്യത്യാസം വിശദീകരിച്ച അദ്ദേഹം, സഭ എന്നത് യേശുക്രിസ്തു സ്ഥാപിച്ച വിശ്വാസികളുടെ കൂട്ടായ്മയാണെന്നും, ലോക കത്തോലിക്കാ സഭയിൽ 24 സ്വയംഭരണ സഭകളാണ് ഉള്ളതെന്നും പറഞ്ഞു. വിശ്വാസം, ധാർമികത, സഭാ ഘടന എന്നിവയിൽ ഐക്യം നിലനിൽക്കുമ്പോഴും ആരാധനാക്രമം, ആത്മീയ പാരമ്പര്യം, ശിക്ഷണക്രമം തുടങ്ങിയവയിൽ വ്യത്യാസങ്ങൾ സ്വാഭാവികമാണെന്നും അദ്ദേഹം വ്യക്തമാക്കി.

കേരളത്തിലെ കത്തോലിക്കാ കോൺഗ്രസിന്റെ ചരിത്രവും അദ്ദേഹം അനുസ്മരിച്ചു. തുടക്കത്തിൽ എല്ലാ കത്തോലിക്കാ വിഭാഗങ്ങളുടെയും പൊതുസംഘടനയായിരുന്ന കത്തോലിക്കാ കോൺഗ്രസ് പിന്നീട് സീറോ മലബാർ സഭയുടെ സമുദായ സംഘടനയായി രൂപാന്തരപ്പെട്ടുവെന്ന് അദ്ദേഹം വിശദീകരിച്ചു. സഭയുടെ നേതൃത്വം മെത്രാന്മാർക്കാണെങ്കിലും സമുദായത്തിന് പ്രത്യേക നേതൃത്വവും ഉത്തരവാദിത്വവുമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സീറോ മലബാർ സമുദായം ഇന്ന് ഗൗരവമായ ജനസംഖ്യാ






പരമായ പ്രതിസന്ധി നേരിടുകയാണെന്നും, ജനനനിരക്കിലെ കുറവ്, വിവാഹങ്ങൾ വൈകുകയോ ഒഴിവാക്കുകയോ ചെയ്യുന്ന പ്രവണത, യുവാക്കളുടെ കുടിയേറ്റം, രാഷ്ട്രീയ-സാമൂഹിക മേഖലകളിലെ സ്വാധീനക്കുറവ് എന്നിവ ആശങ്കാജനകമാണെന്നും മാർ താഴത്ത് പറഞ്ഞു. സർക്കാർ സേവനങ്ങളിലും പൊതുരംഗങ്ങളിലും സമുദായത്തിന്റെ സാന്നിധ്യം ഗണ്യമായി കുറഞ്ഞു.

വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്ന യുവതലമുറയെ ശക്തിപ്പെടുത്തുന്നതിനും സമുദായബന്ധം നിലനിർത്തുന്നതിനും പ്രത്യേക ശ്രദ്ധ വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സമുദായബോധം വളർത്തുന്നതിനൊപ്പം മറ്റുള്ളവരെ ഒരിക്കലും അവഗണിക്കുകയോ ദോഷപ്പെടുത്തുകയോ ചെയ്യരുതെന്നും, ക്രിസ്തു പഠിപ്പിച്ച സ്നേഹവും സഹവർത്തിത്വവുമാണ് പിന്തുടരേണ്ടതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

വിദ്യാഭ്യാസം, സ്കോളർഷിപ്പുകൾ, സാമൂഹിക ആനുകൂല്യങ്ങൾ എന്നിവ നേടിയെടുക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ മാധ്യമങ്ങളിലൂടെ സുവിശേഷപ്രഘോഷണവും സഭയുടെ പ്രധാന ദൗത്യമായി തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യേശുവാകുന്ന മൂലക്കല്ല് അപ്പസ്തോലന്മാരുടെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവിൽ സ്ഥാപിക്കപ്പെട്ട് നമ്മളാകുന്ന കല്ലുകൾ ആകുന്നതാണ് സഭ. ഈ സഭ എന്ന് പറയുന്നത് കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ആണ്.

ഇതാണ് ഹൈറാർക്കി. സഭയുടെ മൂലക്കല്ല് യേശു, അടിത്തറ അപ്പസ്തോലന്മാർ. ഏതൊരു സഭയും സഭയാകുമ്പോൾ മെത്രാന്മാരുടെ കൂട്ടായ്മ ഉണ്ടാകണം. മെത്രാന്മാർ, വികാരിമാർ, വൈദികരുടെ കൂട്ടായ്മ, ലോക്കൽ ചർച്ചസ് , അതിന്റെ ഏറ്റവും ബേസിക് യൂണിറ്റ് ഡൊമസ്റ്റിക് ചർച്ച്-കുടുംബം. കുടുംബമാണ് സഭ.

ഈ സഭയുടെ പ്രവർത്തനങ്ങളിൽ പല സമുദായങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളത്തിൽ അതിനെ കത്തോലിക്കാ സമുദായം എന്ന് വിളിച്ചു, സീറോ മലബാർ സമുദായം എന്ന് വിളിച്ചു, മലങ്കര സമുദായം എന്ന് വിളിച്ചു. സമുദായം എന്ന് പറഞ്ഞാൽ ഒരേ വിശ്വാസം, ഒരേ ധാർമ്മികത ഒരു സഭയുടെ ഉള്ളിൽ തന്നെ ഒരു കൂട്ടമായിട്ട് പ്രവർത്തിക്കുന്ന ചരിത്രത്തിൽ ഉണ്ടായതാണ്. 1918-ലാണ് കത്തോലിക്ക കോൺഗ്രസ്, കേരളീയ കത്തോലിക്ക മഹാജനസഭ എന്ന് പറഞ്ഞ് തുടങ്ങിയത്. അത് കത്തോലിക്കാ സമുദായം എന്നാണ് അറിയപ്പെട്ടിരുന്നത്. അന്ന് ഈ ലത്തീൻ, സീറോ മലബാർ, മലങ്കര അങ്ങനെ ചിന്തയൊന്നുമില്ല.

1930-ലാണ് മലങ്കര സഭ വരുന്നത്. 1971-ഓടുകൂടി കേരളത്തിൽ ലാറ്റിൻ കാത്തലിക് അസോസിയേഷൻ വന്നു. പിന്നെ മലങ്കര സഭ. അപ്പോൾ പണ്ട് ഉണ്ടായിരുന്ന കത്തോലിക്കാ കോൺഗ്രസിന്റെ പേര് സീറോ മലബാർ സഭയ്ക്ക് കൊടുത്തു.

കത്തോലിക്കാ കോൺഗ്രസ് എന്ന് പറഞ്ഞാൽ സീറോ മലബാർ സഭയുടെ എല്ലാവരും ഉൾക്കൊള്ളുന്നതാണ്. നമ്മുടെ സമുദായത്തിന്റെ നേതാവ് അർക്കദിയാക്കോന്മാരായിരുന്നു. പക്ഷേ സഭയുടെ നേതാവ് മെത്രാനായിരുന്നു.

സമുദായം എന്ന് പറയുമ്പോൾ നമ്മുടെ വോട്ടിന്റെ കാര്യം ചോദിക്കുമ്പോൾ ആരും മെത്രാന്റെ അടുത്തേക്ക് അല്ല വരുന്നത്, സമുദായ നേതാവിന്റെ അടുത്തേക്കാണ്. നമ്മൾ സമുദായം ഓരോ ദിവസം കഴിയുന്തോറും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മേരിമാതാ സെമിനാരിയിൽ ഒരു പാസ്റ്ററൽ റിസർച്ച് സെന്റർ തുടങ്ങി. അതിന്റെ വെളിച്ചത്തിൽ മുഴുവൻ സർവേ നടത്തി. പുറത്തു വന്ന കണക്കുകൾ




കണ്ണു തുറപ്പിക്കുന്നു. 2009-ൽ സർവേ നടത്തി കഴിഞ്ഞപ്പോൾ അതിവേഗം അംഗങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

എന്തുമാത്രം കുറയുന്നു? എന്തുകൊണ്ട്? ഒന്ന്, കുട്ടികളില്ല. രണ്ട്, വിവാഹം വേണ്ട എന്ന് വയ്ക്കുന്നു. 35 കഴിഞ്ഞ പുരുഷന്മാർക്ക് പെണ്ണിനെ കിട്ടാത്ത അവസ്ഥ. പിന്നെ പന്ത്രണ്ടാം ക്ലാസ് ആകുമ്പോഴേക്കും ഇന്ത്യയിൽ നിന്ന് നമ്മുടെ യൂത്തിനെ എങ്ങനെയെങ്കിലും പുറത്തേക്ക് വിട്ടാൽ മതി. അതിനേക്കാൾ ഉപരി സോഷ്യൽ മീഡിയ. 2030-ൽ കേരളത്തിൽ ഒരു പ്രത്യേക സമുദായത്തിന് കൺട്രോൾ കിട്ടാൻ വേണ്ടി പ്ലാൻ ചെയ്യുന്നുണ്ട്.

ഇന്ത്യയിൽ 174 രൂപതകൾ ഉണ്ട്. അതിൽ 131 എണ്ണം ലാറ്റിനാണ്. 32 എണ്ണം സീറോ മലബാറാണ്. പോപ്പുലർ ഫണ്ട് റെയ്ഡ് ചെയ്ത ഉദ്യോഗസ്ഥൻ പിന്നീട് അദ്ദേഹം കലക്ടറായി. സിസ്റ്റേഴ്സാണ് അദ്ദേഹത്തെ പഠിക്കാൻ സഹായിച്ചത്. രാഷ്ട്രീയ രംഗത്ത് നമ്മൾ ഏറ്റവും മുന്നിൽ നിന്നിരുന്നു. ഇന്ന് എന്തായി? ഇന്ന് പേരില്ല, കൈവിട്ടു പോയി. കാർഷിക രംഗം, രാഷ്ട്രീയ രംഗം, സാംസ്കാരിക രംഗം ഒക്കെ തകർന്നു. എല്ലാ തലത്തിലും പിന്നോക്കം പോകുന്ന ഒരു സമുദായമായി മാറി നമ്മൾ. 24 -30 ശതമാനം സർക്കാർ ജോലിയ ഉണ്ടായിരുന്നത് ഒന്നര ശതമാനമായി.

ഇനി നമ്മൾ ചിന്തിക്കേണ്ട കാര്യം, നമ്മളിൽ നിന്നും പുറത്ത് വിദേശികളായി പോയിട്ടുള്ളവരുടെ അവസ്ഥയാണ്. നേരത്തെ പോയി രക്ഷപ്പെട്ടവരുണ്ട്. നിങ്ങളെല്ലാവരും രക്ഷപ്പെട്ടവരാണ്. ഇപ്പോൾ പോയവർ അത്ര രക്ഷപ്പെട്ടിട്ടില്ല. അവരെ റീഹാബിലിറ്റേറ്റ് ചെയ്യാൻ എന്ത് ചെയ്യണം? അതുകൊണ്ട് സമുദായത്തെ കൂട്ടിപ്പിടിക്കണം. സമുദായ ശക്തികരണ വർഷത്തിൽ നമ്മൾ ഈ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കി ഒന്നാമത്തെ കാര്യം: സമുദായ ബോധം എല്ലാവർക്കും ഉണ്ടാകണം. എല്ലാവരെയും



സഹായിക്കുന്നതോടൊപ്പം ചെറിയൊരു പ്രിഫറൻസ് സമുദായത്തിന്, വീട്ടിലുള്ളവർക്ക് കൊടുക്കണം. ഒരിക്കലും മറ്റുള്ളവരെ ഇല്ലാതാക്കാനോ നശിപ്പിക്കാനോ പാടില്ല, എല്ലാവരെയും വളർത്തലാണ് ക്രിസ്തു പഠിപ്പിച്ചത്. സമുദായ ബോധം ഉണ്ടാകണം, ഒന്നിച്ച് നിന്നില്ലെങ്കിൽ നമ്മൾ ഇല്ലാതാകും. ഞാൻ കോച്ചിംഗ് സെന്റർ തുടങ്ങി പരാജയപ്പെട്ടയാളാണ്. തൃശൂർ കോച്ചിംഗ് സെന്റർ അവിടെ ഒരു സമുദായത്തിൽ പ്പെട്ടവർക്ക് മാത്രമേ എൻട്രിയുള്ളൂ.

ഇന്ത്യയിൽ ഏറ്റവും അന്യം നിന്നുപോകുന്ന സമുദായം പാഴ്സികളാണ്. 1971-ൽ ആറ് ലക്ഷം ഉണ്ടായിരുന്നു ഇപ്പോൾ അറുപത്തയ്യാരിരത്തിൽ കുറവാണ്. രണ്ടാമത് അന്യം നിന്നുപോകുന്നത് സിറിയൻ കാത്തലിക്സ് (സീറോ മലബാർ) ആണ്.

നമ്മുടെ കേരളത്തിലെ ബർത്ത് റേറ്റ് വളരെ കുറവാണ്.

1961–ൽ 24 ശതമാനം ക്രിസ്ത്യൻസ് ഉണ്ടായിരുന്നു. ഇപ്പോൾ 14 ആയി. ചിക്കാഗോയിലും ഇംഗ്ലണ്ടിലും ജർമ്മനയിലും ഇപ്പോൾ സ്ഥിതി അത്ര ശുഭമല്ല. കേരളത്തിലും കേരളത്തിനു പുറത്തു ഒക്കെ അധോഗതിയിലേക്ക് പോകുന്ന സമുദായം ആയതിനാൽ നമ്മൾ ഇനി ഒന്നിച്ചുനിൽക്കണം. സമുദായത്തിന് ആവശ്യമായ സ്കോളർഷിപ്പുകളും അനുകൂല്യങ്ങളും നേടിയെടുക്കണം.

ഡിജിറ്റൽ ഇവാഞ്ചലൈസേഷൻ വഴി സുവിശേഷം പ്രസംഗിക്കുക എന്നതാണ് നമ്മുടെ പ്രധാന ദൗത്യം. നമ്മൾ ഒന്നിച്ച് നിന്നില്ലെങ്കിൽ ഒരു സമുദായമായി മുന്നോട്ട് പോകാൻ സാധിക്കില്ല. ഗ്ലോബൽ സമുദായ ബോധം നമുക്ക് ഉണ്ടാകണം.

സംഘടനയുടെ ആദ്യകാല നേതാക്കളെ ബിഷപ്പ് മാർ ജോയി ആലപ്പാട്ട് പ്ലാക്ക് നൽകി ആദരിച്ചു.







# ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജതജൂബിലി ആഘോഷത്തിൽ റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിന്റെ ആദരം



അമേരിക്കയിലെ സെന്റ് തോമസ് സീറോ മലബാർ കത്തോലിക്കാ എപ്പാർക്കി ഓഫ് ചിക്കാഗോയുടെ രജതജൂബിലി ആഘോഷം, വിശ്വാസത്തിന്റെയും ആത്മീയ നേതൃത്വത്തിന്റെയും സേവനത്തിന്റെയും 25 വർഷത്തെ അനുഗ്രഹീതവും ചരിത്രപരവുമായ ഒരു സ്മരണീയ അവസരമായി മാറി.

റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ബഹുമാനപ്പെട്ട ഡോ. ആനി പോൾ ഈ മഹത്തായ രജതജൂബിലി ആഘോഷത്തിൽ പങ്കെടുക്കാനും, റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിന്റെ പേരിലുള്ള ഔദ്യോഗിക പ്രഖ്യാപനം (Proclamation) സമർപ്പിക്കാനും, കൂടാതെ ആദരസമ്മാനങ്ങൾ നൽകാനും അവസരം ലഭിച്ചത് വലിയ



ബഹുമതിയായി കണക്കാക്കുന്നു.

സീറോ മലബാർ സഭയുടെ വിശ്വാസ പാരമ്പര്യവും വളർച്ചയും ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ച ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കത്തോലിക്കാ എപ്പാർക്കിയുടെ പ്രഥമ ബിഷപ്പും സ്ഥാപക പിതാവുമായ അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനും, രജതജൂബിലി വർഷത്തിൽ രൂപതയെ ആത്മീയമായി നയിക്കുന്ന അഭിവന്ദ്യ മാർ ജോയ് ആലപ്പാട്ട് പിതാവിനും, അവരുടെ സമർപ്പിത സേവനത്തിനും ദീർഘവീക്ഷണമുള്ള നേതൃത്വത്തിനും അമൂല്യമായ സംഭാവനകൾക്കും ഈ ആദര സമ്മാനങ്ങൾ സമർപ്പിച്ചു.

സീറോ മലബാർ ചിക്കാഗോ രൂപതയുടെ ശ്രദ്ധേയമായ വളർച്ചയും, വിശ്വാസം, സംസ്കാരം, പാരമ്പര്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിലുള്ള പ്രതിബദ്ധതയും, അമേരിക്കയിലെ വിവിധ സമൂഹങ്ങളുടെ ആത്മീയവും സാമൂഹികവുമായ മേഖലകളിൽ രൂപത നൽകിയ സംഭാവനകളും ഈ ആഘോഷം ഉയർത്തിക്കാട്ടി.

മെത്രാന്മാർ, വൈദികർ, സന്യസ്തർ, വിശിഷ്ടാതിഥികൾ, സീറോ മലബാർ വിശ്വാസ സമൂഹത്തിലെ അംഗങ്ങൾ എന്നിവരോടൊപ്പം ഈ ചരിത്ര നിമിഷത്തിൽ പങ്കുചേരാനും, വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും സേവനത്തിന്റെയും സമ്പന്നമായ പൈതൃകം ആഘോഷിക്കാനും കഴിഞ്ഞത് ഒരു വലിയ അനുഗ്രഹവും അഭിമാനകരമായ അനുഭവവുമായിരുന്നു.








# മുത്തശ്ശന്മാരും മുത്തശ്ശികളും വിശ്വാസത്തിന്റെ പാലങ്ങൾ : കർദിനാൾ മാർ ജോർജ്ജ് കൂവക്കാട്

ഷിക്കാഗോ: വിശ്വാസം ഒരു തലമുറയിൽ അവസാനിക്കേണ്ട ഒന്നല്ലെന്നും, ഓരോ തലമുറയും അടുത്ത തലമുറയ്ക്ക് വിശ്വസ്തതയോടെ കൈമാറേണ്ട അമൂല്യ നിക്ഷേപമാണതെന്നും കർദിനാൾ മാർ ജോർജ്ജ് കൂവക്കാട്. ഷിക്കാഗോ സീറോ-മലബാർ രൂപതയുടെ രജതജൂബിലി കൺവൻഷന്റെ സമാപന സമ്മേളനത്തിൽ ആശംസാപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

രജതജൂബിലി കഴിഞ്ഞ 25 വർഷത്തെ നേട്ടങ്ങൾ ആഘോഷിക്കുന്ന ഒരു സ്മാരകമല്ലെന്നും, ഭാവിയിലേക്കുള്ള പുതിയ ആത്മീയ യാത്രയുടെ വാതിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

"നാം ഇവിടെ ഒത്തുചേർന്നത് ഇതുവരെ എത്ര ദൂരം സഞ്ചരിച്ചുവെന്ന് അഭിമാനിക്കാനല്ല; മറിച്ച് മുന്നോട്ടുള്ള യാത്രയ്ക്ക് പുതിയ ആത്മീയ ശക്തി സ്വീകരിക്കാനാണ്. നമുക്ക് ലഭിച്ച വിശ്വാസം അടുത്ത തലമുറയിലേക്ക് കൈമാറേണ്ടത് ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്തമാണ്," അദ്ദേഹം ഓർമിപ്പിച്ചു.

സീറോ-മലബാർ സഭയുടെ സമ്പന്നമായ ആരാധനാപാരമ്പര്യവും ആത്മീയ പൈതൃകവും സംരക്ഷിക്കണമെന്നും, കുടുംബങ്ങളിൽ നിന്ന് കൂടുതൽ വൈദിക-സന്യാസ ദൈവവിളികൾ വളർത്തിയെടുക്കണമെന്നും കർദിനാൾ ആഹ്വാനം ചെയ്തു. കുട്ടികളെ വിശ്വാസത്തിൽ വളർത്തുകയും, വിശുദ്ധ തോമാശ്ലീഹാ യേശുവിനോട് ഏറ്റുപറഞ്ഞ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന വിശ്വാസപ്രഖ്യാപനം അവരുടെ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനമാക്കുകയും ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു.





പ്രസംഗത്തിൽ മുത്തശ്ശൻമാരുടെയും മുത്തശ്ശിമാരുടെയും പങ്ക് പ്രത്യേകം എടുത്തുപറഞ്ഞ കർദിനാൾ, 2021-ൽ കാലംചെയ്ത ഫ്രാൻസിസ് മാർപാപ്പ സ്ഥാപിച്ച “മുത്തശ്ശന്മാരുടെയും വയോജനങ്ങളുടെയും ലോകദിനം“ അനുസ്മരിച്ചു. എല്ലാ വർഷവും ജൂലൈയിലെ നാലാമത്തെ ഞായറാഴ്ച ആചരിക്കുന്ന ഈ ദിനം, കുടുംബങ്ങളിലും സഭയിലും മുതിർന്നവരുടെ വിലപ്പെട്ട പങ്ക് ഓർമിപ്പിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

“മുത്തശ്ശന്മാരും മുത്തശ്ശിമാരും പലപ്പോഴും സമൂഹത്തിൽ വിസ്മരിക്കപ്പെടുന്നു. എന്നാൽ ജീവിതാനുഭവവും വിശ്വാസപാരമ്പര്യവും പുതിയ തലമുറയിലേക്ക് കൈമാറുന്ന പ്രധാന കണ്ണിയാണ് അവർ. കുടുംബങ്ങളിൽ മുത്തശ്ശൻമാരുള്ളിടത്ത് കുട്ടികൾ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അന്തരീക്ഷത്തിലാണ് വളരുന്നത്,“ എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വിശുദ്ധ തോമാശ്ലീഹായുടെ ധീരമായ വിശ്വാസസാക്ഷ്യം അനുകരിക്കണമെന്നും കർദിനാൾ വിശ്വാസികളോട് ആഹ്വാനം ചെയ്തു. “നമ്മുടെ വിശ്വാസം സഭയുടെ ചുമരുകൾക്കുള്ളിൽ ഒതുങ്ങുന്നതാകരുത്. അപ്പസ്തോലനെപ്പോലെ ലോകത്തിലേക്ക് ഇറങ്ങി ക്രിസ്തുവിനെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തുന്ന മിഷനറിമാരാകണം,“ അദ്ദേഹം പറഞ്ഞു.

ജൂബിലി ആഘോഷത്തിൽ ലഭിച്ച ആത്മീയാനുഭവവും സന്തോഷവും ദൈനംദിന ജീവിതത്തിലേക്ക് കൊണ്ടുപോകാനും കുടുംബങ്ങളിലും സമൂഹത്തിലും ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കാനും അദ്ദേഹം വിശ്വാസികളെ പ്രേരിപ്പിച്ചു.

രൂപതയുടെ കഴിഞ്ഞ 25 വർഷത്തെ സേവനങ്ങളെ അഭിനന്ദിച്ച കർദിനാൾ മാർ ജോർജ് കൂവക്കാട്, സഭയുടെ സ്ഥാപകരെയും വൈദികരെയും സന്യസ്തരെയും സന്നദ്ധപ്രവർത്തകരെയും വിശ്വാസികളെയും പ്രത്യേകം അനുമോദിക്കുകയും, അമേരിക്കയിലെ സീറോ-മലബാർ സഭയുടെ വളർച്ചയ്ക്ക് ദൈവാനുഗ്രഹം നേരുകയും ചെയ്തു

നേരത്തെ നഴ്സിംഗ് സംമ്മളനത്തിൽ സംസാരിച്ച അദ്ദേഹം രോഗികളിൽ ക്രിസ്തുവിനെ കാണുവാനും ആ ശുശ്രൂഷ ആത്മീയ അനുഭവമായി കാണുവാനും ആഹ്വാനം ചെയ്തു






# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see*
*How much you can save with*
*Allstate's New Car Discount*



**Allstate®**

You're in good hands.

**CALL**

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

**30 Plus years in Insurance Business**



**We Offer 6 Hours Defensive Driving Course in NY/NJ**

### ചിക്കാഗോ സീറോ മലബാർ ജൂബിലി കൺവെൻഷൻ:

# ഭക്തിയും പ്രായോഗിക ജ്ഞാനവും പകർന്ന് പ്രത്യേക വർക്ക്ഷോപ്പുകളും സമ്മേളനങ്ങളും; ആത്മീയ ഗുരുക്കന്മാർ മാർഗദർശനം നൽകി

**മാർട്ടിൻ വിലങ്ങോലിൽ**

വൈവിധ്യമാർന്ന പന്ത്രണ്ട് പ്രത്യേക കൂട്ടായ്മകളുമായി ജൂബിലി കൺവെൻഷൻ വേദി

കർദ്ദിനാൾ ജോർജ് കൂവക്കാട്, ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ് മാർ തോമസ് തറയിൽ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി

ബിഷപ് മാർ ജോയ് ആലപ്പാട്ടിന്റെയും ബിഷപ് എമെരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്തിന്റെയും സജീവ സാന്നിധ്യം

ഫാ. ജോൺ മേലേപ്പുറം , ഫാ. തോമസ് കടുകപ്പള്ളിൽ, ഫാ. തോമസ് മൂളാവനാൽ, ഫാ. ജോർജ് എളമ്പാശ്ശേരി എന്നിവർ മാർഗനിർദേശം നൽകി

ചിക്കാഗോ: ചിക്കാഗോയിലെ മക്കോർമിക് പ്ലേസിൽ നടക്കുന്ന സീറോ മലബാർ ജൂബിലി കൺവെൻഷനിൽ വിവിധ സഭാസാമൂഹിക മേഖലകളെ ലക്ഷ്യമിട്ട് നടത്തിയ പ്രത്യേക സമ്മേളനങ്ങളും വർക്ക്ഷോപ്പുകളും ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

സഭാസമൂഹത്തിലെ വ്യത്യസ്ത പ്രായത്തിലും പ്രൊഫഷണലുകളിലുമുള്ള വ്യക്തികളെ ഒന്നിപ്പിക്കുന്നതിനായി കൺവെൻഷൻ ചെയർമാൻ ബിജി മാണിയുടെയും സ്പെഷ്യൽ ഇവന്റ് ചീഫ് കോർഡിനേറ്റർ ജോമോൻ ചിറയിലിന്റെയും നേതൃത്വത്തിലാണ് വിപുലമായ പന്ത്രണ്ട് പ്രത്യേക കൂട്ടായ്മകകളുടെ സമ്മേളനങ്ങൾ ക്രമീകരിച്ചത്.



### വിശ്വാസ പരിശീലനവും സഭാ ഭരണരംഗവും :-

വിശ്വാസ പരിശീലന രംഗത്തെ ആധുനിക വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സിസിഡി അധ്യാപകർക്കായി നടത്തിയ പ്രത്യേക വർക്ക്ഷോപ്പിൽ ഫാ. ഡോ. ജോർജ് ദാനവേലിൽ മുഖ്യപ്രഭാഷണം നടത്തി. ബിഷപ് എമെരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ സന്നിധ്യത്തിലായിരുന്നു അധ്യാപകരുടെ ഈ സമ്മേളനം. ഇടവകകളുടെ ഭരണസാമ്പത്തിക കാര്യങ്ങളിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി ട്രസ്റ്റികൾക്കായി സംഘടിപ്പിച്ച പ്രത്യേക പരിശീലന പരിപാടി റവ. മോൺ. ഡോ. ജോസഫ് തടത്തിൽ നയിച്ചു. ബിഷപ് മാർ ജോയ് ആലപ്പാട്ട്, മാർ ജേക്കബ് അങ്ങാടിയത്ത്, ഫാ. കുര്യൻ നെടുവേലിചാലുങ്കൽ എന്നിവർ ട്രസ്റ്റിമാരുടെ യോഗത്തിൽ ചർച്ചകൾക്ക് നേതൃത്വം നൽകി.

അമേരിക്കയിലെ സീറോ മലബാർ കത്തോലിക്കരുടെ കൂട്ടായ്മയായ എസ്എംസിസി പ്രതിനിധികളുടെ യോഗത്തിൽ ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്ത്, റവ. മോൺ. ഡോ. ജോസഫ് തടത്തിൽ, ഫാ. ജോർജ് എളമ്പാശ്ശേരി എന്നിവർ പ്രസംഗിച്ചു.






### പ്രൊഫഷണൽ മുന്നേറ്റവും കാരുണ്യപ്രവർത്തനവും സഭയിൽ –

അമേരിക്കയിലെ ആരോഗ്യമേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച നേഴ്സുമാർക്കായി സംഘടിപ്പിച്ച പ്രത്യേക സംഗമത്തിൽ കർദ്ദിനാൾ ജോർജ് കൂവക്കാട് മുഖ്യപ്രഭാഷണം നടത്തി. ബിഷപ് മാർ ജോയ് ആലപ്പാട്ട്, ഫാ. വികാരി ജനറാൾ ഫാ. തോമസ് കടുകപ്പള്ളിൽ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.




അമേരിക്കയിലെ പ്രവാസി മലയാളി കുട്ടികൾക്ക് മാതൃഭാഷ പകർന്നുനൽകുന്ന മലയാളം സ്കൂൾ അധ്യാപകരുടെ വർക്ക്ഷോപ്പിലും സഭയിലെ ഗായക സംഘത്തിന്റെ സംഗമത്തിലും പ്രമുഖ വചനപ്രഘോഷകൻ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ക്ലാസുകൾ നയിച്ചു. ഗായകസംഘത്തിന്റെ യോഗത്തിൽ ഫാ. ജോണിക്കുട്ടി പുലിശേരിയും പങ്കെടുത്തു.

കാരുണ്യപ്രവർത്തന മേഖലയിൽ സജീവമായ വിൻസെന്റ്

ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ ലക്ഷ്യമിട്ട് നടത്തിയ സമ്മേളനം ബിഷപ് മാർ ജോസ് കല്ലുവേലി ഉദ്ഘാടനം ചെയ്തപ്പോൾ, സഭയിലും സമൂഹത്തിലും സുരക്ഷിത പരിസ്ഥിതി ഉറപ്പാക്കുന്നതിനെക്കുറിച്ചുള്ള പ്രത്യേക ബോധവൽക്കരണ ക്ലാസിന് വികാരി ജനറാൾ ഫാ. തോമസ് മുളവനാൽ നേതൃത്വം നൽകി.

**വനിതാ വേദിയും തലമുറകളുടെ സംഗമവും ശ്രദ്ധേയമായി:**

കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ വഹിക്കുന്ന സുപ്രധാനപങ്കിനെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് നടന്ന വിമൻസ് ഫോറം യോഗത്തിൽ ആർച്ച് ബിഷപ് മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം പങ്കെടുത്ത ഈ യോഗത്തിന് പുറമെ, കൺവെൻഷനിൽ പങ്കെടുത്ത വിധവകളുടെ കൂട്ടായ്മയിൽ ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ആശ്വാസ വചനങ്ങളുമായി വേദിയിലെത്തി.

സഭയുടെ ഭാവി പ്രത്യാശകളായ അൾത്താര ബാലന്മാരുടെയും സക്രിസ്റ്റന്മാരുടെയും സമ്മേളനത്തിൽ ആർച്ച് ബിഷപ് മാർ തോമസ് തറയിലും ഫാ. ജോൺസൺ കോവൂർപുത്തൻപുരയിലും സജീവ സാന്നിധ്യമായി.

കൺവെൻഷനിലെ ഏറ്റവും പ്രൗഢമായ വേദികളിലൊന്ന് സഭയുടെ തുടക്കകാലം മുതൽ പ്രവർത്തിച്ചവർക്കായി ഒരുക്കിയ ജൂബിലി ദമ്പതി സംഗമമായിരുന്നു. കർദ്ദിനാൾ ജോർജ് കൂവക്കാട് മുഖ്യാതിഥിയായ ചടങ്ങിൽ ബിഷപ് മാർ. ജോയ് ആലപ്പാട്ടും ബിഷപ് എമെരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്തും ദമ്പതികൾക്ക് ആശംസകൾ നേർന്നു. എല്ലാ പ്രധാന സമ്മേളനങ്ങളിലും രൂപതാധ്യക്ഷൻ ബിഷപ് മാർ ജോയ് ആലപ്പാട്ടിന്റെ സജീവമായ സാന്നിധ്യവും മാർഗനിർദേശങ്ങളും ഉണ്ടായിരുന്നു.






Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# പാസ്റ്ററൽ സെന്റർ മുതൽ സീനിയർ ലിവിങ് പദ്ധതിവരെ; അടുത്ത 25 വർഷത്തേക്കുള്ള വികസനപദ്ധതികൾ

ഷിക്കാഗോ: അമേരിക്കയിലെ സീറോ-മലബാർ സഭയുടെ അടുത്ത 25 വർഷത്തെ വളർച്ച ലക്ഷ്യമിട്ട് ആത്മീയ, സാമൂഹിക, സാമ്പത്തിക മേഖലകളെ ഉൾക്കൊള്ളുന്ന നിരവധി വികസന പദ്ധതികൾ ഷിക്കാഗോ സീറോ-മലബാർ രൂപതയുടെ രജതജൂബിലി കൺവൻഷനിൽ പ്രഖ്യാപിച്ചു. രൂപതയുടെ ഭാവി പദ്ധതികൾ അവതരിപ്പിച്ച പ്രൊക്കുറേറ്റർ ഫാ. കുര്യൻ നെടുവേലിചാലുങ്കൽ സഭയുടെ വളർച്ച ആഘോഷിക്കുന്നതിൽ മാത്രം ഒതുങ്ങാതെ ഭാവി തലമുറയ്ക്കായുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് ഇനി നടപ്പാക്കുകയെന്ന് പറഞ്ഞു.

സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാവി പദ്ധതിയായി പാസ്റ്ററൽ സെന്റർ സ്ഥാപിക്കലിനെ അദ്ദേഹം വിശേഷിപ്പിച്ചു. രൂപതയുടെ വിവിധ ശുശ്രൂഷകളും വിശ്വാസപരിശീലന പ്രവർത്തനങ്ങളും കുടുംബ-യുവജന അപ്പസ്തോലേറ്റുകളും ഏകോപിപ്പിക്കുന്ന കേന്ദ്രമായി ഇത് പ്രവർത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

### ചാരിറ്റി പ്രവർത്തനങ്ങൾ വിപുലീകരിക്കും

രൂപതയുടെ ചാരിറ്റി ഫണ്ടിലൂടെ അമേരിക്കയിൽ സാമ്പത്തിക, ആരോഗ്യ, വ്യക്തിപരമായ പ്രതിസന്ധികൾ നേരിടുന്ന കുടുംബങ്ങൾക്ക് നൽകിയുവരുന്ന സഹായം തുടരുമെന്ന് ഫാ. കുര്യൻ പറഞ്ഞു. രണ്ടാം ഘട്ടത്തിൽ നിയമപരമായ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അമേരിക്കയ്ക്കു പുറത്തുള്ള ദരിദ്രർക്കും പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങൾക്കും സഹായം വ്യാപിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

### എൻഡോവ്മെന്റ് ഫണ്ടും മിഷൻ ഡെവലപ്മെന്റ് ഫണ്ടും

2023-ൽ ആരംഭിച്ച എൻഡോവ്മെന്റ് ഫണ്ട് കൂടുതൽ ശക്തിപ്പെടുത്തും. പുതുതായി ആരംഭിക്കുന്ന മിഷനുകൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഇടവകകൾക്കും പിന്തുണ നൽകുന്നതിനായി പ്രത്യേക മിഷൻ ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

“സാമ്പത്തിക പരിമിതികൾ കാരണം ഒരു മിഷനും പിന്നിലാകാൻ പാടില്ല“ എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി.



**നാല് മേഖലകളിൽ സീനിയർ സെന്ററുകൾ**

വയോജന സമൂഹത്തിന്റെ വർധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് ഷിക്കാഗോ, ടെക്സാസ്, ഫ്ലോറിഡ, ന്യൂജേഴ്സി എന്നീ നാല് മേഖലകളിൽ സീനിയർ സെന്ററുകളോ സീനിയർ ലിവിങ് സംവിധാനങ്ങളോ സ്ഥാപിക്കാനുള്ള സാധ്യതാ പഠനം ആരംഭിക്കും . അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ പദ്ധതി യാഥാർഥ്യമാക്കാനാണ് രൂപത ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

**ക്രെഡിറ്റ് യൂണിയനും ബിസിനസ് കണക്റ്റും**

സമൂഹത്തിന്റെ സാമ്പത്തിക ശാക്തീകരണത്തിനായി കമ്മ്യൂണിറ്റി അടിസ്ഥാനത്തിലുള്ള ക്രെഡിറ്റ് യൂണിയൻ ആരംഭിക്കുന്നതും രൂപതയുടെ ഭാവി പദ്ധതികളിലുണ്ട്.

അതോടൊപ്പം സംരംഭകരെയും വിവിധ മേഖലകളിലെ പ്രൊഫഷണലുകളെയും ബന്ധിപ്പിക്കുന്ന ബിസിനസ് കണക്റ്റ് പദ്ധതിക്ക് ഇതിനകം തുടക്കമായതായി അദ്ദേഹം അറിയിച്ചു. ബിസിനസ് സഹകരണവും തൊഴിൽ അവസരങ്ങളും നിക്ഷേപ ശൃംഖലകളും വികസിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

**ഇന്ത്യയിൽ 'ഹോം ആൻഡ് സെന്റർ'**

ഇന്ത്യയിൽ എത്തുന്ന ബിഷപ്പുമാർക്കും വൈദികർക്കും സഭാംഗങ്ങൾക്കും താമസത്തിനും ആതിഥേയത്വത്തിനുമായി "ഹോം ആൻഡ് സെന്റർ" എന്ന പുതിയ പദ്ധതിയും രൂപത ആവിഷ്കരിക്കുന്നുണ്ട്. ആത്മീയവും സാംസ്കാരികവുമായ ഇടപെടലുകളുടെ കേന്ദ്രമായും ഇത് പ്രവർത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

**ഡിജിറ്റൽ വിശ്വാസപരിശീലനം**

ഡിജിറ്റൽ യുഗത്തിന്റെ ആവശ്യങ്ങൾ മുൻനിർത്തി ഓൺലൈൻ വിശ്വാസപരിശീലനം, ആത്മീയ ഉള്ളടക്കങ്ങൾ, വെർചൽ പഠനപരിപാടികൾ, നൂതന പഠനസാങ്കേതികവിദ്യകൾ എന്നിവ ഉൾക്കൊള്ളുന്ന ഡിജിറ്റൽ ഫെയ്ത്ത് ഇനിഷ്യേറ്റീവ് ആരംഭിക്കുമെന്നും ഫാ. കുര്യൻ അറിയിച്ചു.

സമാപനത്തിൽ, "നമ്മുടെ പ്രതിബദ്ധത കഴിഞ്ഞ 25 വർഷത്തെ നേട്ടങ്ങൾ ആഘോഷിക്കുന്നതിൽ മാത്രമല്ല. ഭാവിയെ വിശ്വാസത്തോടെയും പ്രത്യാശയോടെയും നിർമിക്കുന്നതിലുമാണ്. ഭൂതകാലത്തോടുള്ള നന്ദിയും വർത്തമാനകാലത്തോടുള്ള വിശ്വാസവും ഭാവിയോടുള്ള പ്രത്യാശയുമായി അടുത്ത 25 വർഷത്തെ മിഷന്റെയും സേവനത്തിന്റെയും വളർച്ചയുടെയും യാത്രയിലേക്ക് ധൈര്യത്തോടെ മുന്നേറാം. കാഴ്ചയിലൂടെയല്ല, വിശ്വാസത്തിലൂടെയാണ് നാം നടക്കേണ്ടത്," എന്ന് ഫാ. കുര്യൻ നെടുവേലി ചാലുങ്കൽ പറഞ്ഞു.

# രണ്ട് ജൂബിലികൾ ഒന്നിച്ച് ആഘോഷിക്കാനായതിൽ സന്തോഷം: മാർ ജേക്കബ് അങ്ങാടിയത്ത്

ഷിക്കാഗോ: അമേരിക്കയിലെ സീറോ-മലബാർ സഭയുടെ രജതജൂബിലി ആഘോഷം കഴിഞ്ഞ 25 വർഷത്തെ നേട്ടങ്ങളുടെ അനുസ്മരണമാത്രമല്ല, ഭാവിയിലേക്കുള്ള പുതിയ ദൗത്യബോധത്തിന്റെ പ്രഖ്യാപനമാണെന്ന് മുൻ ഷിക്കാഗോ സീറോ-മലബാർ രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് പറഞ്ഞു.

ഷിക്കാഗോ സീറോ-മലബാർ രൂപതയുടെ രജതജൂബിലി കൺവൻഷന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രൂപതയുടെ രജതജൂബിലിയും തന്റെ മെത്രാഭിഷേക രജതജൂബിലിയും ഒരുമിച്ച് ആഘോഷിക്കാനായതിൽ ദൈവത്തോടും വിശ്വാസിസമൂഹത്തോടും അദ്ദേഹം നന്ദി രേഖപ്പെടുത്തി. രജതജൂബിലി ആഘോഷം വിജയകരമായി സംഘടിപ്പിച്ച രൂപതാധ്യക്ഷൻ ബിഷപ്പ് ജോയ് ആലപ്പാട്ട്, സംഘാടക സമിതി, വൈദികർ, സന്യാസിസമൂഹം, സന്നദ്ധപ്രവർത്തകർ, വിശ്വാസികൾ എന്നിവരുടെ സേവനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

സീറോ-മലബാർ സഭയുടെ തലവനായ മാർ റാഫേൽ തട്ടിൽ ആദ്യമായി അമേരിക്കൻ രൂപതയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തത് ചരിത്രപരമായ നിമിഷമാണെന്നും, അദ്ദേഹത്തിന്റെ സാന്നിധ്യം മുഴുവൻ സമൂഹത്തിനും ആത്മീയ പ്രചോദനമായെന്നും മാർ അങ്ങാടിയത്ത് പറഞ്ഞു.



കൺവൻഷനിൽ നടന്ന വിശ്വാസികളുടെ പ്രദക്ഷിണം അമേരിക്കയിലെ സീറോ-മലബാർ സമൂഹത്തിന്റെ ഐക്യത്തിന്റെയും വിശ്വാസത്തിന്റെയും സാക്ഷ്യമായി മാറിയതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭാവിയിൽ സഭയുടെ വളർച്ചയ്ക്കായി മൂന്ന് പ്രധാന മുൻഗണനകളാണ് മാർ അങ്ങാടിയത്ത് മുന്നോട്ടുവച്ചത്.

ഒന്നാമതായി, യുവജനങ്ങളെ സഭയുടെ എല്ലാ തലങ്ങളിലുമുള്ള നേതൃത്വത്തിലേക്ക് കൂടുതൽ ഉയർത്തിക്കൊണ്ടുവരണം. ഇടവകകളിലും മിഷനുകളിലും വിവിധ ശുശ്രൂഷകളിലും യുവാക്കൾക്ക് ഉത്തരവാദിത്തങ്ങൾ നൽകുകയും, സഭയുടെ ഭാവി നേതൃത്വം അവരെ വിശ്വസിച്ച് ഏൽപ്പിക്കുകയും വേണമെന്ന് അദ്ദേഹം പറഞ്ഞു.

രണ്ടാമതായി, പ്രവാസി സമൂഹമെന്ന തിരിച്ചറിയലിനപ്പുറം ശക്തമായ മിഷനറി ചൈതന്യം വളർത്തിയെടുക്കണം. "നാം കുടിയേറ്റക്കാരായിരിക്കാം; എന്നാൽ അതോടൊപ്പം ക്രിസ്തുവിന്റെ സാക്ഷ്യം ലോകത്തിലേക്ക് എത്തിക്കേണ്ട മിഷനറിമാരുമാണ്. നമ്മുടെ വിശ്വാസം സമൂഹത്തിന്റെ അതിർത്തികളിലേക്കും എത്തിക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്," അദ്ദേഹം ഓർമിപ്പിച്ചു.

മൂന്നാമതായി, സഭയുടെ ആത്മീയജീവിതം കൂടുതൽ ആഴപ്പെടുത്തേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ദിവ്യബലിയോടുള്ള സ്നേഹവും സീറോ-മലബാർ ആരാധനാപാരമ്പര്യത്തോടുള്ള വിശ്വസ്തതയും വ്യക്തിപരവും കുടുംബപരവുമായ പ്രാർഥനാ ജീവിതവും ശക്തിപ്പെടുത്തണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

"ഈ ജൂബിലി ആഘോഷം ഒരു സമാപനമല്ല, പുതിയൊരു തുടക്കമാണ്. യുവജനങ്ങളെയും കുടുംബങ്ങളെയും കേന്ദ്രമാക്കി, മിഷൻ ചൈതന്യത്തോടെയും ആത്മീയ നവീകരണത്തോടെയും അമേരിക്കയിലെ സീറോ-മലബാർ സഭ മുന്നേറട്ടെ," എന്ന് ആശംസിച്ചുകൊണ്ടാണ് മാർ ജേക്കബ് അങ്ങാടിയത്ത് തന്റെ സന്ദേശം സമാപിച്ചത്.

# നഴ്സ് സമരത്തിന് പിന്നിൽ ഗൂഢലക്ഷ്യമെന്ന് മാർ ആൻഡ്രൂസ് താഴത്ത്;



## ഈ വർഷാവസാനം താൻ റിട്ടയർ ചെയ്യും

ഷിക്കാഗോ: തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നഴ്സുമാരുടെ സമരത്തിന് പിന്നിൽ ചില ഗൂഢലക്ഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്. ഷിക്കാഗോയിൽ സീറോ മലബാർ കൺ വൻഷനിലെത്തിയ അദ്ദേഹം മാധ്യമപ്രവർത്തകരുമായി സംസാരിക്കവെ തന്റെ നിലപാടുകൾ വ്യക്തമാക്കി.

തത്വത്തിന്റെ പേരിലാണ് തന്റെ നിലപാടുകൾ എന്നും അതിൽ മാറ്റമില്ലെന്നും അദ്ദേഹം തറപ്പിച്ചു പറഞ്ഞു. കേരളത്തിൽ ഏറ്റവും അധികം നഴ്സുമാർക്ക് ശമ്പളം നല്കുന്നത് ജൂബിലി ആണ്. ഇപ്പോഴാണ് രാജഗിരി അടക്കമുള്ള കോർപറേറ്റ് ആശുപത്രികൾ അതിനു തുല്യമായ ശമ്പളം നൽകുന്നത്. അത് ചൂണ്ടിക്കാട്ടിയപ്പോൾ 800 ബെഡിൽ കൂടുതലുള്ള ആശുപത്രി എന്ന നിലയിൽ കൂടുതൽ ശമ്പളം വേണമെന്നായി. 100 കുട്ടികളുള്ള സ്കൂളിലും ആയിരമുള്ള സ്കൂളിലും ശമ്പളം ഒന്ന് തന്നെ എന്നതവർ



മറക്കുന്നു. കൂടുതൽ ബെഡ് ഉള്ളപ്പോൾ കൂടുതൽ പേർക്ക് ജോലി ലഭിക്കുന്നു.

ഏറ്റവും കുറഞ്ഞ നിരക്കിൽ ചികിത്സ നടത്തുന്നത് ജൂബിലി ആണ്. എന്നാൽ ഏറ്റവും നല്ല ചികിത്സ ലഭിക്കുകയും ചെയ്യുന്നു. അപ്പോൾ കോർപറേറ്റ് ആശുപതി വന്നാൽ തൃശൂരിൽ രക്ഷപ്പെടില്ല. അതിനു ജൂബിലി ആശുപത്രി ദുർബലമാകണം. അതിനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. തൃശൂരിൽ മാത്രമാണ് കോർപറേറ്റ് ആശുപത്രി ഇല്ലാത്തത്. കാരണം ജൂബിലിയുടെ മികവ് തന്നെ (ഇതേ കാര്യം മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലും സൂചിപ്പിക്കുകയുണ്ടായി)

ഈ വർഷാവസാനം തനിക്ക് 75 വയസ് തികയുമെന്നും സ്ഥാനം ഒഴിയാൻ കത്ത് നൽകിക്കഴിഞ്ഞുവെന്നും മാർ താഴത്ത് പറഞ്ഞു. പലർക്കും ഇത് സന്തോഷം ആകട്ടെ എന്ന് കരുതിയാണ് പറയുന്നത്.

ഏറ്റവും മികച്ച മെഡിക്കൽ കോളജ് ആയി ജൂബിലിയെ തെരെഞ്ഞെടുത്ത കാര്യവും അദ്ദേഹം പങ്കു വച്ചു.

നഴ്സുമാരുടെ സമരത്തോട് സഹതാപമേയുള്ളു. അവർ തിരിച്ചു വന്നാൽ ആശുപത്രയുടെ ആവശ്യാനുസരണം തിരിച്ചെടുക്കും.

മികച്ച ചികിത്സയും നിലവാരമുള്ള മെഡിക്കൽ വിദ്യാഭ്യാസവും കുറഞ്ഞ ചെലവിൽ നൽകുന്നതിനൊപ്പം ജീവനക്കാർക്ക് മാന്യമായ വേതനം ഉറപ്പാക്കുകയെന്നതാണ് ആശുപത്രിയുടെ നയമെന്നും അദ്ദേഹം പറഞ്ഞു.

നഴ്സുമാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും മാന്യമായ വേതനം ലഭിക്കണമെന്ന കാര്യത്തിൽ ആശുപത്രി ഭരണ സമിതിക്ക് എതിർപ്പില്ലെന്നും എന്നാൽ വേതനനിർണയം ഓരോ ആശുപത്രിയും പ്രത്യേകം ചെയ്യുന്നതല്ല, സർക്കാർ നിശ്ചയിക്കുന്ന ഏകീകൃത മിനിമം വേതന വ്യവസ്ഥയിലൂടെയാകണമെന്നും മാർ താഴത്ത് പറഞ്ഞു. സർക്കാർ തീരുമാനിച്ചാൽ അത് അനുസരിക്കും. എന്നാൽ മറ്റു പല ആശുപത്രികളും അതിനെതിരെ കോടതിയിൽ പോകുന്നതാണ് കണ്ടിട്ടുള്ളത്.

ജൂബിലി ആശുപത്രിയിൽ മാത്രം സമരം ശക്തമായി തുടരുകയും മറ്റ് ആശുപത്രികളിൽ സമരങ്ങൾ അവസാനിക്കുകയും ചെയ്ത സാഹചര്യമാണ് സംശയങ്ങൾ ഉയർത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. ചില കോർപ്പറേറ്റ് ആശുപത്രികൾക്കും മറ്റ് തൽപരകക്ഷികൾക്കും ജൂബിലി പോലുള്ള മിഷൻ ആശുപത്രികളെ ദുർബലപ്പെടുത്താനുള്ള ലക്ഷ്യമുണ്ട്. ഈ വിഷയത്തിൽ തനിക്ക് ചില സൂചനകൾ ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം അവകാശപ്പെട്ടു.

സമരത്തിന്റെ തുടക്കത്തിൽ നഴ്സുമാർക്കെതിരെ കടുത്ത നടപടി സ്വീകരിക്കണമെന്ന ആവശ്യങ്ങൾ ഉയർന്നിരുന്നുവെങ്കിലും അത്തരം നടപടികൾ സ്വീകരിച്ചില്ലെന്നും പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കാനാണ് ആശുപത്രി ശ്രമിച്ചതെന്നും അദ്ദേഹം പറഞ്ഞു.

സോഷ്യൽ മീഡിയയിലൂടെ ജൂബിലി ആശുപത്രിക്കും സഭയ്ക്കുമെതിരെ ആസൂത്രിതമായ പ്രചാരണം നടക്കുന്നുണ്ടെന്നും സ്ഥാപനങ്ങളെ വിഭജിക്കുകയും ദുർബലപ്പെടുത്തുകയും ചെയ്യാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇതിനെ കാണുന്നതെന്നും മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. ഇതിനു പ്രധാന കാരണം സീറോ മലബാർ സഭയാണ് കേരളത്തിൽ വിദ്യാഭ്യാസ കാര്യത്തിലും മെഡിക്കൽ രംഗത്തും സുശക്തമായി നിലകൊള്ളുന്നത്. അത് ദുർബലപ്പെടുത്തിയാലേ തങ്ങളുടെ ലക്ഷ്യം നടക്കൂ എന്ന അവർക്ക്



അറിയാം. അടുത്ത കാലങ്ങളിൽ ഉണ്ടായ വിവിധ പ്രശ്നങ്ങൾ പരിശോധിച്ചാൽ ഇത് മനസിലാകും.

നഴ്സ് സമരം സംബംന്ധിച്ച് സർക്കാർ തലത്തിലും തൊഴിൽ വകുപ്പ് മുഖേനയും ചർച്ചകൾ തുടരുകയാണ്.

സീറോ മലബാർ കൺവൻഷനിൽ പങ്കെടുക്കുന്ന നഴ്സുമാർ മിക്കവരും സമരക്കാരുടെ കൂടിയാണെന്നും അവരുടെ മനസ് മാറ്റാനുള്ള വിശദീകരണമാണ് വേണ്ടതെന്നും മാധ്യമപ്രവർത്തകർ ആർച്ച് ബിഷപ്പിനോട് പറഞ്ഞു.

മാർ താഴത്ത് പറഞ്ഞത് (വീഡിയോ കാണാം)

ജൂബിലി മിഷൻ ആശുപത്രിയെക്കുറിച്ച് ഒരു കാര്യം ഞാൻ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു. ഏറ്റവും നല്ല ചികിത്സയും മികച്ച മെഡിക്കൽ വിദ്യാഭ്യാസവും ഏറ്റവും കുറഞ്ഞ ചെലവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ജൂബിലിയുടെ അടിസ്ഥാന ലക്ഷ്യം. അതോടൊപ്പം ഇവിടെ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാർക്കും മാന്യമായ വേതനം നൽകണമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇത് ജൂബിലിയുടെ അടിസ്ഥാന തത്വമാണ്.

ജൂബിലി ആശുപത്രി കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ ഏറ്റവും കൂടുതൽ ശമ്പളം നൽകുന്ന സ്ഥാപനങ്ങളിലൊന്നാണെന്ന് ഞാൻ ഉറപ്പിച്ച് പറയുന്നു. ഈ വിഷയത്തിൽ ആർക്കും ഞങ്ങളെ വെല്ലുവിളിക്കാം. സമരം തുടങ്ങിയ ശേഷം പല കോർപ്പറേറ്റ് ആശുപത്രികളും അവരുടെ അടിസ്ഥാന ശമ്പളം വർധിപ്പിക്കേണ്ട സാഹചര്യം വന്നിട്ടുണ്ട്. മുമ്പ് പതിനായിരമോ പന്ത്രണ്ടായിരമോ രൂപയായിരുന്നു ചില ആശുപത്രികളിലെ അടിസ്ഥാന ശമ്പളം. പിന്നീട് അതിൽ വർധന വരുത്തി.

ഞങ്ങളുടെ നിലപാട് വളരെ വ്യക്തമാണ്. ജൂബിലിയിലെ ജീവനക്കാർക്ക് മാന്യമായ ശമ്പളം ലഭിക്കണം. എന്നാൽ അത് ജൂബിലിക്ക് മാത്രമായി ബാധകമായ ഒരു വിഷയമാകരുത്. കേരളത്തിലെ എല്ലാ സ്വകാര്യ ആശുപത്രികളിലെയും ജീവനക്കാർക്കും സർക്കാർ നിശ്ചയിക്കുന്ന മാന്യമായ മിനിമം വേതനം ലഭിക്കണം. ഒരു ആശുപത്രിയെ മാത്രം ലക്ഷ്യമാക്കി സമരം നടത്തുന്നത് ശരിയായ സമീപനമല്ല.




ഡോക്ടർമാരുടെ ശമ്പളത്തെക്കുറിച്ചും പല തെറ്റിദ്ധാരണകൾ പ്രചരിക്കുന്നുണ്ട്. ചില കോർപ്പറേറ്റ് ആശുപത്രികളിൽ ചില ഡോക്ടർമാർക്ക് കൂടുതൽ ശമ്പളം ലഭിക്കാം. എന്നാൽ എല്ലാ ആശുപത്രികളിലും അങ്ങനെ അല്ല. അതിനാൽ ജൂബിലിയെക്കുറിച്ച് തെറ്റായ പ്രചാരണം നടത്തരുത്.

2012-ലും 2013-ലും ജീവനക്കാരുടെ ശമ്പളം വർധിപ്പിച്ചു. 2015-ലും വീണ്ടും വർധന നൽകി. 2021-ൽ മറ്റ് ആശുപത്രികളിൽ സമരങ്ങൾ നടന്ന സമയത്തും ജൂബിലി ശമ്പളവർധന നടപ്പാക്കി. ഏറ്റവും ഒടുവിൽ ഈ വർഷവും വീണ്ടും ശമ്പളം കൂട്ടി. ഏകദേശം 800-ലധികം ജീവനക്കാർക്ക് അതിന്റെ പ്രയോജനം ലഭിച്ചു.

അതുകൊണ്ട് തന്നെ, ജൂബിലി ജീവനക്കാരെ അവഗണിച്ചുവെന്ന ആരോപണം ശരിയല്ല. സാമ്പത്തികമായി കഴിയുന്നത്ര എല്ലാ ഘട്ടങ്ങളിലും മാനേജ്മെന്റ് ശമ്പളവർധന നൽകിയിട്ടുണ്ട്.

പക്ഷേ ഒരു ആശുപത്രിയുടെ സാമ്പത്തിക ശേഷിക്കും പരിധിയുണ്ട്. നൂറ് കുട്ടികളുള്ള സ്കൂളിലും ആയിരം കുട്ടികളുള്ള സ്കൂളിലും അധ്യാപക ശമ്പളം തുല്യമാണ്. ഓരോ ആശുപത്രിക്കും അതിന്റെ വരുമാനവും രോഗികളുടെ എണ്ണവും കണക്കിലെടുത്താണ് ശമ്പളച്ചെലവ് വഹിക്കാൻ കഴിയുക.

ജൂബിലി ഒരു കോർപ്പറേറ്റ് ആശുപത്രിയല്ല. മിഷൻ ആശുപത്രിയാണ്. ലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമല്ല ഇത്. രോഗികൾക്ക് കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ നൽകുകയാണ് ഞങ്ങളുടെ ലക്ഷ്യം. അതിനാൽ സാമ്പത്തിക യാഥാർത്ഥ്യങ്ങൾ കൂടി പരിഗണിച്ചാണ് എല്ലാ തീരുമാനങ്ങളും എടുക്കേണ്ടത്.

എന്നിരുന്നാലും, ജീവനക്കാർക്ക് മാന്യമായ വേതനം ലഭിക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. പക്ഷേ ആ വേതനം സർക്കാർ



എല്ലാ സ്വകാര്യ ആശുപത്രികൾക്കും ഒരുപോലെ ബാധകമായ രീതിയിൽ നിശ്ചയിക്കണം. ഒരു ആശുപത്രിയെ മാത്രം തിരഞ്ഞെടുത്ത് അതിന്മേൽ സമ്മർദം ചെലുത്തുന്നത് നീതിയല്ല.

ഒരു ചോദ്യം ഞാൻ തുടക്കം മുതൽ ചോദിച്ചുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് സമരം ജൂബിലി ആശുപത്രിയിൽ മാത്രം കേന്ദ്രീകരിക്കുന്നത്?

അമല ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളിലും ശമ്പളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അവിടെയും ജീവനക്കാർക്ക് കുറഞ്ഞ ശമ്പളമായിരുന്നു ലഭിച്ചിരുന്നത്. എന്നാൽ അവിടെയുള്ള സമരങ്ങൾ അവസാനിച്ചു. ജൂബിലിയിൽ മാത്രം സമരം തുടരുന്നു. അതാണ് എന്നെ ചിന്തിപ്പിച്ചത്.

ഈ സമരം ആരംഭിച്ചശേഷവും ജൂബിലി മാനേജ്മെന്റ് ശമ്പളവർധന നടപ്പാക്കി. അടുത്തിടെ വീണ്ടും ശമ്പളം വർധിപ്പിക്കുകയും നൂറുകണക്കിന് ജീവനക്കാർക്ക് അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. എന്നിട്ടും സമരം അവസാനിക്കാത്തത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല.

ഞങ്ങളുടെ നിലപാട് ഒരിക്കലും ജീവനക്കാർക്കെതിരെയല്ല. നഴ്സുമാർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കും മാന്യമായ ശമ്പളം ലഭിക്കണം. പക്ഷേ അത് ഒരു ആശുപത്രിയിൽ മാത്രം നടപ്പാക്കേണ്ട കാര്യമല്ല. കേരളത്തിലെ എല്ലാ സ്വകാര്യ ആശുപത്രികൾക്കും ഒരേ മാനദണ്ഡം സർക്കാർ നിശ്ചയിക്കണം.

ഒരു ഘട്ടത്തിൽ ജൂബിലി, അമല തുടങ്ങിയ ആശുപത്രികളുടെ ഡയറക്ടർമാരും സമരനേതാക്കളും ചർച്ചകൾ നടത്തി. ഇടക്കാല ആശ്വാസം വേണമെന്ന ആവശ്യം ഉയർന്നു. എന്നാൽ ബെഡുകളുടെ എണ്ണമോ ആശുപത്രിയുടെ വലിപ്പമോ അടിസ്ഥാനമാക്കി മാത്രം ശമ്പളം നിശ്ചയിക്കണമെന്ന ചില ആവശ്യങ്ങൾ അംഗീകരിക്കാൻ കഴിയില്ലെന്ന് ഞങ്ങൾ വ്യക്തമാക്കി. അത് നീതിപൂർവമായ മാനദണ്ഡമല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ജൂബിലിയിൽ എണ്ണൂറിലധികം നഴ്സുമാർ ജോലി ചെയ്യുന്നു. അത്രയും വലിയ ജീവനക്കാരുടെ ശമ്പളബാധ്യത ആശുപത്രിക്കുണ്ട്. അതിനനുസരിച്ചാണ് സാമ്പത്തിക ക്രമീകരണങ്ങൾ നടത്തേണ്ടത്.

കേരള ഹോസ്പിറ്റൽ അസോസിയേഷനിലെ വിവിധ ആശുപത്രികൾ ഈ വിഷയത്തിൽ ഒന്നിച്ചുനിന്ന് സർക്കാരുമായി ചർച്ച നടത്തണമെന്ന ആശയവും ഉയർന്നിരുന്നു. ഒരു ആശുപത്രിയെ മാത്രം ലക്ഷ്യമാക്കി സമരം നടത്തുന്നതിനേക്കാൾ എല്ലാ സ്വകാര്യ ആശുപത്രികൾക്കും ഒരുപോലെ ബാധകമായ മിനിമം വേതനം സർക്കാർ പ്രഖ്യാപിക്കണമെന്ന നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്.

ജൂബിലിയിൽ നൽകുന്ന ശമ്പളത്തിന്റെ കാര്യത്തിൽ തെറ്റായ വിവരങ്ങളാണ് പലപ്പോഴും പ്രചരിക്കുന്നത്. എല്ലാ ശമ്പളവും നിയമാനുസൃതമായി ബാങ്ക് അക്കൗണ്ടുകളിലൂടെയാണ് നൽകുന്നത്. ലേബർ ഓഫീസിന്റെ പരിശോധനകളിലും ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടുണ്ട്. പുറത്തുവന്ന ചില വിവരങ്ങൾ യാഥാർഥ്യവുമായി പൊരുത്തപ്പെടുന്നില്ലെന്ന് പരിശോധനകളിൽ വ്യക്തമായിട്ടുണ്ട്.

ഒരു കാര്യം ഞാൻ വീണ്ടും ആവർത്തിക്കുന്നു. കേരളത്തിൽ ഏറ്റവും കുറഞ്ഞ ചികിത്സാച്ചെലവിൽ മികച്ച ചികിത്സ നൽകുകയും ജീവനക്കാർക്ക് താരതമ്യേന മികച്ച ശമ്പളം നൽകുകയും ചെയ്യുന്ന ഒരു മിഷൻ ആശുപത്രിയെയാണ് ഇത്ര ശക്തമായി ലക്ഷ്യമിടുന്നത്. അതുകൊണ്ടാണ് ഈ സമരത്തിന് പിന്നിൽ മറ്റെന്തെങ്കിലും ലക്ഷ്യങ്ങളുണ്ടോ എന്ന സംശയം എനിക്ക് തോന്നുന്നത്.

ഇത് വെറും ശമ്പളപ്രശ്നം മാത്രമാണോ, അതോ ഇതിന് പിന്നിൽ മറ്റ് താൽപര്യങ്ങളും പ്രവർത്തിക്കുന്നുണ്ടോ എന്നത് സമൂഹം ചിന്തിക്കേണ്ട വിഷയമാണെന്നും ഞാൻ വിശ്വസിക്കുന്നു.

ഈ സമരത്തെ ഞാൻ ഒരു തൊഴിൽപ്രശ്നം മാത്രമായി കാണുന്നില്ല. ഇതിന് പിന്നിൽ മറ്റുചില ലക്ഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന സംശയം എനിക്കുണ്ട്. ഈ സംശയം ഞാൻ വെറുതെ പറയുന്നതല്ല. വിവിധ തലങ്ങളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഇങ്ങനെ പറയുന്നത്.

ചില കോർപ്പറേറ്റ് ആശുപത്രികൾക്ക് ജൂബിലി പോലുള്ള മിഷൻ ആശുപത്രികളുടെ വളർച്ച വെല്ലുവിളിയാണ്. കുറഞ്ഞ ചെലവിൽ മികച്ച ചികിത്സയും മികച്ച ഡോക്ടർമാരെയും ജീവനക്കാരെയും നിലനിർത്താൻ കഴിയുന്ന ഒരു സ്ഥാപനം സ്വാഭാവികമായും മറ്റുള്ളവർക്ക് മത്സരമാകും. അതിനാൽ ജൂബിലിയുടെ പ്രതിച്ഛായ തകർക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി എനിക്ക് തോന്നുന്നു.

സമരം തുടങ്ങിയ സമയത്ത് ചിലർ നഴ്സുമാർക്കെതിരെ ശക്തമായ പോലീസ് നടപടി സ്വീകരിക്കണമെന്നും അറസ്റ്റ് ചെയ്യണമെന്നും ചിലർ ആവശ്യപ്പെട്ടു. എന്നാൽ ഞാൻ അതിന് സമ്മതിച്ചില്ല. ഈ കുട്ടികൾക്ക് നീതി ലഭിക്കണം എന്ന നിലപാടാണ് ഞാൻ സ്വീകരിച്ചത്. ബലപ്രയോഗത്തിലൂടെയോ അറസ്റ്റ് ചെയ്തോ പ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്ന് ഞാൻ വിശ്വസിച്ചു.

എനിക്ക് ലഭിച്ച ചില വിവരങ്ങൾ പ്രകാരം, സമരം മറ്റൊരു രീതിയിലേക്ക് മാറ്റാനും സംഘർഷാവസ്ഥ സൃഷ്ടിക്കാനുമുള്ള ശ്രമങ്ങൾ നടന്നിരുന്നു. അങ്ങനെ സംഭവിച്ചിരുന്നുവെങ്കിൽ വാർത്തകളുടെ ശ്രദ്ധ മുഴുവൻ മറ്റൊരു വിഷയത്തിലേക്ക് മാറുമായിരുന്നു. എന്നാൽ ആ സാഹചര്യം ഉണ്ടാകാതിരുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

സോഷ്യൽ മീഡിയയിലും ആസൂത്രിതമായ പ്രചാരണം നടന്നുവെന്നാണ് എന്റെ വിലയിരുത്തൽ. ജൂബിലി ആശുപത്രിയെയും എന്നെയും ലക്ഷ്യമാക്കി നിരവധി പോസ്റ്റുകളും വീഡിയോകളും പ്രചരിപ്പിക്കപ്പെട്ടു. അവയിൽ പലതും യാഥാർഥ്യത്തെ വളച്ചൊടിക്കുന്നതായിരുന്നു.

സോഷ്യൽ മീഡിയയിൽ സജീവമായ ചില അക്കൗണ്ടുകൾ പ്രത്യേകം ഒരു ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നതെന്ന സംശയവും എനിക്കുണ്ട്. ആശുപത്രിയുടെ യഥാർഥ പ്രവർത്തനങ്ങളോ ജീവനക്കാർക്ക് നൽകിയ ആനുകൂല്യങ്ങളോ അവതരിപ്പിക്കുന്നതിന് പകരം, പ്രതികൂലമായ കാര്യങ്ങൾ മാത്രം ഉയർത്തിക്കാട്ടുന്ന സമീപനമാണ് പലപ്പോഴും കണ്ടത്.

ഈ പ്രചാരണത്തിന്റെ ലക്ഷ്യം ഒരു ആശുപത്രിയെ മാത്രം വിമർശിക്കുക എന്നതല്ലെന്നും ഞാൻ കരുതുന്നു. കേരളത്തിൽ വിദ്യാഭ്യാസം, ആരോഗ്യരംഗം, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിൽ സഭ നടത്തുന്ന സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുക എന്ന വലിയ അജണ്ടയുടെ ഭാഗമായാണ് ഇത്തരം നീക്കങ്ങളെ ഞാൻ കാണുന്നത്.

സമൂഹത്തിൽ വലിയ സ്വാധീനമുള്ള സ്ഥാപനങ്ങളെ ആദ്യം ലക്ഷ്യമിടുകയും അവയെ പരസ്പരം വിഭജിക്കുകയും ദുർബലപ്പെടുത്തുകയും ചെയ്യുക എന്നത് പല പ്രസ്ഥാനങ്ങളും സ്വീകരിക്കുന്ന ഒരു തന്ത്രമാണെന്നാണ് എന്റെ വിലയിരുത്തൽ. അതിന്റെ ഭാഗമായാണ് ജൂബിലി ആശുപത്രിയെയും ലക്ഷ്യമിടുന്നതെന്ന സംശയം എനിക്കുണ്ട്.

എന്നാൽ ഇതെല്ലാം ഉണ്ടായാലും ഞങ്ങളുടെ നിലപാട് മാറുന്നില്ല. ഞങ്ങൾ ആരോടും ശത്രുത പുലർത്തുന്നില്ല. ജീവനക്കാർക്ക് നീതി ലഭിക്കണം. രോഗികൾക്ക് മികച്ച ചികിത്സ ലഭിക്കണം. ആശുപത്രിയുടെ സേവനമികവ് നിലനിർത്തണം. അതോടൊപ്പം സത്യാവസ്ഥ സമൂഹത്തിന്റെ മുന്നിലെത്തണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. നഴ്സുമാർക്കും ആശുപത്രിയിലെ എല്ലാ ജീവനക്കാർക്കും മാന്യമായ വേതനം ലഭിക്കണം. അതിൽ ഞങ്ങൾക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല. എന്നാൽ ആ വേതനം ഒരു ആശുപത്രിയെ മാത്രം



ലക്ഷ്യമിട്ട് നിശ്ചയിക്കേണ്ടതല്ല. കേരളത്തിലെ എല്ലാ സ്വകാര്യ ആശുപത്രികൾക്കും ഒരുപോലെ ബാധകമായ മിനിമം വേതനം സർക്കാർ നിശ്ചയിക്കണം. അതാണ് നീതിയുള്ള മാർഗം.

ജൂബിലി ആശുപത്രി മാത്രം ശമ്പളം വർധിപ്പിച്ചാൽ പ്രശ്നം പരിഹരിക്കില്ല. മറ്റ് ആശുപത്രികളിലെ ജീവനക്കാർക്കും അതേ അവകാശമുണ്ട്. അതുകൊണ്ടാണ് എല്ലാ ആശുപത്രികളെയും ഉൾപ്പെടുത്തി സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്ന നിലപാട് ഞങ്ങൾ സ്വീകരിച്ചത്.

കത്തോലിക്കാ സഭയുടെ ആശുപത്രികൾ വർഷങ്ങളായി ജാതി, മത, സമുദായ വ്യത്യാസമില്ലാതെ എല്ലാവരെയും ജോലിയിൽ നിയമിക്കുകയും സേവനം നൽകുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ്. അതാണ് ഞങ്ങളുടെ പാരമ്പര്യം. അതിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല.

ഈ സമരത്തിനിടെ പല നഴ്സുമാരും ജൂബിലി വിട്ടുപോകുമെന്നായിരുന്നു ചിലരുടെ പ്രതീക്ഷ. എന്നാൽ യാഥാർഥ്യം അതിന് വിരുദ്ധമാണ്. മറ്റ് ആശുപത്രികളിൽ നിന്ന് നിരവധി നഴ്സുമാർ ജൂബിലിയിലേക്ക് ജോലിക്കായി എത്തുന്നുണ്ട്. അതാണ് ഇവിടെ ജോലി ചെയ്യാനുള്ള താൽപര്യം ഇപ്പോഴും നിലനിൽക്കുന്നുവെന്ന് കാണിക്കുന്നത്.

ജൂബിലി ആശുപത്രിയുടെ പ്രവർത്തനം ഒരു ഘട്ടത്തിലും നിലച്ചിട്ടില്ല. രോഗികൾക്ക് ചികിത്സയും മെഡിക്കൽ സേവനങ്ങളും പതിവുപോലെ തുടരുകയാണ്. ആശുപത്രിയുടെ സേവന നിലവാരത്തിൽ കുറവ് വരാതിരിക്കാനാണ് എല്ലാ വിഭാഗങ്ങളും ഒരുമിച്ച് പ്രവർത്തിച്ചത്.

ഈ വിഷയത്തിൽ സോഷ്യൽ മീഡിയയിൽ പ്രചരിച്ച പല വിവരങ്ങളും യാഥാർഥ്യവുമായി പൊരുത്തപ്പെടുന്നില്ലെന്നാണ് എന്റെ അഭിപ്രായം. ചില കാര്യങ്ങൾ ആസൂത്രിതമായി പ്രചരിപ്പിക്കപ്പെട്ടുവെന്ന സംശയവും എനിക്കുണ്ട്. അതിന്റെ പിന്നിൽ ആരാണെന്നത് അന്വേഷിക്കപ്പെടേണ്ട വിഷയമാണ്.

കേരളത്തിൽ സഭയുടെ സ്ഥാപനങ്ങളെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്ന ചില ശക്തികൾ ഉണ്ടെന്ന ആശങ്ക എനിക്ക് മുമ്പേ ഉണ്ടായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് മേഖലകളിലും ഉണ്ടായ ചില സംഭവങ്ങളെപ്പോലെ തന്നെ, ആശുപത്രികളെയും ലക്ഷ്യമിട്ട് സ്ഥാപനങ്ങളെ വിഭജിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി ഞാൻ കാണുന്നു. അതിന്റെ ഭാഗമായാണ് ജൂബിലി ആശുപത്രിയെയും തിരഞ്ഞെടുത്തതെന്ന സംശയം എനിക്കുണ്ട്.

എന്നിരുന്നാലും, ഞങ്ങളുടെ മറുപടി ഏറ്റുമുട്ടലല്ല. കൂടുതൽ സുതാര്യതയോടെയും കൂടുതൽ ആത്മവിശ്വാസത്തോടെയും സേവനം തുടരുകയാണ് ഞങ്ങളുടെ ലക്ഷ്യം. ജീവനക്കാർക്കും രോഗികൾക്കും സമൂഹത്തിനും നീതി ലഭിക്കണം എന്നതാണ് ഞങ്ങളുടെ നിലപാട്.

സത്യം ഒടുവിൽ വിജയിക്കുമെന്ന വിശ്വാസമുണ്ട്. ജൂബിലി ആശുപത്രി ആരോഗ്യസേവനത്തിലും മെഡിക്കൽ വിദ്യാഭ്യാസത്തിലും സാമൂഹിക പ്രതിബദ്ധതയിലും തന്റെ ദൗത്യം തുടർന്നുകൊണ്ടിരിക്കും. ശമ്പള വിഷയത്തിലും സർക്കാർ നിശ്ചയിക്കുന്ന നീതിയുക്തമായ ഏകീകൃത മാനദണ്ഡം എല്ലാ സ്വകാര്യ ആശുപത്രികൾക്കും ബാധകമാകണമെന്ന ആവശ്യം ഞങ്ങൾ വീണ്ടും ഉന്നയിക്കുന്നു.

Come Home to GRAMIKA.
Gramika
Live with Serenity, Age with dignity.
MONIPPALLY
Operated by
TRAVANCORE FOUNDATION
Senior Care at its Best
Call 97784 28505







MY LORD
MY GOD
St. Thomas Church,
New Jersey


GIBY PARACKAL
FOUNDER & CEO








MEN


W375b
MY
GOD






SYRO-MALABAR SILVER JUBILEE CONVENTION - 20
CHICAGO
"Walk by Faith, Not by Sight"
St. Mary's Syro-Malabar Catholic C
Long Island, New

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability &
Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.


emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Just Click
eMalayalee.com/Advertise

# വർഗീസ് മാളിയേക്കൽ പാസ്റ്ററൽ സെന്ററിനായി ഒരു ലക്ഷം ഡോളർ സംഭാവന നൽകി




ഷിക്കാഗോ: അമേരിക്കയിലെ സീറോ-മലബാർ സഭയുടെ അടുത്ത 25 വർഷം യുവതലമുറയുടെ നേതൃത്വത്തിലുള്ള മിഷനറി സഭയുടെ വളർച്ചയുടേതായിരിക്കണമെന്ന് പ്രമുഖ വ്യവസായിയും സഭാപ്രവർത്തകനുമായ വർഗീസ് മാളിയേക്കൽ. രജതജൂബിലി കൺവൻഷന്റെ സമാപന സമ്മേളനത്തിൽ , രൂപതയുടെ ഭാവി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്ഥാപിക്കുന്ന പാസ്റ്ററൽ സെന്ററിനായി 100,000 ഡോളറിന്റെ ചെക്ക് നൽകിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം .

ഭാര്യ ഷീലയോടൊപ്പം ബിഷപ്പ് ബിഷപ്പ് ജോയ് ആലപ്പാട്ടിന് ഒരു ലക്ഷം ഡോളറിന്റെ ചെക്ക് കൈമാറിയപ്പോൾ സമ്മേളന ഹാൾ കൈയടികളോടെ ആ പ്രഖ്യാപനത്തെ സ്വീകരിച്ചു. കൺവൻഷന്റെ മുഖ്യ സ്പോൺസർമാരിൽ ഒരാളുമായിരുന്നു അദ്ദേഹം.

കഴിഞ്ഞ 25 വർഷത്തെ ചരിത്രത്തിൽ അമേരിക്കയിലെ സീറോ-മലബാർ സമൂഹം സ്വന്തം വ്യക്തിത്വം കണ്ടെത്താനുള്ള പരിശ്രമങ്ങളുടെ കഥയാണ് കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു. ആദ്യകാലത്ത് ലത്തീൻ സഭയുടെയും ലത്തീൻ രൂപതകളുടെയും ഉദാരമായ പിന്തുണയാണ് സീറോ-മലബാർ സഭയുടെ വളർച്ചയ്ക്ക് അടിത്തറയായതെന്നും അദ്ദേഹം അനുസ്മരിച്ചു.

ഇന്ന് ശക്തമായ രൂപതയും ഇടവകകളും വിശ്വാസസമൂഹവുമുള്ള സഭയായി വളർന്നത് നിരവധി വൈദികരുടെയും സന്യാസിസമൂഹത്തിന്റെയും വിശ്വാസികളുടെയും ത്യാഗഫലമാണെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ കൺവൻഷനിലെ രണ്ടാം തലമുറ യുവജനങ്ങളുമായുള്ള സംവാദങ്ങളാണ്




സഭയുടെ ഭാവിദിശ കൂടുതൽ വ്യക്തമായി കാണിച്ചുതന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

"യുവതലമുറ ആഗ്രഹിക്കുന്നത് പ്രവാസികളുടെ സഭയല്ല, മിഷനറി സഭയാണ്. അമേരിക്കയിൽ ജനിച്ച തലമുറകളെയും വിവിധ കാലഘട്ടങ്ങളിൽ കുടിയേറിയ കുടുംബങ്ങളെയും ഒരുമിപ്പിക്കുന്ന ശക്തമായ സഭയാണ് അവർ സ്വപ്നം കാണുന്നത്. യുവാക്കൾക്ക് നേതൃത്വം നൽകുകയും തീരുമാനങ്ങൾ എടുക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്ന സഭയാകണം അത്. അതോടൊപ്പം സീറോ-മലബാർ സഭയുടെ ആരാധനാപാരമ്പര്യത്തിലും ആത്മീയതയിലും ഉറച്ചുനിൽക്കുകയും അമേരിക്കൻ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ സജീവമായി പ്രവർത്തിക്കുകയും വേണം," അദ്ദേഹം അഭിപ്രായപ്പെട്ടു.

അമേരിക്കയിൽ നിന്നുതന്നെ കൂടുതൽ വൈദിക ദൈവവിളികൾ ഉയർന്നുവരണമെന്നും, അടുത്ത 25 വർഷത്തിനുള്ളിൽ അമേരിക്കയിൽ ജനിച്ച ഒരു സീറോ-മലബാർ ബിഷപ്പിനെ കാണാൻ കഴിയുമെന്ന പ്രതീക്ഷയും അദ്ദേഹം പങ്കുവച്ചു.

സഭയുടെ വളർച്ചയ്ക്ക് ആത്മീയ പ്രവർത്തനങ്ങൾ മാത്രം മതിയാകില്ലെന്നും, അതിനെ പിന്തുണയ്ക്കുന്ന അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനങ്ങളും അനിവാര്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വിശ്വാസപരിശീലനവും നവസുവിശേഷവൽക്കരണവും യുവജന ശുശ്രൂഷകളും കൂടുതൽ ശക്തിപ്പെടുത്താൻ സ്ഥിരമായ പാസ്റ്ററൽ സെന്റർ സ്ഥാപിക്കേണ്ടത് രൂപതയുടെ ഏറ്റവും അടിയന്തര ആവശ്യങ്ങളിലൊന്നാണെന്ന് അദ്ദേഹം പറഞ്ഞു.

ധനസമാഹരണത്തിനായി പൊതുവെ ആരോടും അഭ്യർത്ഥിക്കാറില്ലെന്ന് പറഞ്ഞ വർഗീസ് മാളിയേക്കൽ, ഈ പദ്ധതിക്കായി മാത്രം ആ നിലപാട് മാറ്റുകയാണെന്ന് വ്യക്തമാക്കി. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ "കൊടുക്കുവിൻ; നിങ്ങൾക്കും ലഭിക്കും" എന്ന വചനവും "ആർക്ക് അധികം ലഭിച്ചുവോ അവരിൽ നിന്ന് അധികം പ്രതീക്ഷിക്കപ്പെടും" എന്ന സന്ദേശവും ഉദ്ധരിച്ച അദ്ദേഹം, രൂപതയുടെ ഭാവി നിർമാണത്തിനായി എല്ലാവരും ഉദാരമായി കൈകോർക്കണമെന്ന് അഭ്യർഥിച്ചു.

തുടർന്ന്, "ഈ മഹത്തായ പദ്ധതിക്ക് ഒരു തുടക്കമെന്ന നിലയിൽ ഞാനും ഭാര്യ ഷീലയും ചേർന്ന് പാസ്റ്ററൽ സെന്ററിനായി 100,000 ഡോളറിന്റെ സംഭാവന സമർപ്പിക്കുന്നു," എന്ന് പ്രഖ്യാപിച്ചപ്പോൾ സമ്മേളനത്തിൽ പങ്കെടുത്തവർ എഴുന്നേറ്റ് നിന്ന് കൈയടികളോടെ അദ്ദേഹത്തെ ആദരിച്ചു.

പാസ്റ്ററൽ സെന്റർ യാഥാർഥ്യമാകുന്നതിലൂടെ യുവജന ശുശ്രൂഷ, വിശ്വാസപരിശീലനം, കുടുംബ അപ്പസ്തോലേറ്റ്, നവസുവിശേഷവൽക്കരണം എന്നിവ കൂടുതൽ കാര്യക്ഷമമായി ഏകോപിപ്പിക്കാൻ രൂപതയ്ക്ക് സാധിക്കുമെന്ന് സമ്മേളനത്തിൽ വിലയിരുത്തപ്പെട്ടു.

# യുവസംരംഭകരുടെ ആശയങ്ങളെ അവസരങ്ങളാക്കാൻ സീറോ ബിസിനസ് കണക്റ്റ് ; ചിക്കാഗോയിൽ തുടക്കം



**മാർട്ടിൻ വിലങ്ങോലിൽ**

ചിക്കാഗോ: സീറോ മലബാർ സമൂഹത്തിലെ യുവജനങ്ങൾ, വിദ്യാർഥികൾ, യുവസംരംഭകർ, പ്രൊഫഷണലുകൾ, നിക്ഷേപകർ എന്നിവരെ ഒരു കുടക്കീഴിൽ അണിനിരത്തി പുതിയ കരിയർമെന്റർഷിപ്പ് അവസരങ്ങൾ ഒരുക്കുന്ന സീറോ ബിസിനസ് കണക്റ്റിന് ചിക്കാഗോയിൽ സമാരംഭം.

യുവതലമുറയ്ക്ക് ബിസിനസ്, കരിയർ രംഗങ്ങളിൽ വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുന്ന കൂട്ടായ്മയുടെ ഔദ്യോഗിക ഉദ്ഘാടനം സീറോ മലബാർ കൺവെൻഷനോടനുബന്ധിച്ച് ചിക്കാഗോ മക്കോർമിക് പ്ലേസിൽ നടന്ന ചടങ്ങിൽ ചിക്കാഗോ സീറോ മലബാർ രൂപതാ മെത്രാൻ ബിഷപ് മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു.

വെറുമൊരു ബിസിനസ് നെറ്റ്‌വർക്കിങ് ക്ലബ് എന്നതിനപ്പുറം യുവതലമുറയെ ലക്ഷ്യമിട്ട് വിശ്വാസം, ധാർമ്മികത, പരസ്പര സഹായം എന്നിവയിലൂന്നി പ്രവർത്തിക്കുന്ന സ്ഥിരം ബിസിനസ് സമൂഹമായാണ് സംഘടന രൂപീകരിച്ചിരിക്കുന്നത്. ചടങ്ങിൽ സംഘടനയുടെ സ്പിരിച്ച്വൽ ഡയറക്ടറും ചിക്കാഗോ സീറോ മലബാർ രൂപതാ പ്രൊക്യൂറേറ്ററുമായ ഫാ. കുര്യൻ നെടുവേലിചാലുങ്കൽ, ആക്ടിംഗ് ചെയർമാൻ ജോസി ജോർജ് അഞ്ഞിലിവേലിൽ, നേതൃത്വസംഘാംഗങ്ങളായ റോബിൻ അലക്സ്, ചെറിയാൻ തോമസ്, സുനിൽ കുര്യൻ, റിച്ചാർഡ് കർട്ടോ എന്നിവർ പങ്കെടുത്തു.

**യുവജനങ്ങൾക്ക് വഴികാട്ടണം: ബിഷപ് മാർ ജോയ് ആലപ്പാട്ട്:**

ബിസിനസിലും കരിയറിലും ലഭിക്കുന്ന വിജയം ദൈവത്തിന്റെ ദാനമാണെന്നും അവ അടുത്ത തലമുറയിലെ യുവജനങ്ങളുടെ വളർച്ചയ്ക്കായി പങ്കുവയ്ക്കുമ്പോഴാണ് അനുഗ്രഹമായി മാറുന്നതെന്നും ബിഷപ് മാർ ജോയ് ആലപ്പാട്ട് പറഞ്ഞു. യുവജനങ്ങൾ വലിയ സ്വപ്നങ്ങൾ കാണാൻ മടിക്കരുതെന്നും എന്നാൽ സത്യസന്ധതയും വിനയവും കൈവിടരുതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

നെറ്റ്‌വർക്കിങ് മുതൽ ബിസിനസ് നടത്തിപ്പിൽ വരെ പ്രൊഫഷണൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രൈസ്തവ വിശ്വാസ മൂല്യങ്ങൾ എങ്ങനെ സംയോജിപ്പിക്കാമെന്ന കാര്യത്തിൽ ഫാ. കുര്യൻ നെടുവേലിചാലുങ്കൽ സംഘടനയ്ക്ക് മാർഗ

നിർദേശം നൽകും. സമൂഹത്തിലെ കുട്ടികൾക്കും യുവജനങ്ങൾക്കും സ്വന്തം വിശ്വാസസമൂഹത്തിനുള്ളിൽനിന്നുള്ള മികച്ച മാതൃകകൾ ആവശ്യമാണെന്നും ഒരു നല്ല സംഭാഷണം ഒരു യുവാവിന് നൽകുന്ന ആത്മവിശ്വാസം ചെറുതല്ലെന്നും ഫാ. കുര്യൻ ചൂണ്ടിക്കാട്ടി. ലാഭം നേടുന്നവൻ മാത്രമല്ല, മറിച്ച് അവസരങ്ങൾ സൃഷ്ടിക്കുകയും വിജയത്തെ സമൂഹത്തിന് ഉപകാരപ്രദമാക്കുകയും ചെയ്യുന്നവനാണ് യഥാർഥ ബിസിനസ് നേതാവെന്നും അദ്ദേഹം പറഞ്ഞു.

**കണക്ഷൻ, മെന്റർഷിപ്പ്, ഇൻവെസ്റ്റ്മെന്റ്:**

ആശയങ്ങളുള്ള യുവസംരംഭകർക്ക് ശരിയായ ഗൈഡൻസും വിദ്യാർഥികൾക്ക് കരിയർ മാർഗനിർദേശവും നൽകുക എന്നതാണ് തങ്ങളുടെ പ്രധാന ലക്ഷ്യമെന്ന് ആക്ടിംഗ് ചെയർമാൻ ജോസി ജോർജ് അഞ്ഞിലിവേലിൽ വ്യക്തമാക്കി. അമേരിക്കയിലെ വിവിധ നഗരങ്ങളിൽ പ്രാദേശിക ചാപ്റ്ററുകൾ, പ്രതിമാസ വെബിനാറുകൾ, കരിയർ ഗൈഡൻസ്, ഇൻടേൺഷിപ്പ് അവസരങ്ങൾ എന്നിവ യുവജനങ്ങൾക്കായി സംഘടനയിലൂടെ ലഭ്യമാക്കും. ബിസിനസ് വിജയത്തിനൊപ്പം സാമൂഹിക പ്രതിബദ്ധതയും സുനിൽ കുര്യൻ വിശദീകരിച്ചു. കൂടുതൽ വിവരങ്ങൾ syrobusinessconnect.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**യുവസംരംഭകരുടെ 'ഫയർസൈഡ് ചാറ്റ്':**


ഒരു ആശയം എങ്ങനെ വലിയ ബിസിനസാക്കി മാറ്റാം, ആദ്യ ഉപഭോക്താവിനെ എങ്ങനെ കണ്ടെത്താം, കരിയറിന്റെ തുടക്കകാലത്തെ പരാജയങ്ങളിൽനിന്ന് എന്താണ് പഠിക്കേണ്ടത്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നൽകുന്ന സാധ്യതകൾ തുടങ്ങിയ യുവജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ വിഷയങ്ങൾ ചർച്ച ചെയ്ത 'From Idea to Impact' ഫയർസൈഡ് ചാറ്റ് വേദിയിലെ പ്രധാന ആകർഷണമായി. പ്രമുഖ സംരംഭകരായ റോബിൻ അലക്സ്, ചെറിയാൻ തോമസ്, റിച്ചാർഡ് കർട്ടോ എന്നിവർ പാനലിസ്റ്റുകളായി. ജോസി ജോർജ് സംഭാഷണം നയിച്ചു.

**ഷാർക്ക് ടാങ്കിൽ ജെസ്വിൻ വർഗീസിന് ഒന്നാം സ്ഥാനം:**

യുവസംരംഭകർക്കായി ഒരുക്കിയ സീറോ ഷാർക്ക് ടാങ്ക് 2026 മത്സരത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ഫിറ്റ്നസ് പ്ലാറ്റ്ഫോമായ അസെൻഡ് ഫിറ്റ്നസ് സ്ഥാപകൻ ജെസ്വിൻ വർഗീസ് ഒന്നാം സ്ഥാനവും പതിനയ്യായിരം ഡോളർ സമ്മാനവും നേടി. രോഗം വന്ന ശേഷം ചികിത്സിക്കുന്ന രീതിക്ക് പകരം മുൻകൂട്ടിയുള്ള ആരോഗ്യ സംരക്ഷണമാണ് ഈ പ്ലാറ്റ്ഫോം ലക്ഷ്യമിടുന്നത്.

വ്യക്തിവിവരങ്ങൾ പരസ്യമാക്കാതെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയിലൂടെ ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സോൾവെയ്ൽ എന്ന സംരംഭം അവതരിപ്പിച്ച അഭിജിത്ത് ഫ്രാൻസിസ് പ്രത്യേക അംഗീകാരത്തിന് അർഹനായി. സൗത്ത് ഏഷ്യൻ വസ്ത്രങ്ങൾ വാടകയ്ക്ക് നൽകാനും പുനർവിൽപ്പന നടത്താനുമുള്ള ഡിജിറ്റൽ മാർക്കറ്റ് പ്ലേസ് ആയ ദേശി ക്ലോസറ്റ്സ് അവതരിപ്പിച്ച ജോയൽ വിൻസെന്റ് പ്രേക്ഷകരുടെ വോട്ടിലൂടെയുള്ള ഓഡിയൻസ് അവാർഡ് നേടി. സ്ട്രാറ്റോസ്, സേ യെഷ്, അവലോൺ എന്നീ സ്റ്റാർട്ടപ്പുകളും ഫൈനലിൽ മാറ്റുരച്ചു.







# ABEL'S GARDEN PVT LTD

**Karimannoor P.O. Thodupuzha, Idukki,**
**Kerala, India PIN. 685581**
**Email/ Phone : hello@abelsgarden.in**
**Tel:+917034413000, +917034643000, +919778050077**

# കേരളത്തിൽ സഭ മൈക്രോ മൈനോറിറ്റി ആകുന്നു : മാർ റാഫേൽ തട്ടിൽ



ഷിക്കാഗോ: ഷിക്കാഗോ സീറോ-മലബാർ രൂപതയുടെ രജതജൂബിലി ആഘോഷം കഴിഞ്ഞ 25 വർഷത്തെ നേട്ടങ്ങൾ അനുസ്മരിക്കുന്നതിൽ ഒതുങ്ങാതെ, നവസുവിശേഷവൽക്കരണത്തിനും മിഷൻ പ്രവർത്തനങ്ങൾക്കും പുതിയ പ്രതിജ്ഞയെടുക്കാനുള്ള അവസരമായി മാറണമെന്ന് സീറോ-മലബാർസഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിൽ ആഹ്വാനം ചെയ്തു.

കൺവൻഷന്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

രൂപതയുടെ സ്ഥാപനം, ആദ്യ രൂപതാധ്യക്ഷനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ നിയമനം, അതിനു ശേഷമുള്ള 25 വർഷത്തെ വളർച്ച എന്നിവ ചൂണ്ടിക്കാട്ടിയ അദ്ദേഹം, ഷിക്കാഗോ രൂപത സീറോ-മലബാർ സഭയുടെ അഭിമാനമാണെന്ന് അഭിപ്രായപ്പെട്ടു. ഈ രജതജൂബിലി രൂപതയ്ക്കകത്തും ആഗോള സീറോ-മലബാർ സഭയ്ക്കകത്തും പരസ്പര ബന്ധവും ഐക്യവും



കൂടുതൽ ശക്തിപ്പെടുത്തി.

ജൂബിലി കൺവൻഷനിൽ വിശ്വാസികൾ കാഴ്ചവെച്ച സജീവ പങ്കാളിത്തം പ്രശംസിച്ച മേജർ ആർച്ച് ബിഷപ്പ്, സമ്മേളനത്തിന്റെ സംഘാടനവും ജനപങ്കാളിത്തവും മുഴുവൻ സീറോ-മലബാർ സഭയ്ക്കും മാതൃകയാണെന്ന് കൂട്ടിച്ചേർത്തു.

"കുടുംബപ്രാർഥന, വിശുദ്ധ കുർബാനയിലെ സജീവ പങ്കാളിത്തം, കുട്ടികൾ, യുവജനങ്ങൾ, പിതൃസംഘം, മാതൃസംഘം, വിവിധ അപ്പസ്തോലേറ്റുകൾ എന്നിവയിലെ സജീവ പ്രവർത്തനം എന്നിവയാണ് നമ്മുടെ സഭയുടെ ശക്തി. കഴിഞ്ഞ 25 വർഷത്തിനിടെ ഈ മേഖലകളിലെല്ലാം ഷിക്കാഗോ രൂപത മാതൃകാപരമായ വളർച്ച കൈവരിച്ചിട്ടുണ്ട്"





"ഓരോ പ്രവാസിയും ഒരു മിഷനറിയാണ്" എന്ന ആശയം മുന്നോട്ടുവച്ച മാർ റാഫേൽ തട്ടിൽ, അമേരിക്കയിലെ പ്രവാസജീവിതം വെറും സാമ്പത്തിക മുന്നേറ്റത്തിനുള്ള അവസരമല്ലെന്നും, ക്രിസ്തുവിന്റെ സുവിശേഷം ജീവിതസാക്ഷ്യത്തിലൂടെ പ്രഘോഷിക്കാനുള്ള ദൗത്യമാണെന്നും ഓർമിപ്പിച്ചു. ഷിക്കാഗോ രൂപത ഒരു പ്രവാസി രൂപതയായതിനാൽ, അമേരിക്കയിൽ നവസുവിശേഷവൽക്കരണത്തിന്റെയും പുനഃസുവിശേഷവൽക്കരണത്തിന്റെയും ശക്തമായ കേന്ദ്രമായി മാറേണ്ട ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം പറഞ്ഞു. "വിശ്വാസികളായി മാത്രം ജീവിച്ചാൽ മതിയാകില്ല; മിഷനറിമാരായി മാറണം. ഇന്നത്തെ അമേരിക്കയിൽ പുതിയ തലമുറയിലേക്കും വിശ്വാസത്തിൽ നിന്ന് അകന്നുപോയവരിലേക്കും ക്രിസ്തുവിന്റെ സന്ദേശം എത്തിക്കുന്ന നവസുവിശേഷവൽക്കരണമാണ് സഭയുടെ പ്രധാന ദൗത്യം," അദ്ദേഹം വ്യക്തമാക്കി.

രൂപതയ്ക്ക് 25 വയസ് പൂർത്തിയായെങ്കിലും അതിലെ വിശ്വാസികൾ ഒരിക്കലും ആത്മീയമായി പ്രായംചെന്നവരാകരുതെന്നും, കൂടുതൽ സജീവവും ഊർജസ്വലവും ഫലപ്രദവുമായ വിശ്വാസ സമൂഹമായി മുന്നോട്ട് പോകണമെന്നും മേജർ ആർച്ച് ബിഷപ്പ് ആഹ്വാനം ചെയ്തു.

"ഈ രജതജൂബിലി ആഘോഷം നമ്മുടെ സമർപ്പണത്തെ പുതുക്കുന്ന ആത്മീയ അനുഭവമാകട്ടെ. വരും വർഷങ്ങളിൽ കൂടുതൽ ഊർജത്തോടെയും മിഷൻ ചൈതന്യത്തോടെയും സഭയുടെ സാക്ഷികളായി മുന്നേറാൻ ദൈവം എല്ലാവരെയും



അനുഗ്രഹിക്കട്ടെ," എന്ന് ആശംസിച്ചുകൊണ്ടാണ് മാർ റാഫേൽ തട്ടിൽ തന്റെ സന്ദേശം സമാപിച്ചത്.

തൃശൂരിലെ നഴ്സിംഗ് സമരത്തിന് പിന്നിൽ പല ലക്ഷ്യങ്ങളുമുണ്ടെന്നു സന്ദേഹമുള്ളതായി മാർ റാഫേൽ തട്ടിൽ നേരത്തെ മാധ്യമപ്രവർത്തകരോട് പറയുകയുണ്ടായി . അതേപ്പറ്റി കൂടുതൽ വിശദീകരിക്കാനില്ലെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ക്രൈസ്തവരുടെ എണ്ണം വലിയ തോതിൽ കുറയുന്നു. പാഴ്സികൾ പോലെയോ ആംഗ്ലോ ഇന്ത്യൻസ് പോലെയോ ക്രൈസ്തവർ മൈക്രോ മൈനോറിറ്റി ആകുന്ന കാലം വിദൂരമല്ല. തന്റെ വീട്ടിലെ പത്തു മക്കളിൽ ഒരാളാണ് താൻ. ഇന്നിപ്പോൾ മാതാപിതാക്കൾ ചെറിയ കുടുംബം ലക്ഷ്യമിടുന്നു. സാമ്പത്തിക സുരക്ഷിതത്വത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നു. അത് പോലെ വിവാഹ പ്രായവും കൂടി. ഇതെല്ലാം ക്രൈസ്തവരുടെ എണ്ണം കുറയുന്നതിന് കാരണമായി.

ഉത്തരേന്ത്യയിലും മറ്റും പെന്തകോസ്ത് സഭാവിഭാഗങ്ങൾ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുന്നു. അതേപ്പറ്റി സഭക്ക് കൃത്യമായ ധാരണയുണ്ട്.

വിദ്യാഭ്യാസ രംഗത്ത് കത്തോലിക്കാ സഭ ചെയ്തിട്ടുള്ള സേവനങ്ങൾ എടുത്തു പറയേണ്ടതാണ്. കേരളത്തെ സാക്ഷര കേരളമാക്കിയത് ഈ പ്രവർത്തനമാണ്. പള്ളിക്കൂടം എന്ന വാക്കു പോലും അതിന്റെ തെളിവാണ്.

തൊഴിൽ ചെയ്യാൻ തയ്യാറുള്ളവർക്ക് കേരളത്തിൽ തൊഴിൽ കിട്ടാതെ വരുന്നില്ല. കപ്പ് ഇടാനും റബർ വെട്ടാനുമൊക്കെ പുറത്തു നിന്നുള്ളവർ വരണം എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

കേരളം കോൺഗ്രസിന് മുൻപ് 24 സീറ്റ്റ്വരെ കിട്ടിയതാണ്. ഇപ്പോഴത് നാല് സീറ്റായി. റാസ്ത്രീയ സാമൂഹിക മാറ്റങ്ങൾ ഇത് വ്യക്തമാക്കുന്നു.

എസ് എം.സി.സിയുടെ കൺവൻഷൻ സെന്ററിലെ ബൂത്തും അദ്ദേഹം സന്ദർശിച്ചു.







# ജിബി പാറക്കൽ: ബിസിനസ് വിജയങ്ങളും നിശബ്ദമായ സേവന പ്രവർത്തനങ്ങളും

ഷിക്കാഗോ: സീറോ മലബാർ സെന്റ് തോമസ് രൂപതയുടെ രജത ജൂബിലി കൺവൻഷൻ മികച്ച ആത്മീയാനുഭവമെന്നു മുഖ്യ സ്പോൺസറായ ജിബി പാറക്കൽ. അതിൽ സന്തോഷമുണ്ട്. ഒട്ടേറെ സഭാപിതാക്കന്മാരുടെ സാന്നിധ്യം തന്നെ മഹനീയമായി.

വി.കുർബാനയും പ്രാർത്ഥനകളും സമ്മേളനത്തെ ഭക്തിസാന്ദ്രമാക്കുന്നു. ഇതൊക്കെ എന്നും ലഭിക്കുന്നതല്ലല്ലോ.

പബ്ലിസിറ്റിയോ അംഗീകാരമോ ലക്ഷ്യമാക്കാതെ പിന്നണിയിൽ നിന്ന് നിശബ്ദമായ പ്രവർത്തനത്തിലൂടെ ശ്രദ്ധേയനായ ജിബി പാറക്കൽ ടെക്സാസിലെ ഓസ്റ്റിൻ കേന്ദ്രീകരിച്ചുള്ള ബിസിനസ് സംരംഭങ്ങളുടെ ഉടമയാണ്. തൊടുപുഴ പൈങ്ങോട്ടൂർ സ്വദേശി. ഐ.ടി. എൻജിനീയറാണ്. 2005-ൽ അമേരിക്കയിലെത്തി. ഐ.ബി.എമ്മിൽ ജോലിയും കിട്ടി.

അങ്ങനെയിരിക്കെ 2008-ൽ ഐബി.എം, ഓസ്റ്റിനിൽ നിന്ന് ജിപിയെ ഡെൻവറിലേക്ക് പുതിയ ദൗത്യത്തിനായി നിയോഗിച്ചു. പോകണോ വേണ്ടയോ എന്ന് സന്ദേഹമായി. പോകണ്ട എന്നും ബിസിനസ് രംഗത്തേക്ക് തിരിയാമെന്നും തീരുമാനമായി. വല്യപ്പൻ ബിസിനസ് രംഗത്തുണ്ടായിരുന്നെങ്കിലും മാതാപിതാക്കൾ അധ്യാകരായതിനാൽ ബിസിനസിനെപ്പറ്റി അത് വരെ ചിന്തിച്ചതല്ല. എങ്കിലും 'കംഫർട്ട് സോൺ' വിട്ട് അനിശ്ചിതത്വത്തിലേയ്ക്കും റിസ്കുള്ള കർമ്മരംഗത്തേക്കും മാറാൻ തന്നെ തീരുമാനിച്ചു.

ഒരു സിംഗിൾ ഫാമിലി വീട് വാങ്ങി വാടകക്ക് കൊടുത്ത് എളിയ തോതിൽ തുടക്കമിട്ട ബിസിനസ് അടുത്ത പത്തു വർഷത്തിനുള്ളിൽ ഒരു ബില്യൺ ആസ്ഥിയുള്ള കമ്പനിയായി ഉയർത്തുന്ന ലക്ഷ്യത്തോടെയാണ് ഇപ്പോൾ ജിബിയുടെ പ്രയാണം.

രണ്ടാമത്തെ സംരഭം 100 ഏക്കർ കൃഷി സ്ഥലം വാങ്ങുക ആയിരുന്നു. അത് കോൺ -കോട്ടൺ-മെയ്സ് ഫാമിങ്ങിനു ലീസിനു കൊടുത്തു. കൃഷി ആയതിനാൽ ടാക്സ് കുറവ്. മികച്ച വരുമാനം!

പതിവ് ശൈലിയിൽ പറഞ്ഞാൽ പി.എസ്.ജി. എന്ന 'പാറക്കൽ ഷാനി ആൻഡ് ജിബി' കമ്പനിക്കു പിന്നീട് തിരിഞ്ഞു നോക്കേണ്ടി വന്നില്ല. ബാക്കി ചരിത്രം.

പിന്നീട് പ്രോപ്പർട്ടികൾ വാങ്ങി അവ വികസിപ്പിക്കുകയോ റെനോവെറ്റ് ചെയ്യുകയോ ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അപ്പാർട്ട്മെന്റുകളും ഇതേ രീതിയിൽ

വാങ്ങി 'ഫ്ലിപ്പ് ചെയ്യുന്നു. മാറ്റം വരുത്തുന്നു എന്നർത്ഥം.

ഇതെല്ലാം ജോലിക്കാരെ ആശ്രയിക്കുന്ന പ്രവർത്തനങ്ങളാണ് . മികച്ച് ജോലിക്കാരെ കൂടെ നിർത്തുന്നതാണ് പ്രധാനം.

ചെയ്യുന്ന ജോലികൾ മികച്ച രീതിയിൽ ചെയ്യുന്നു. അതിനാൽ പരാതി ഉണ്ടാവുന്നില്ല എന്ന് തന്നെ പറയാം. അത് പോലെ മത്സരവും ഇല്ല! ഈ രംഗം കടൽ പോലെ വിശാലമാണ്. ആർക്കു വേണമെങ്കിലും ഈ രംഗത്തിറങ്ങാം. എല്ലാ സ്ഥലങ്ങളിലും ഇതേ അവസരമുണ്ട്. സ്ഥിരം ജോലിയുടെ സുരക്ഷിതത്വവും സുഖവും മാത്രം നോക്കുമ്പോൾ ഇത് എല്ലാം വിഷമം തന്നെ.

നാല് മക്കൾ. രണ്ടാണും രണ്ടു പെണ്ണും. ഇളയ കൊച്ചിന്റെ മാമോദീസ കഴിഞ്ഞ ദിവസം ഷിക്കാഗോ കത്തീഡ്രലിൽ വച്ച് നടത്തിയപ്പോൾ മേജർ ആർച്ച് ബിഷപ്പ് മാർ തട്ടിൽ അടക്കമുള്ള പിതാക്കന്മാർ എത്തിയത് വലിയ സന്തോഷമായി.

ടെസ്ലയും മറ്റും വന്നതിനാൽ പെട്ടെന്ന് വ്യവസായ പ്രാധാന്യം നേടിയ ഓസ്റ്റിന്റെ 25 മൈൽ ചുറ്റളവിൽ സ്വന്തമായി വലിയ തോതിൽ ഭൂമി പിഎസ്ജി ഗ്രൂപ്പ് സ്വന്തമാക്കിയിട്ടുണ്ട്. ഭൂമിക്ക് ആവശ്യക്കാരില്ലാതിരിക്കുകയും വില കുറഞ്ഞിരിക്കുകയും ചെയ്തപ്പോൾ നടത്തിയ നിക്ഷേപം ഇന്നിപ്പോൾ പല മടങ്ങ് വർധിച്ച് ഗ്രൂപ്പിന്റെ വ്യവസായ കുതിപ്പിന്റെ ശക്തിസ്രോതസായി.

അനുമതി ലഭിച്ചിട്ടുള്ള 70 യൂണിറ്റിന്റെ വില്ലാ പ്രോജക്ടാണ് ഇപ്പോൾ ഒരുങ്ങുന്നത്. ഇതിൽ പങ്കാളികളാകാൻ താല്പര്യമുള്ളവർക്ക് അവസരവുമുണ്ട്. അതുപോലെ മറ്റു സംരംഭങ്ങളും നിക്ഷേപം നടത്താനോ പങ്കാളികളാകാനോ താല്പര്യമുള്ളവർക്ക് ജിബിയെ ബന്ധപ്പെടാവുന്നതാണ്. കൺവൻഷൻ വേദിയിൽ പി.എസ് .ജി. ഗ്രൂപ്പിന്റെ ബൂത്ത് ഉണ്ട്.

ഐടി രംഗത്തും പ്രവർത്തിക്കുന്ന പി.എസ് . ജി. ഗ്രൂപ്പിന് കൊച്ചിയിൽ ബാക്ക് ഓഫീസുണ്ട്. ഐ.ടി. ഇൻഫോ ഔട്ട്സോഴ്സിങ് രംഗവും നല്ല നിലയിൽ പോകുന്നു.

ഹോസ്പിറ്റാലിറ്റി രംഗത്തേക്കും ബിസിനസ് വ്യാപിപ്പിച്ചിട്ടുണ്ട്. മൾട്ടി ഫാമിലി ബിൽഡിംഗിലൂടെ ആയിരുന്നു തുടക്കം. ഹോട്ടലുകൾ, കൊമേർഷ്യൽ പ്രോപ്പർട്ടികൾ എന്നിവയിലും കൈവച്ചിരിക്കുന്നു.

അമേരിക്കയിൽ എത്തുമ്പോൾ അവിടെ സീറോ മലബാർ പള്ളി ഇല്ലായിരുന്നു. ആറു മാസത്തിനുള്ളിൽ പള്ളി കമ്മിറ്റി ട്രസ്റ്റി ആയി. 2008-ൽ മിഷൻ രൂപം കൊണ്ടു. 2014-ൽ പള്ളി പണിതു. 2022-ൽ പാസ്റ്ററൽ കൗൺസിൽ അംഗമായി.

ചാരിറ്റി രംഗത്തും മലയാളി സംഘടനകളിലും ജിബിയുടെ കയ്യൊപ്പ് പതിഞ്ഞിട്ടുണ്ട്. 2018-19 കാലത്ത് ഫോമ ചാരിറ്റി വിങ്ങിന്റെ വൈസ് ചെയർ ആയിരുന്നു. കോവിഡ് കാലത്ത് കേരളത്തിലെ നാല് ജില്ലകളിൽ മികച്ച മാസ്കുകൾ ലഭ്യമാക്കാനായി.

സിനിമാ രംഗത്തു പക്ഷെ പ്രതീക്ഷിച്ച വിജയം കൈവരിച്ചില്ല. ബിജു ലോസനുമൊത്ത് 2019-ൽ വാർത്തകൾ ഇതുവരെ എന്ന ചിത്രം നിമ്മിച്ചുവെങ്കിലും അത് വിജയിച്ചില്ല. ഹോളിവുഡിൽ ചില ഷോർട്ട് ഫിലിമുകളും ചെയ്തു.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി, എസ.എം.സി.സി. ട്രസ്റ്റീ ബോർഡ് മെമ്പർ തുടങ്ങി വിവിധ നിലകളിലും പ്രവർത്തിച്ചു.

വിജയത്തിന്റെ പടവുകൾ കയറുമ്പോഴും വിനയം കൈവിടാത്ത ജിബി എല്ലാ നേട്ടങ്ങൾക്കും കാരണം ദൈവാനുഗ്രഹമെന്നു തറപ്പിച്ചു പറയുന്നു. അത് തന്നെ ആകാം ഈ വിജയത്തിന്റെ രഹസ്യവും.


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# സീറോ മലബാർ സഭ പുതിയ സുവിശേഷവത്കരണത്തിന് നേതൃത്വം നൽകണം:

## കൊളംബസ് ബിഷപ്പ് എർൾ ഫെർണാണ്ടസ്

ഷിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ സഭ സ്വന്തം വിശ്വാസപാരമ്പര്യം സംരക്ഷിക്കുന്നതിൽ ഒതുങ്ങാതെ, പുതിയ സുവിശേഷവത്കരണത്തിന് (New Evangelization) നേതൃത്വം നൽകേണ്ട സമയമാണിതെന്ന് ഒഹയോയിലെ കൊളംബസ് രൂപതാധ്യക്ഷൻ ബിഷപ്പ് എർൾ കെ. ഫെർണാണ്ടസ് പറഞ്ഞു. ഷിക്കാഗോയിൽ നടന്ന അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ രജതജൂബിലി കൺവെൻഷനിൽ 'റിഫ്ലെക്ഷൻസ് ഓൺ സിറോ-മലബാർ ഐഡന്റിറ്റി ആൻഡ് ദി കോൾ ടു ന്യൂ ഇവാഞ്ചലൈസേഷൻ ഇൻ ദി അമേരിക്കൻ ചർച്ച്' എന്ന വിഷയത്തിൽ മുഖ്യ



പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.




അമേരിക്കയിലെ മുഖ്യധാര രൂപതയുടെ ബിഷപ്പായി നിയമിതനായ ആദ്യ ഇന്ത്യൻ വംശജനായ ബിഷപ്പ് എർൾ ഫെർണാണ്ടസ്, സ്വന്തം കുടുംബത്തിന്റെ കുടിയേറ്റാനുഭവങ്ങൾ പങ്കുവെച്ചുകൊണ്ടാണ് പ്രഭാഷണം ആരംഭിച്ചത്. അമേരിക്കയിലെത്തിയ ആദ്യകാലത്ത് അമേരിക്കയിൽ സഭയും പാരസ്പര്യവും മാത്രമാണ് നമ്മുടെ ആശ്രയം എന്ന് മാതാപിതാക്കൾ പഠിപ്പിച്ചതാണ് ജീവിതത്തിന്റെ അടിത്തറയായതെന്ന് അദ്ദേഹം പറഞ്ഞു. മക്കളുടെ വിദ്യാഭ്യാസം, സൗഹൃദങ്ങൾ, വിശ്വാസജീവിതം എന്നീ മൂന്ന് മേഖലകളിലും മാതാപിതാക്കൾ കാണിച്ച ജാഗ്രതയാണ് കുടുംബത്തിന്റെ വിജയരഹസ്യമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സഹോദരർ ഡോക്ടർമാരായപ്പോൾ താൻ മെഡിക്കൽ പഠനം ഉപേക്ഷിച്ച് ദൈവവിളി സ്വീകരിച്ച് വൈദികനായ ജീവിതയാത്ര വിവരിച്ച അദ്ദേഹം, സഭയോടും മാതാപിതാക്കളോടും ദൈവത്തോടുമുള്ള നന്ദിയാണ് തന്റെ പൗരോഹിത്യത്തിന്റെയും ശുശ്രൂഷയുടെയും പ്രചോദനമെന്ന് പറഞ്ഞു. അമേരിക്കയിലെ സീറോ മലബാർ സമൂഹം ഇന്ന് വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുകയാണ്. മലയാളം സംസാരിക്കുന്ന ആദ്യ തലമുറയും പ്രധാനമായും ഇംഗ്ലീഷ് സംസാരിക്കുന്ന പുതിയ തലമുറയും തമ്മിലുള്ള ഭാഷാപരവും സാംസ്കാരികവുമായ അന്തരം സഭ ഗൗരവമായി പരിഗണിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

‘സീറോ മലബാർ സഭ ഏകസ്വഭാവമുള്ള സമൂഹമല്ല; വൈവിധ്യമാണ് നമ്മുടെ യാഥാർഥ്യം. അമേരിക്കയിൽ ജനിച്ച് വളരുന്ന യുവതലമുറയുടെ ജീവിതാനുഭവങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി സഭ മുന്നോട്ടുപോകണം,‘ അദ്ദേഹം പറഞ്ഞു.

മാതാപിതാക്കൾ മക്കളോട് ജാഗ്രത പുലർത്തണമെങ്കിലും അത് അമിതനിയന്ത്രണമായി മാറരുതെന്നും, സ്വാതന്ത്ര്യം ഉത്തരവാദിത്വത്തോടെ ഉപയോഗിക്കാൻ അവരെ പരിശീലിപ്പിക്കുകയാണ് സഭയുടെയും കുടുംബത്തിന്റെയും കടമയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വൈദികരും സമർപ്പിതരും അമേരിക്കൻ സമൂഹത്തിന്റെ ഭാഷയും സംസ്കാരവും മനസ്സിലാക്കി ശുശ്രൂഷ നടത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. കൊളംബസ് രൂപതയിൽ പുതിയ




മിഷണറി വൈദികർക്കായി ഭാഷാപരിശീലനവും സംസ്കാരപരിചയവും ഉൾപ്പെടുന്ന പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സഭയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കും സ്ത്രീകൾക്കും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് ബിഷപ്പ് എർൾ ഫെർണാണ്ടസ് പറഞ്ഞു. യുവജനങ്ങൾ 'നാളത്തെ സഭ' മാത്രമല്ല, 'ഇന്നത്തെ സഭ' കൂടിയാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അവരുടെ കഴിവുകളും നേതൃത്വവും സുവിശേഷവത്കരണത്തിനായി സഭ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. അമേരിക്കൻ സമൂഹത്തിലെ മതനിരപേക്ഷതയും സാമൂഹ്യ മാധ്യമങ്ങളുടെ സ്വാധീനവും ക്രൈസ്തവ വിശ്വാസത്തിന് വെല്ലുവിളിയാണെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം, പുതിയ സുവിശേഷവത്കരണം കൂടുതൽ ആവേശത്തോടെയും പുതിയ മാർഗങ്ങളിലൂടെയും പുതിയ ഭാഷയിലൂടെയും നടപ്പാക്കണമെന്ന വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ ആഹ്വാനം ഇന്നും പ്രസക്തമാണെന്ന് പറഞ്ഞു. സീറോ മലബാർ സഭയുടെ ആരാധനക്രമവും ആത്മീയ പാരമ്പര്യവും ആഗോള കത്തോലിക്കാ സഭയ്ക്ക് വലിയ സമ്പത്താണ്. കിഴക്കൻ സഭകളുടെ ആത്മീയ പൈതൃകം സംരക്ഷിക്കുകയും അതിലൂടെ അമേരിക്കൻ സഭയെ സമ്പന്നമാക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം സീറോ മലബാർ സഭയ്ക്കുണ്ട് .

'നാം കുടിയേറ്റക്കാരായിരിക്കാം; എന്നാൽ അതോടൊപ്പം മിഷണറിമാരുമാണ്. ക്രിസ്തുവിനെ നമുക്കുമാത്രമായി സൂക്ഷിക്കാനാവില്ല. നമ്മുടെ വിശ്വാസം അമേരിക്കൻ സമൂഹവുമായി പങ്കുവെക്കണം,'– അദ്ദേഹം അഭിപ്രായപ്പെട്ടു.

രജതജൂബിലി ആഘോഷങ്ങൾ കഴിഞ്ഞ 25 വർഷത്തെ ഓർമ്മകൾ മാത്രമല്ല, വരുംകാല ദൗത്യത്തിനുള്ള ഒരുക്കവുമാണെന്ന് പറഞ്ഞ ബിഷപ്പ്, സീറോ മലബാർ സഭ സ്നേഹം കൊണ്ട് ജീവൻ നൽകിയ ദൗത്യം സ്നേഹത്തിലൂടെ ലോകത്തിലേക്ക് എത്തിക്കണമെന്നും വിശ്വാസികളോട് ആഹ്വാനം ചെയ്തു.




Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com



MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ഷിക്കാഗോയിൽ മാരിവില്ലിറങ്ങി; ഘോഷയാത്ര അപൂർവ മനോഹരമായി



ഷിക്കാഗോ: സീറോ മലബാർ കൺവൻഷനിൽ മാരിവില്ലിന്റെ സപ്തവർണങ്ങളും ഇതൾവിരിഞ്ഞ ഘോഷയാത്ര അപൂർവ അനുഭവമായി. ഇത് സീറോ മലബാർ രൂപതയ്ക്ക് മാത്രം കഴിയുന്ന മാജിക്ക് എന്ന നിസംശയം പറയാം .

കൺവൻഷന്റെ രണ്ടാം ദിനമായ വെള്ളിയാഴ്ച വിശാലമായ മക്കോർമിക്ക് സെന്റർ നാനാ വർണങ്ങളിലുള്ള മുത്തുക്കുടകളും അലങ്കാരങ്ങളും കൊണ്ട് ഇടനാഴികൾ വർണപ്രപഞ്ചമാക്കി. വ്യത്യസ്ത നിറങ്ങളിലുള്ള വസ്ത്രങ്ങൾ ധരിച്ച സ്ത്രീ പുരുഷന്മാർ. അവർക്കിടയിൽ വിശുദ്ധരുടെ വേഷമിട്ടവർ. താടിയും മുടിയുമായി തോമ്മാശ്ലീഹാമാർ (അവരുടെ താടിയും മുടിയും കനത്തപ്പോൾ അന്ന് ബാര്ബര്മാർ ഇല്ലായിരുന്നുവെന്ന് തോന്നിപ്പിച്ചു!)

മഞ്ഞപ്രഭാപൂരം ചൊരിഞ്ഞ് സ്വർണകുരിശുകളുടെ നിര. അതൊരു അപൂർവ കാഴ്ചയായിരുന്നു. വൈക്കം മുഹമ്മദ് ബഷീറിന്റെ പൊൻകുരിശു തോമ്മാച്ചൻമാർ വേഷം മാറി പോറ്റി ആയും റായി ആയും ശബരിമലയിലും അയോധ്യയിലുമൊക്കെ കറങ്ങുന്ന കാലമാണ്! പക്ഷെ ഇത് അമേരിക്കയാണല്ലോ.

മിക്കവാറുമെല്ലാ പള്ളികളിൽ നിന്നും ടാബ്ലോകളും മറ്റുമായി വിശ്വാസികൾ എത്തി. കൂടുതൽ പള്ളികളും സെന്റ് തോമസിന്റെയും അൽഫോൻസാമ്മയുടെയും പേരിൽ. മദർ തെരേസയ്ക്കും സെന്റ് ജോണ് പോൾ രണ്ടാമനും പള്ളിയുണ്ട്.

ചിക്കാഗോയിൽ നിന്നുള്ള വൻ പ്രാതിനിധ്യം ഒഴിച്ചാൽ അടുത്ത സ്ഥാനം ന്യൂയോർക്ക് ബെത്ത് പേജ് പള്ളിക്കാണെന്നു തോന്നുന്നു. 125 പേർ എത്തി. തൊട്ട് പിന്നിൽ ന്യൂ ജേഴ്സി സോമര്സെറ് പള്ളിയിൽ നിന്നുള്ളവർ.

പ്രാർത്ഥനയും പാട്ടും നൃത്തവുമായി ഘോഷയാത്ര കൊഴുത്തു. പഴയ കണക്കിൽ ഘോഷയാത്ര ഹാളിലെത്താൻ ഒന്നര മണിക്കൂറോളമെടുത്തു. അതി

നർത്ഥം പങ്കെടുത്തവർ 3500–ൽ പരമെന്ന സംഘാടകരുടെ അവകാശം ശരി വയ്ക്കുന്നതായിരുന്നു. ഒരുപാട് റൂം ബുക്ക് ചെയ്തിട്ട് രണ്ടായിരത്തിൽ താഴെ ആളുകളെ വന്നുള്ളു എന്നും മറ്റും ചില ദോഷൈക ദൃക്കുകൾ സോഷ്യൽ മീഡിയയിൽ എഴുതി പിടിപ്പിച്ചത് പച്ച നുണ. മാർ ജേക്കബ് അങ്ങാടിയത്തിനു വലിയ പ്രാധാന്യം കിട്ടിയെങ്കിൽ അത് അദ്ദേഹം അർഹിക്കുന്നതുമായിരുന്നു. പറയാൻ കുറ്റവും കുറവുമുണ്ട്. അത് കൺവൻഷനു ശേഷം പറയാൻ ബാക്കി വയ്ക്കുന്നു.

രണ്ടാം ദിനത്തിൽ പല വേദികളിലായി പല സമ്മേളനങ്ങളാണ് അരങ്ങേറിയത്. ശ്രദ്ധേയമായ ഒന്ന് അമേരിക്കയിലെ മുഖ്യധാരയിൽ ബിഷപ്പാകുന്ന (കൊളംബസ്, ഒഹായോ) ആദ്യ ഇന്ത്യാക്കാരനായ റവ. ഡോ. ഏൾ ഫെണാണ്ടസിന്റെ പ്രസംഗവും അതേത്തുടർന്ന് നടന്ന സംവാദവുമാണ്.

എന്നും കുടിയേറ്റക്കാർ വരുമെന്ന് കരുതരുതെന്നും അതിനാൽ സഭ മുഖ്യധാരയോടൊപ്പം മുന്നേറണമെന്നും അദ്ദേഹം ചില സമൂഹങ്ങളുടെ അനുഭവം ചൂണ്ടിക്കാട്ടി പറഞ്ഞു. മൂന്നാമത്തെ തലമുറയാകുമ്പോൾ കുടിയേറ്റക്കാരുടെ മക്കൾക്ക് കേരള ബന്ധം തന്നെ കമ്മി ആയിരിക്കും.

അമേരിക്കയിലെ സീറോ മലബാർ രൂപത ഒരു മിഷനറി സഭ ആണെന്ന് മേജർ ആർച്ച് ബിഷപ്പ് പറഞ്ഞത് അദ്ദേഹം ശരിവച്ചു. വിശ്വാസപ്രഘോഷണം ആകണം നമ്മുടെ ലക്ഷ്യം. അദ്ദേഹം തന്റെ വ്യക്തിഗത അനുഭവങ്ങളും വിവരിച്ചു









(അന്യത്ര കാണുക)

സംവാദത്തിൽ പങ്കെടുത്തവർ യുവതലമുറയുടെ ചിന്താഗതികളും ഭാഷ പോലും വ്യത്യസ്തമാകുന്നതായി ചൂണ്ടിക്കാട്ടി. അവരെ സഭാകാര്യങ്ങളിൽ തല്പരരാക്കി നിർത്തുക എന്നതാണ് പ്രധാനം.

ഉച്ചക്ക് ശേഷം മേജർ ആർച്ച് ബിഷപ്പ് മാർ തട്ടിൽ വി. കുർബാന അർപ്പിച്ചു. എല്ലാ ദിവസവും രാവിലെയും കുർബാനയും കുമ്പസാരവുമുണ്ട്.

മൂന്നാം ദിവസമായ ശനിയാഴ്ച നിരവധി പ്രോഗ്രാമുകളാണുള്ളത്. പലതും പല ഹാളുകളിൽ ഒരേ സമയത്തു നടക്കുന്നു എന്ന വിഷമതയുമുണ്ട്.


St. Alphonsa Church,
Los Angeles
SYRO-MALABAR SILVER JUBILEE CONVENTION - 2026
CHICAGO
'Walk by Faith, Not by Sight'
ST. ALPHONSA




SYRO-MALABAR SILVER JUBILEE CONVENTION - 2026
CHICAGO
"Walk by Faith, Not by Sight"
2 Corinthians 5:7
St. Thomas Church,
Hartford,
Connecticut


SYRO MALABAR JUBILEE CONVENTION - 2026
CHICAGO
Walk by Faith, Not by Sight
St. ALPHONSA
Syro-Malabar Forane Catholic Church
ATLANTA


Our Lady of Perpetual Help
Syro Malabar Catholic Church
Greater Washington


SYRO MALABAR SILVER JUBILEE CONVENTION - 2026
CHICAGO
" Walk by Faith, Not by Sight " 2 Corinthians 5:7
ST. ALPHONSA CHURCH
Baltimore



SYRO-MALABAR SILVER JUBILEE CONVENTION - 2026
CHICAGO
" Walk by Faith, Not by Sight "
St. Mary's Syro-Malabar Catholic Church
Long Island, New York




St. Mary's Church,
Orlando,
Florida
SILVER JUBILEE CONVENTION - 2026
CHICAGO
Not by Sight 2 Corinthians 5:7
Malabar Catholic Church
Orlando




SYRO-MALABAR SILVER JUBILEE CONVENTION - 2026
CHICAGO
"Walk by Faith, Not by Sight"
ST. GEORGE SYRO-MALABAR CATHOLIC CHURCH
NEW JERSEY


ST. THOMAS
SYRO-MALABAR
CATHOLIC CHURCH BOSTON
My Lord, and My God!

# ആത്മീയ പ്രഭ ചൊരിഞ്ഞ് സിറോ മലബാർ രൂപത രജത ജൂബിലി കൺവെൻഷൻ

ഷിക്കാഗോ: ചെറിയ തുടക്കത്തിൽ നിന്ന് വളർച്ചയുടെ പടവുകൾ കയറി കാൽ നൂറ്റാണ്ട് പിന്നിടുന്ന ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയുടെ രജത ജൂബിലി ആഘോഷം വിശ്വാസികളുടെ വലിയ പ്രാതിനിധ്യം കൊണ്ടും സഭാപിതാക്കന്മാരുടെ മഹനീയ സാന്നിധ്യം കൊണ്ടും വർണാഭവും അനുഗൃഹീതവുമായി.

മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ കൊച്ചുകേരളം സൃഷ്ടിച്ചു ഒത്തു കൂടിയ വിശ്വസി സമൂഹം രൂപതയുടെ ഈ വളർച്ചക്ക് പിന്നിലെ പ്രേരക ശക്തിയായി പ്രവർത്തിച്ച ബിഷപ്പ് എമെറിറ്റസ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും സാഹ്ളാദം കൊണ്ടാടി.

ഒരു വർഷം നീണ്ടു നിന്ന രജത ജൂബിലിയുടെ സമാപനം കുറിക്കുന്ന നാല് ദിവസത്തെ കൺവെൻഷൻ രൂപതയ്ക്ക് ഊടും പാവും നൽകി മുന്നോട്ടു നയിച്ച മാർ അങ്ങാടിയത്തിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയോടെ ആരംഭിച്ചു.

തുടർന്ന് ഇന്ത്യയുടെ അപ്പസ്തോലനായ വി. തോമ്മാ ശ്ലീഹായെ അധികരിച്ചുള്ള 'ദിദിമോസ്' എന്ന നാടകശില്പം ഹൃദയഹാരിയായി. ഇവിടെ ഇത്തരമായൊരു കലാസൃഷ്ടി അവതരിപ്പിച്ചത് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിന്നീട് എടുത്തു പറയുകയും ചെയ്തു. അമേരിക്കൻ കലാകാരന്മാരും ഇതിൽ പങ്കെടുത്തു.

ആധ്യാത്മിക പുനരുദ്ധാരണത്തിനും സാംസ്കാരിക ആഘോഷത്തിനും സാമൂഹ്യ നിർമാണത്തിനും അവസരം ഒരുക്കുന്ന കൺവെൻഷന്റെ ഉദ്ഘാടന ചടങ്ങിൽ ഷിക്കാഗോ ആർച്ച് ബിഷപ്പ് കാർഡിനൽ ബ്ലേയ്സ് ജെ. കുപ്പിച് പ്രാരംഭ പ്രഭാഷണം നടത്തി. സീറോ മലബാർ രൂപതയ്ക്ക് ആരംഭം മുതൽ നൽകിയ പിന്തുണയും സഹായങ്ങളും അദ്ദേഹം അനുസ്മരിച്ചു. തന്റെ മുൻഗാമി കാർഡിനൽ ഫ്രാൻസിസ് ജോർജ് ആണ് ബെൽവുഡ് പള്ളിയും മറ്റും നൽകിയത്. അന്നത്തെ ആ സാഹചര്യത്തിൽ നിന്ന് സീറോ മലബാർ സഭ കൈവരിച്ച നേട്ടങ്ങൾ വിസ്മയിപ്പിക്കുന്നതാണ്. അതിന്റെ മുഖ്യ ശില്പി മാർ അങ്ങാടിയത്താണ്. ബിഷപ് മാർ ജോയി ആലപ്പാട്ടും ആ പാത പിന്തുടരുന്നു-അദ്ദേഹം ചൂണ്ടിക്കാട്ടി.

അധ്യക്ഷത വഹിച്ച രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് പറഞ്ഞു: നമ്മൾ 25 വർഷത്തെ അനുഗ്രഹങ്ങൾ ആഘോഷിക്കുമ്പോൾ തിരിഞ്ഞു നോക്കുമ്പോൾ കൃതജ്ഞതയും മുന്നോട്ടു നോക്കുമ്പോൾ ഏറെ പ്രത്യാശയുമുണ്ട്.

ഈ ജൂബിലി കഴിഞ്ഞ കാലത്തിന്റെ അനുഗ്രഹങ്ങൾ ഓർമ്മിക്കാൻ മാത്രമുള്ളതല്ല. യുഎസിലെ സിറോ മലബാർ ദൗത്യത്തിനുള്ള സമർപ്പണം പുതുക്കാനുള്ള അവസരം കൂടിയാണ്.

കുടുംബങ്ങൾ, യുവജനങ്ങൾ, പുരോഹിതന്മാർ, സുഹൃത്തുക്കൾ -- എല്ലാവരെയും ഈ അനുഗൃഹീത കൂട്ടായ്മയിലേക്ക് ഊഷ്മളമായി ക്ഷണിക്കുന്നു. ഈ അവസരം സമൂഹത്തിന്റെ ആഹ്ളാദത്തിനും ആധ്യാത്മിക വളർച്ചയ്ക്കും സാംസ്കാരിക അഭിമാനത്തിനും അവസരമാവട്ടെ-അദ്ദേഹം പറഞ്ഞു.



മുഖ്യ പ്രസംഗം നടത്തിയ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ അമേരിക്കയിൽ റീ-ഇവാഞ്ചലൈസേഷനും സമയമായെന്ന് ചൂണ്ടിക്കാട്ടി. നമ്മുടെ ഇവിടെയുള്ള കുട്ടികൾ വൈദികരാകുന്നത് അഭിമാനകരമാണ്. ലത്തീൻ സഭ നമ്മെ സഹായിച്ചത് പോലെ അവരെയും സഹായിക്കാൻ ഇതുവഴി നമുക്കാകും.

മാർ ജേക്കബ് അങ്ങാടിയത്തിന്റെ സൗമ്യതയും വിശ്വസദാർഢ്യവും രൂപതയുടെ വളർച്ചക്ക് പിന്നിൽ മുഖ്യഘടകമായെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സമ്മേളനം ഉദ്ഘാടനം ചെയ്ത കർദിനാൾ മാർ ജോർജ് കൂവക്കാട്ട്, വിശുദ്ധ പത്രോസിന്റെ പാരമ്പര്യത്തെ പോലെ തന്നെ പ്രധാനമാണ് വി. തോമ്മാശ്ലീഹായുടെ പാരമ്പര്യവുമെന്നു ചൂണ്ടിക്കാട്ടി. അതിൽ നാം അഭിമാനം കൊള്ളുകയും ആ പാരമ്പര്യം പിന്തുടരുകയും വേണം.

മെത്രാൻ സമിതി പ്രസിഡന്റും തൃശൂർ ആർച്ച് ബിഷപ്പുമായ മാർ ആൻഡ്റൂസ് താഴത്ത് ബൈബിൾ പ്രകാരം ജൂബിലി 50 വർഷത്തിലാണെന്നു ചൂണ്ടിക്കാട്ടി. ഇവിടെ 25 വർഷമാണ് ആഘോഷിച്ചത്. ആഘോഷിക്കുവാനുള്ള നേട്ടങ്ങൾ കൈവരിച്ച രൂപതയാണിതെന്ന് അദ്ദേഹം അഭിനന്ദിച്ചു.

ഷിക്കാഗോ രൂപതയും മാർ അങ്ങാടിയതും രണ്ട് അത്ഭുതങ്ങളാണെന്നാണ് ചങ്ങനാശേരി ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ വിശേഷിപ്പിച്ചത്. അമേരിക്കയിലെ സഭയുടെ വളർച്ച അത്ഭുതാവഹമായിരുന്നു. അതിനു നേതൃത്വം കൊടുത്ത അങ്ങാടിയത്ത് പിതാവാകട്ടെ പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ക്ഷമയുടെയും വ്യക്തിയാണ്

കാനഡയിൽ മിസ്സിസാഗാ ബിഷപ്പ് മാർ ജോസ് കല്ലുവേലി കാനഡയിൽ രൂപതയ്ക്ക് സാധ്യത ഉണ്ടാക്കിയ അപ്പസ്തോലിക്ക് വിസിറ്റേറ്റർ ആയിരുന്ന മാർ അങ്ങാടിയത്തിനോട് നന്ദി പറഞ്ഞു.

സീറോ അഥവാ സുറിയാനി പാരമ്പര്യം സീറോ മലബാർ സഭയെയും സീറോ മലങ്കര സഭയെയും ഒന്നിപ്പിക്കുന്നതായി ഫിലിപ്പോസ് മാർ സ്തെപ്പാനോസ് ചൂണ്ടിക്കാട്ടി.

മറുപടി പ്രസംഗത്തിൽ മാർ അങ്ങാടിയത്ത് തനിക്കു തുണയായി നിന്ന എല്ലാവർക്കും പേരെടുത്തു നന്ദി പറഞ്ഞു.

ന്യൂ യോർക്ക് റോക് ലാൻഡ് കൗണ്ടി ലെജിസ്ളേറ്റർ ഡോ. ആനി പോൾ പ്രസംഗിക്കുകയും ബിഷപ്പ് മാർക്ക് ബഹുമതി പത്രം സമർപ്പിക്കുകയും ചെയ്തു.


ഫാ. ജോൺ മേലേപ്പുറം സ്വാഗതം ആശംസിച്ചു.

ബീന വള്ളിക്കളം ആയിരുന്നു എം.സി.

ജിബി പാറക്കൽ (പി.എസ്.ജി ഗ്രൂപ്പ്) ആണ് സമ്മേളനത്തിന്റെ മുഖ്യ സ്പൊൺസർ.

രാത്രി നടന്ന താളലയം പരിപാടി അത്യന്തം ഹൃദ്യമായി. നൂറിൽ പരം കാലാകാരന്മാർ ചെണ്ടയും കൊമ്പും കുഴലുമായി ഉയർത്തിയ നാദവിസ്മയത്തിനു നടൻ ജയറാം, സ്റ്റീഫൻ ദേവസി എന്നിവർ നേതൃത്വം നൽകി. അനുഗൃഹീതമായ ഈ സദസിൽ വരാൻ കഴിഞ്ഞത് തന്റെ ഗുരുജനങ്ങളുടെ അനുഗ്രഹം കൊണ്ടാണെന്ന് ജയറാം പറഞ്ഞു. തന്റെ എല്ലാ നേട്ടങ്ങളുടെ പിന്നിലും അത് തന്നെ ആയിരുന്നു. പ്രിയപ്പെട്ട ഗുരു ആബേൽ അച്ഛന്റെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനായിരുന്നു താൻ-അദ്ദേഹം പറഞ്ഞു.

വെള്ളി, ശനി ദിവസങ്ങളിൽ തുടരുന്ന കൺവെൻഷനിൽ ചർച്ചകളും വർക്ഷോപ്പുകളും ഉണ്ടാവും. വിശ്വാസം, സംസ്കാരം, കൂട്ടായ്മ എന്നിവയിലാണ് ഊന്നൽ.



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States NY, NJ, PA, & CT.**

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

# എല്ലാം ഗുരുക്കന്മാരുടെ അനുഗ്രഹം: ജയറാം; ഇലഞ്ഞിത്തറ മേളം ഗംഭീരം





# ജെറുസലേം വീണ്ടും: കാണികളെ വിസ്മയിപ്പിച്ച് സാംസ്കാരിക ദൃശ്യവിരുന്ന്



ഷിക്കാഗോ: സീറോ മലബാർ കൺവൻഷനിൽ വിവിധ സാംസ്കാരിക പ്രോഗ്രാമുകളും ഓപ്പണിങ് സെറിമണിയോടനുബന്ധിച്ചു നടന്നു. കൺവൻഷന്റെ ഭാഗമായി നടന്ന യേശുവിന്റെ കാലത്തെ ജറുസലേമിനെ പുനഃരവതരിപ്പിച്ച 'ജെറുസലേം കംസ് എലൈവ്' പ്രോഗ്രാം പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റി. അന്നത്തെ കാഴ്ചകൾ, ശബ്ദങ്ങൾ, ആളുകൾ, സംസ്കാരം എന്നിവ തൊട്ടനുഭവിച്ച് സുവിശേഷത്തിന്റെ കാലത്തേക്കുള്ള ആ യാത്ര കാണികൾക്ക് മറക്കാനാവാത്ത അനുഭവമായി മാറി.

വിശുദ്ധ തോമാശ്ലീഹായിലൂടെ പകരപ്പെട്ട വിശ്വാസവും ലോകം മുഴുവൻ സുവിശേഷം അറിയിക്കുക എന്ന ക്രിസ്തു ഭരമേല്പ്പിച്ച ഉത്തരവാദിത്വവും വരുംതലമുറകളിലേക്ക് പകരണമെന്ന ആഹ്വാനം ചെയ്യുന്ന രംഗാവിഷ്കാരമായ 'ഫ്രം ക്രോസ് ടു ദ നേഷൻസ്' കാണികളെ ആകർഷിച്ചു.











Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# കിഴക്കും പടിഞ്ഞാറും രണ്ടു ശ്വാസകോശം പോലെ: കർദിനാൾ മാർ ജോർജ് കൂവക്കാട്




ഷിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ രജതജൂബിലി വിശ്വാസത്തിന്റെ വിജയഗാഥയാണെന്നും, സെന്റ് തോമസ് അപ്പസ്തലനിൽ നിന്ന് ലഭിച്ച അപ്പസ്തോലിക പാരമ്പര്യം വരുംതലമുറകളിലേക്ക് കൈമാറുക ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്വമാണെന്നും കർദിനാൾ മാർ ജോർജ് കൂവക്കാട്. ഷിക്കാഗോയിൽ നടന്ന സീറോ മലബാർ രജതജൂബിലി കൺവെൻഷനിൽ ’ഫെയ്ത്ത്, ട്രഡീഷൻ ആൻഡ് ദി ലെഗസി ഓഫ് സെന്റ് തോമസ്: എ 25 ഇയർ ജേർണി ഓഫ് എ വൈബ്രന്റ് കമ്മ്യൂണിറ്റി’ എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അമേരിക്കയിലെത്തിയ ആദ്യകാല സീറോ മലബാർ കുടുംബങ്ങൾ കാഴ്ചയാലല്ല, വിശ്വാസത്താലാണ് മുന്നോട്ട് നടന്നതെന്ന് അദ്ദേഹം പറഞ്ഞു. ഇന്ന് ആ വിശ്വാസം ദൃശ്യമായ യാഥാർഥ്യമായി മാറിയിരിക്കുന്നു എന്നും വിശുദ്ധ പിതാവിന്റെയും റോമൻ സഭയുടെയും പേരിൽ നന്ദി പറഞ്ഞുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു.

25 വർഷം മുമ്പ് ഏതാനും വിശ്വാസികൾ മാതൃഭാഷയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനപ്പുറം, സെന്റ് തോമസിൽ നിന്ന് ലഭിച്ച ജീവിക്കുന്ന വിശ്വാസപാരമ്പര്യം മക്കൾക്ക് കൈമാറണമെന്ന ആഗ്രഹത്തോടെയാണ് ഈ സമൂഹത്തിന് അടിത്തറ പാകിയതെന്ന് അദ്ദേഹം അനുസ്മരിച്ചു.

രൂപതയുടെ വളർച്ചയിൽ ആദ്യ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെയും ഇപ്പോഴത്തെ ബിഷപ്പായ മാർ ജോയ് ആലപ്പാട്ടിന്റെയും സംഭാവനകൾ പ്രത്യേകം പ്രശംസിച്ച കർദിനാൾ, 'ഈ രണ്ട് ആത്മീയ പിതാക്കന്മാരെ ബന്ധിപ്പിക്കുന്നത് ഈ വിശ്വാസസമൂഹത്തോടുള്ള അചഞ്ചലമായ സ്നേഹമാണ്, 'എന്ന് അഭിപ്രായപ്പെട്ടു.

സീറോ മലബാർ രൂപത സ്ഥാപിച്ചതിന്റെ ലക്ഷ്യം മലയാളഭാഷയിൽ ആരാധന നടത്തുക മാത്രമായിരുന്നില്ലെന്നും, സെന്റ് തോമസിന്റെ അപ്പസ്തോലിക പാരമ്പര്യം സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുക എന്നതായിരുന്നു സഭയുടെ ഉദ്ദേശ്യമെന്നും അദ്ദേഹം വ്യക്തമാക്കി. സെന്റ് പത്രോസിന്റെ പാരമ്പര്യം പോലെ തന്നെ സെന്റ് തോമസിന്റെ പാരമ്പര്യവും കത്തോലിക്കാ സഭയ്ക്ക് അമൂല്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പറഞ്ഞതുപോലെ, 'കിഴക്കും പടിഞ്ഞാറും എന്ന രണ്ട് ശ്വാസകോശങ്ങളിലൂടെയാണ് സഭ ശ്വസിക്കുന്നത്' എന്ന് ഉദ്ധരിച്ച അദ്ദേഹം, സെന്റ് തോമസിന്റെയും സെന്റ് പത്രോസിന്റെയും പാരമ്പര്യങ്ങൾ പരസ്പരം മത്സരിക്കുന്നവയല്ല, മറിച്ച് ഒരേ വിശ്വാസത്തിന്റെ വ്യത്യസ്ത സൗന്ദര്യങ്ങളാണെന്ന് പറഞ്ഞു.

ഷിക്കാഗോ അതിരൂപതാധ്യക്ഷൻ കർദിനാൾ ബ്ലേസ് ക്യൂപ്പിച്ചിന്റെ സാഹോദര്യപരമായ സഹകരണത്തിനും ആതിഥ്യത്തിനും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

ഇന്നത്തെ ലോകത്ത് വിശ്വാസം തലമുറകളിലേക്ക് കൈമാറുന്നത് വലിയ വെല്ലുവിളിയാണെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം, മക്കളെ പ്രാർഥിക്കാൻ പഠിപ്പിക്കുന്ന മാതാപിതാക്കളും, ശനിയാഴ്ചകൾ പോലും ത്യജിച്ച് മതബോധനം നടത്തുന്ന അധ്യാപകരും, ദൂരം താണ്ടി വിശുദ്ധ കുർബാനയ്ക്കെത്തുന്ന കുടുംബങ്ങളും, സമർപ്പിത ജീവിതം നയിക്കുന്ന സന്യാസിനികളും വിശ്വാസത്തിന്റെ ജ്വാല കാത്തുസൂക്ഷിക്കുന്നവരാണെന്ന് പറഞ്ഞു.

അമേരിക്കൻ മണ്ണിൽ സീറോ മലബാർ സഭയിൽ നിന്ന് ഉയർന്നുവരുന്ന വൈദിക-സന്യാസവിളികൾ ഈ വിശ്വാസത്തിന്റെ ജീവനുള്ള സാക്ഷ്യമാണെന്നും അദ്ദേഹം പറഞ്ഞു. 'മരിച്ചുകൊണ്ടിരിക്കുന്ന ഒരു വൃക്ഷം പുതിയ കൊമ്പുകൾ പുറപ്പെടുവിക്കുകയില്ല. ഇവിടെ വളരുന്ന വൈദിക-സന്യാസ വിളികൾ, നിങ്ങൾ സമുദ്രം കടന്ന് കൊണ്ടുവന്ന വിശ്വാസം ഈ മണ്ണിൽ ആഴത്തിൽ വേരൂന്നിയെന്നതിന്റെ തെളിവാണ്,' അദ്ദേഹം കൂട്ടിച്ചേർത്തു.

ഈ വിശ്വാസപാരമ്പര്യം ഒരു തലമുറയിൽ അവസാനിപ്പിക്കാതെ സംരക്ഷിക്കാനും പ്രാർഥിക്കാനും അടുത്ത തലമുറയ്ക്ക് കൈമാറാനും അദ്ദേഹം വിശ്വാസികളോട് ആഹ്വാനം ചെയ്തു.

സെന്റ് തോമസ് അപ്പസ്തോലന്റെ ധൈര്യമാണ് ഓരോ സീറോ മലബാർ വിശ്വാസിയുടെയും പാരമ്പര്യമെന്ന് ഓർമിപ്പിച്ച കർദിനാൾ, വിശ്വാസത്തിൽ സുഖം തേടുന്നവരാകാതെ, ആവശ്യമെങ്കിൽ അതിനുവേണ്ടി ജീവിക്കാനും മരിക്കാനും തയ്യാറാകണമെന്ന് ആഹ്വാനം ചെയ്തു.

തുടർന്ന് അമേരിക്കയിലെ സീറോ മലബാർ രൂപതയുടെ രജതജൂബിലി കൺവെൻഷൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത കർദിനാൾ മാർ ജോർജ് കൂവക്കാട്, 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന സെന്റ് തോമസിന്റെ വിശ്വാസപ്രഖ്യാപനം ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഓരോ വിശ്വാസിയുടെയും ഹൃദയപ്രാർഥനയാകട്ടെയെന്ന് ആശംസിച്ച് സമാപിച്ചു.

# സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ



21 Year Legacy of Trust & Quality

SINCE 2005

40+ BRANCHES

KERALA'S NO.1 GOLD BUYER

## അച്ചായൻസ് ഗോൾഡ്

916 HALLMARKED JEWELLERY

എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം

85900 46 916 | 90613 50 916

www.achayansgold.in


വിദേശ പഠനം / ജോലി തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
**BRANDED TROLLEY BAG**
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)



FREE

FOR SPECIAL NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

# സീറോ മലബാർ രൂപത സ്വന്തം കാലിൽ ഉറച്ചു നിൽക്കാൻ കരുത്ത് നേടി: ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്




ഷിക്കാഗോ: രൂപതാ ജൂബിലി വർഷം കഴിഞ്ഞകാലത്തെ ദൈവാനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കാനും, വർത്തമാനകാലത്ത് ആത്മീയ നവീകരണം കൈവരിക്കാനും, ഭാവിയിലേക്കുള്ള സഭാദൗത്യം പുതുഉത്സാഹത്തോടെ ഏറ്റെടുക്കാനുമുള്ള വിശുദ്ധ അവസരമാണെന്ന് ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്.

ഷിക്കാഗോയിൽ നടക്കുന്ന സീറോ മലബാർ കൺവെൻഷനിൽ 'ദി സ്പിരിറ്റ് ആൻഡ് കീ പോയിന്റ്സ് ഓഫ് എ ഡയസെസൻ ജൂബിലി ഇയർ ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ജൂബിലി വർഷത്തിന്റെ ആത്മാവ് ആറു പ്രധാന ഘടകങ്ങളിലൂടെയാണ് പ്രകടമാകുന്നതെന്ന് അദ്ദേഹം വിശദീകരിച്ചു. കഴിഞ്ഞകാലത്തോടുള്ള കൃതജ്ഞത, വർത്തമാനകാലത്തെ ആത്മീയ നവീകരണം, സുവിശേഷവത്കരണത്തിനുള്ള പുതുആഹ്വാനം, സഭൈക്യവും കൂട്ടായ്മയും,

കരുണയുടെയും ജീവകാരുണ്യത്തിന്റെയും പ്രവർത്തനങ്ങൾ, ഭാവിയിലേക്കുള്ള പ്രത്യാശ എന്നിവയാണ് ജൂബിലി വർഷത്തിന്റെ അടിസ്ഥാന സവിശേഷതകളെന്ന് അദ്ദേഹം പറഞ്ഞു.

അമേരിക്കയിലെ സീറോ മലബാർ സഭയുടെ വളർച്ചയിൽ റോമൻ കത്തോലിക്കാ സഭ നൽകിയ പിന്തുണ പ്രത്യേകം അനുസ്മരിച്ച ബിഷപ്പ്, രൂപത സ്ഥാപിക്കുന്നതിന് മുമ്പ് വിശുദ്ധ കുർബാന അർപ്പിക്കാൻ നിരവധി ദേവാലയങ്ങൾ ലഭ്യമാക്കിയതും, പിന്നീട് രൂപത നിലവിൽ വന്നപ്പോൾ പല ബിഷപ്പുമാരും കുറഞ്ഞ ചെലവിൽ ദേവാലയങ്ങൾ കൈമാറിയതും നന്ദിയോടെ സ്മരിച്ചു.

2001 മാർച്ച് 13-ന് അമേരിക്കയിലെ സീറോ മലബാർ രൂപത പ്രഖ്യാപിച്ച വേളയിൽ അന്നത്തെ ഷിക്കാഗോ ആർച്ച് ബിഷപ്പായ കർദിനാൾ ഫ്രാൻസിസ് ജോർജ് പറഞ്ഞ "You have got what you needed to be yourselves" (നിങ്ങൾക്ക് നിങ്ങളായി നിലകൊള്ളാൻ ആവശ്യമായതൊക്കെയും ലഭിച്ചിട്ടുണ്ട്) എന്ന വാക്കുകൾ ഉദ്ധരിച്ച അദ്ദേഹം, ഇന്ന് അമേരിക്കയിലെ സീറോ മലബാർ സഭ സ്വന്തം കാലിൽ ഉറച്ചുനിൽക്കുന്നുവെന്നും അതിൽ അഭിമാനമുണ്ടെന്നും പറഞ്ഞു.

ജൂബിലി വർഷം വിശ്വാസികളെ പ്രാർത്ഥനയിലൂടെയും തീർത്ഥാടനങ്ങളിലൂടെയും ധ്യാനങ്ങളിലൂടെയും കരുണയുടെ പ്രവൃത്തികളിലൂടെയും ദൈവത്തോടും സഹോദരങ്ങളോടും കൂടുതൽ അടുപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. വിശ്വാസത്തിൽ നിന്ന് അകന്നുപോയവരെ തിരികെ കൊണ്ടുവരികയും സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരെ സേവിക്കുകയും ചെയ്യുന്നത് സഭയുടെ പ്രധാന ദൗത്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.


ഇത്തരം കൺവൻഷനുകളും കൂട്ടായ്മകളും വിവിധ ഇടവകകളെയും ശുശ്രൂഷകളെയും ഒരുമിപ്പിച്ച് സഭൈക്യം ശക്തിപ്പെടുത്തുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ബൈബിളിലെ ജൂബിലി പാരമ്പര്യം അനുസരിച്ച് നീതി, കാരുണ്യം, സാമൂഹിക പ്രതിബദ്ധത എന്നിവയ്ക്ക് പുതുജീവൻ നൽകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

രൂപത സ്ഥാപിതമായതിനുശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഏകദേശം 40 ലക്ഷം ഡോളർ വിതരണം ചെയ്യാൻ കഴിഞ്ഞത് സഭയുടെ സാമൂഹിക പ്രതിബദ്ധതയുടെ തെളിവാണെന്നും അദ്ദേഹം വ്യക്തമാക്കി.

ജൂബിലി വർഷം ഒരു യാത്രയുടെ സമാപനം മാത്രമല്ല, കൂടുതൽ വലിയ ദൗത്യയാത്രയുടെ തുടക്കമാണെന്ന് പറഞ്ഞ ബിഷപ്പ്, 'ഇനിയും നമുക്ക് ഒരുപാട് ദൂരം സഞ്ചരിക്കാനുണ്ട്' എന്നും വിശ്വാസികളെ ഓർമ്മിപ്പിച്ചു.

കൺവെൻഷനിൽ പങ്കെടുത്ത എല്ലാവരോടും നന്ദി അറിയിച്ച അദ്ദേഹം, ഷിക്കാഗോ നഗരത്തിന്റെ ആതിഥ്യം ആസ്വദിച്ചുകൊണ്ട് ആത്മീയോത്സവത്തിൽ സജീവമായി പങ്കെടുക്കാൻ ആഹ്വാനം ചെയ്തു.

# ഇനിയും വിസ്മയങ്ങൾ ഉണ്ടാവും: ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ




ഷിക്കാഗോ: സീറോ മലബാർ കൺവൻഷനിൽ രണ്ട് വിസ്മയങ്ങളെക്കുറിച്ചാണ് ചങ്ങനാശേരി ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ ചൂണ്ടിക്കാട്ടിയത്.

ഒന്ന് ചിക്കാഗോ രൂപത. നമ്മൾ നാട്ടിൽ നിന്ന് ഇവിടെ വന്ന് ജീവിത പ്രശ്നങ്ങളിൽ നിന്നെല്ലാം വിമോചനം നേടി, അതിജീവനത്തിന്റെ പുതിയ പാതകൾ തുറന്ന് നമ്മുടെ വിശ്വാസം കാത്തു സൂക്ഷിക്കാൻ ഓരോ ഇടങ്ങളിലും വിശ്വാസസമൂഹം രൂപപ്പെടുത്തി. നാട്ടിൽ പള്ളിയുടെ പുറകിൽ നിൽക്കുന്നവർ ഇവിടെ വന്ന് ദേവാലയ ശുശ്രൂഷയുടെ ജോലികൾ ചെയ്യുന്നത് കാണുമ്പോൾ വിസ്മയമെന്നല്ലാതെ എന്താണ് പറയേണ്ടത്, അദ്ദേഹം തമാശരൂപേണ പറഞ്ഞു.

വിശ്വാസത്തിന്റെ ഒരു വലിയ വിസ്മയം നിങ്ങൾ ഇവിടെ തീർത്തു. നമ്മുടെ ഈ രൂപതയെ അമേരിക്കയിലെ കത്തോലിക്കാ സഭ മുഴുവൻ അത്ഭുതത്തോടെയും ആദരവോടും കൂടിയാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

രണ്ടാമത്തെ വിസ്മയം അങ്ങാടിയത്ത് പിതാവാണ്. കാരണം ഇത്രയും സൗമ്യനും ശാന്തനുമായൊരു പിതാവ്, വാത്സല്യത്തോടെ നമ്മളോടെല്ലാം ഇടപെടുന്ന പിതാവ്. ഈ പിതാവിനെ ഉപയോഗിച്ചാണ് നമ്മുടെ കർത്താവ് ഇവിടെ ഇത്രയും ശക്തമായ ഒരു രൂപത കെട്ടുന്നത്. പിതാവിനെ നോക്കി കാണുമ്പോൾ അത്ഭുതം തന്നെയാണ്.

പിതാവിന്റെ വലിയ പ്രത്യേകത പിതാവ് വലിയ പ്രാർത്ഥനയുടെ ആളാണ്. രണ്ടു മൂന്നു ദിവസം മുമ്പ് അരമനയിൽ തങ്ങാൻ ഇടയായി. രാത്രിയുടെ യാമങ്ങളിൽ ചാപ്പലിൽ ഇരുന്നു പ്രാർത്ഥിക്കുന്ന പിതാവിനെ കാണുന്നത് തന്നെ വലിയ പ്രചോദനമാണ്. ഇത്രയും എളിമയുള്ള പിതാവിലൂടെ ഇത്രയും വലിയ രൂപത കെട്ടിപ്പടുത്തു.

നിങ്ങൾ ഇനിയും വിസ്മയങ്ങൾ കാണുമെന്നും കാരണം ദൈവം കൂടെ നടക്കുന്ന ജനതയാണ് നമ്മളെന്നും അതുകൊണ്ട് ഇനിയും വിസമയങ്ങൾ കാണാൻ ഇടയാകട്ടേ എന്ന് അദ്ദേഹം ആശംസിച്ചു.


NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
NRS PAY
nrspay.com
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# നാല്പതാമത് പിസിനാക് കോൺഫറൻസിന് ചിക്കാഗോയിൽ തിരശ്ശീല വീണു




## പങ്കെടുത്ത ആയിരക്കണക്കിന് വിശ്വാസികൾ ആത്മസംതൃപ്തിയോടെ മടങ്ങി

emalayalee.com

കുര്യൻ ഫിലിപ്പ്
നാഷണൽ മീഡിയ
കോർഡിനേറ്റർ
ചിക്കാഗോ പിസിനാക്

ചിക്കാഗോ: നാം പിന്തുടരുന്ന വിശ്വാസപ്രമാണങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുവാനുള്ള ആഹ്വാനത്തോടെ ചിക്കാഗോയിൽ ജൂലൈ 2 മുതൽ 5 വരെ നടന്ന നാല്പതാമത്തെ പിസിനാക് സമ്മേളനം സമാപിച്ചു. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡ, ഇന്ത്യ തുടങ്ങി മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നുമായി പ്രതീക്ഷയോടെ എത്തിച്ചേർന്ന ആയിരക്കണക്കിന് വിശ്വാസികൾക്ക് വചനത്തിന്റെയും ആത്മാവിന്റെയും സമ്മിശ്രമായ അനുഭവങ്ങൾ നൽകിയണ് ചിക്കാഗോ പിസിനാക് കോൺഫറൻസ് സമാപിച്ചത്.

ജൂലൈ 2 വ്യാഴാഴ്ച വൈകിട്ട് ഡോ ടൈറ്റസ് ഈപ്പന്റെ അധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജെയിംസ് വർഗീസ് സങ്കീർത്തന ധ്യാനം നടത്തി. ഡോ സതീഷ് കുമാർ, ഡോ ടിങ്കു തോമസ് എന്നിവർ പ്രസംഗിച്ചു.നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സിപിഎ സ്വാഗതപ്രസംഗം നടത്തി. തലമുറയിൽ നിന്ന് തലമുറയിലേക്ക് എന്ന തീമിനെ ആസ്പദമാക്കിയുള്ള ദൃശ്യാവിഷ്കാരത്തെ തുടർന്ന് ഷെർലി ചിക്കാഗോ രചിച്ച തീം സോങ് സംഗീതസംഘം ആലപിച്ചു. കേരള മുഖ്യമന്ത്രി ശ്രീ വി ഡി സതീശന്റെ ആശംസ സന്ദേശം കുര്യൻ ഫിലിപ്പ് വായിച്ചു. തുടർന്നുള്ള രാത്രികളിൽ പാസ്റ്റർ അനീഷ് കൊല്ലം, ഡോ സാബു വർഗീസ്, പാസ്റ്റർ ജോർജ് പി ചാക്കോ, ഡോ ഷിബു തോമസ് അറ്റ്ലാൻറ്റാ, ഡോ തോംസൺ കെ മാത്യു, പാസ്റ്റർ ജോ തോമസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോൺ തോമസ് പാസ്റ്റർ ജോസഫ് വില്യം എന്നിവർ രാത്രി യോഗങ്ങളിൽ അധ്യക്ഷന്മാരായിരുന്നു. പാസ്റ്റർ ലോട്സൺ ആന്റണിയുടെ നേതൃത്വത്തിലുള്ള ഗായകസംഘം പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകി.

വെള്ളിയാഴ്ച പകൽ നടന്ന ലേ




ഡീസ് മീറ്റിങ്ങിന് സിസ്റ്റർ ജീന വിൽസൺ നേതൃത്വം നൽകി. ഡോ ആനി ജോർജ്, സിസ്റ്റർ ജൂഡി പട്ടാശേരിൽ എന്നിവർ പ്രസംഗിച്ചു. ഡെയ്സി സഞ്ജു ജോൺ സങ്കീർത്തനം വായിച്ചു. ജോയിസ് സ്റ്റീഫൻസൺ അനുഭവസാക്ഷ്യം പറഞ്ഞു.

വെള്ളിയാഴ്ച നടന്ന റൈറ്റേഴ്സ് ഫോറം മീറ്റിംഗിൽ പ്രസിഡന്റ് രാജൻ ആര്യപ്പള്ളി അധ്യക്ഷനായിരുന്നു. റവ ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യ സന്ദേശം നൽകി. റൈറ്റേഴ്സ് ഫോറം അവാർഡ്കൾ അർഹരായവർക്ക് വിതരണം ചെയ്തു. കെ എം ഈപ്പൻ,പാസ്റ്റർ സാംകുട്ടി മത്തായി,സൂസൻ ബി ജോൺ എന്നിവരുടെ വിശിഷ്ട സേവനങ്ങളെ മാനിച്ച് പ്രശംസാ പത്രങ്ങളും ഷാളുകളും നൽകി ആദരിച്ചു.

മറ്റ് സമ്മേളനങ്ങളിൽ പാസ്റ്റർ മാത്യു ഡി ജോർജ്, റവ ഡോ ജോൺസൺ ജോർജ്, ഡോ സജി ഫിലിപ്പ്,ഡോസതീഷ് കുമാർ, പാസ്റ്റർ കോശി വൈദ്യൻ ഡോസണ്ണി ഫിലിപ്പ്, പാസ്റ്റർ ഫിന്നി എബ്രഹാം എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോബി ഡാനിയേൽ പാസ്റ്റർ ജോയ് പുന്നൂസ്, പാസ്റ്റർ എബ്രഹാം ചാക്കോ, പാസ്റ്റർ ജോൺ തോമസ് എന്നിവർ വിവിധ സമ്മേളനങ്ങളിൽ അധ്യക്ഷന്മാരായിരുന്നു.

പാസ്റ്റർ റോയി വാകത്താനത്തിന്റെ അധ്യക്ഷതയിൽ നടന്ന തീം പ്രസന്റേഷൻ സെമിനാറിൽ പാസ്റ്റർമാരായ സേവിയർ ജെയിംസ്, മാത്യു വർഗീസ്, സണ്ണി താഴാംപള്ളം,ജോൺ ടി കുര്യൻ, തോമസ് മാമൻ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. മിഷൻ സെമിനാറിൽ ഡോ സജി ലൂക്കോസ് അധ്യക്ഷനായിരുന്നു പാസ്റ്റർ സജി മാത്യു, പാസ്റ്റർ വൈ യോഹന്നാൻ, പാസ്റ്റർ ബിജു വർഗീസ്, ഡോ ബാബു ജോൺ എന്നിവർ നേതൃത്വം നൽകി.

വിവിധ സെമിനാറുകളിൽ ഡോ സജി ഫിലിപ്പ്, ടൈറ്റസ് മാത്യു, പാസ്റ്റർ ബി ഐ സാമുവൽ, പാസ്റ്റർ സന്തോഷ് തരിയൻ, പാസ്റ്റർ തോമസ് കുര്യൻ, മൈക് മാത്യു, ഡോ ജോർജ് മാത്യു, ഡോ വില്ലി എബ്രഹാം, സിസ്റ്റർ രേണു എബ്രഹാം, ഡോ തോമസ് ഇടികുള, ഡോ സാം ജോർജ്, പ്രസാദ് ജോർജ് സിപിഎ, മൈക്കിൾ മാത്യു, തോമസ് വർഗീസ് സിപിഎ, റോയി മേപ്രാൽ സിപിഎ, ഡെവിൾ ഡാനിയൽ, കെ ഓ ജോസ് സിപിഎ,

ഡോ വിജി മാത്യു, ഡോ സ്റ്റാൻലി ജോൺ, ഡോ ഷോൺ കുരിയൻ, പാസ്റ്റർ ഫിൽസൺ തോമസ്, പാസ്റ്റർ ജെയിംസ് വർഗീസ്, ഡോ തോമസ് ഇടികുള, ഡോ സാം ജോർജ്, ഡോ സാക് വർഗീസ്, ഡോ മാത്യു ടി മാത്യു, പാസ്റ്റർ ജോൺ തോമസ് പാസ്റ്റർ ജോസഫ് കെ ജോസഫ്, സിസ്റ്റർ മിനി ജോൺസൺ, ഡോ തോമസ് കിടങ്ങാലിൽ എന്നിവർ നേതൃത്വം നൽകി.

സ്ത്രീ ശാക്തീകരണ സെമിനാറിൽ ഡോ ജ്യോതി ബെൻ, ഷെൻസി വർഗീസ്, ഡോ സൂസൻ മാത്യു, ഷൈനി ഡാനിയൽ ഡോ ജിൻസി ജോസഫ്, ഡോ ആശ ജോൺ, ഡോ ജോയ്സ് ജോസഫ് എന്നിവർ നേതൃത്വം നൽകി. കാത്തിരിപ്പ് യോഗങ്ങൾക്ക് പാസ്റ്റർ ബാബു കുമ്പഴ, പാസ്റ്റർ ആൻഡ്രൂസ് കെ ജോർജ്, പാസ്റ്റർ സാം പണിക്കർ, പാസ്റ്റർ അനീഷ് കൊല്ലം, പാസ്റ്റർ സാം ചുങ്കത്ത്, പാസ്റ്റർ എബി മാമൻ, പാസ്റ്റർ ജോജി ജോൺ, ഡോക്ടർ അലക്സ് കോശി, ചാക്കോ തോമസ് എന്നിവർ നേതൃത്വം നൽകി.

വെള്ളിയാഴ്ച നടന്ന ജനറൽ

ബോഡി മീറ്റിങ്ങിൽ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, രാജു പൊന്നൊലിൽ, ബിജു തോമസ് എന്നിവർ കഴിഞ്ഞ പിസിനാക് കോൺഫറൻസിന്റെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. പാസ്റ്റർ ജോർജ് മാത്യു പിസി നാക് ഫോക്കസ് ഗ്രൂപ്പിനെ കുറിച്ച് വിശദീകരിച്ചു.








സിസ്റ്റർ അന്നമ്മ നൈനാൻ നേതൃത്വം കൊടുത്ത ഗ്ലോബൽ പ്രയർ മീറ്റിംഗ്, പാസ്റ്റർ പിസി ചാണ്ടി നേതൃത്വം കൊടുത്ത ജമീസൺ സ്കൂൾ ഓഫ് മിനിസ്ട്രി, പാസ്റ്റർ തമ്പി മാത്യു നേതൃത്വം കൊടുത്ത ഓ പി എ ഫാമിലി മീറ്റ്, ബിജോയി ഫിലിപ്പ്, വെസ്ലി മാത്യു എന്നിവർ നേതൃത്വം കൊടുത്ത കോട്ടയം ബിലിവേഴ്സ് മീറ്റ്, പാസ്റ്റർ ടി എസ് കപ്പമാമൂട്ടിൽ നേതൃത്വം കൊടുത്ത കപ്പ മാമൂട്ടിൽ ഫാമിലി മീറ്റ്, ഗ്ലാഡ്സൺ ചെറിയാൻ നേതൃത്വം കൊടുത്ത ആഞ്ഞിലിത്താനം മീറ്റ് തുടങ്ങിയ സൗഹൃദ കൂട്ടായ്മകളും കോൺഫറൻസിൽ ഉണ്ടായിരുന്നു.

നാല്പതാമത് പിസിനാകിനോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവിനിയറിന്റെ കവർ പ്രകാശനം ശനിയാഴ്ച വൈകിട്ട് നടന്നു. പബ്ലിഷർ കുര്യൻ ഫിലിപ്പ് ചീഫ് എഡിറ്റർ പാസ്റ്റർ തോമസ് മുല്ലക്കൽ എന്നിവർ നേതൃത്വം നൽകി പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ കവർ ഏറ്റുവാങ്ങി.

ഞായറാഴ്ച നടന്ന സമാപന സമ്മേളനത്തിൽ പാസ്റ്റർ ജിജു ഉമ്മൻ അധ്യക്ഷനായിരുന്നു. പാസ്റ്റർ പി വി കുരുവിളയുടെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പാസ്റ്റർ ആൽവിൻ ഡേവിഡ് സങ്കീർത്തന ധ്യാനം നടത്തി. പാസ്റ്റർ മാത്യു കെ ഫിലിപ്പ് തിരുവത്താഴ ശുശ്രൂഷയ്ക്ക് ഉള്ള സന്ദേശം നൽകി. പാസ്റ്റർ ജോർജ് കേ സ്റ്റീഫൻസൻ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ പി എസ് മാത്യു പ്രിൻസ് പോൾ ജോൺസൺ ഫിലിപ്പ് എന്നിവർ അദ്ദേഹത്തെ സഹായിച്ചു. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിർത്തിയ നാല്പതോളം ശുശ്രൂഷകന്മാരുടെ സഹകരണത്തോടെ നടന്ന തിരുവത്താഴ ശുശ്രൂഷക്ക് ശേഷം ഡോ വിൽസൺ വർക്കി പാസ്റ്റർ തോമസ് എന്നിവർ പ്രസംഗിച്ചു. നാഷണൽ സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ്, ലേഡീസ് കൺവീനർ ജീന വിൽസൺ, ഇംഗ്ലീഷ് സെഷൻ കൺവീനർ ഡോക്ടർ ജോനാഥൻ ജോർജ് എന്നിവർ വിവിധ സമ്മേളനങ്ങളിൽ നന്ദി അർപ്പിച്ചു.

യുവജനങ്ങൾ ധാരാളമായി പങ്കെടുത്ത ഇംഗ്ലീഷ് സെഷനിൽ പാസ്റ്റർ ജോൺ ബീവിയെർ, ഡോ ജോയൽ മുടമല്ലെ, പാസ്റ്റർ ജയ്സൺ ജെസുദാസൻ എന്നിവർ. മുഖ്യ പ്രാസംഗികരായിരുന്നു. ഡോ ജോനാഥൻ ജോർജ്, വെസ്ലി വർഗീസ്, പാസ്റ്റർ ആൽവിൻ ഉമ്മൻ,പാസ്റ്റർ സാംസൻ സാബു, ഡോ വിൽസൺ എബ്രഹാം തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ടീം അംഗങ്ങൾ പരിപാടികൾ ഏകോപിപ്പിച്ചു.

പാസ്റ്റർ കെ വി എബ്രഹാമിന്റെ ആശിർവാദത്തോടെയാണ് കോൺഫ്രൻസ് സമാപിച്ചത്. കേരളീയ ഭക്ഷണ വിഭവങ്ങൾ കൂടുതലായി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഭക്ഷണക്രമീകരണങ്ങൾ പങ്കെടുത്തവർക്ക് ഇഷ്ടപ്പെട്ടു. പ്രതീക്ഷിച്ചതിൽ കൂടുതലായി ധാരാളം ജനങ്ങൾ എത്തിച്ചേർന്നിരുന്നുവെങ്കിലും പങ്കെടുത്തവർക്കെല്ലാം അനുഗ്രഹവും സംതൃപ്തരും ആയിരുന്നുവെന്ന് മാധ്യമ പ്രവർത്തകർ ഉൾപ്പെടെ പലരും സാക്ഷ്യപ്പെടുത്തി.


#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
For more info: 1-917-662-1122 | info@medialogistics.us